Reg: No M 2639.
T 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം, ൧൯൪൩ അക്ടോബർ ൪-ാംനു | ലക്കം ൨൩
പേജ് ൧൬ | ൧൧൧൯ കന്നി ൧൮-ാംനു തിങ്കളാഴ്ച | ഒററപ്രതി ൨ അണ.

## ഏഷ്യയുടെ ഭാവി

(വി. കെ. സുകുമാരൻനായർ എം. ഏ.)

അടുത്തുതന്നെ സമ്മേളിക്കുവാൻ പോകുന്ന ഏഷ്യാററിക്ക് രാജ്യങ്ങളുടെ കാൺഫറൻസ് ലോകചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ കുറിക്കുന്നു. ഇതുവരെ പാരതന്ത്ര്യത്തിൽ മുങ്ങിക്കിടന്നിരുന്നഏഷ്യ ഇന്നു ഉണൎന്നു എഴുന്നേററു ചുററുപാടുകളെ വീക്ഷിച്ചുവരുന്നു. ഈ സമ്മേളനം വിളിച്ചുകൂട്ടുന്നതു് ഇന്ത്യയാണു് എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമായ ഒരു സംഗതിയാണു്. എന്തെന്നാൽ ഭാരതത്തിൻെറ സ്വാതന്ത്ര്യം ഏഷ്യയുടെ മുഴുവൻ സ്വാതന്ത്ര്യത്തിലേക്കു് നയിക്കുന്ന ആദ്യത്തെ പടിയാണു്. ഇടക്കാലഗവമ്മെൻറിൻെറ അദ്ധ്യക്ഷനായ പണ്ഡിതജവഹർലാൽനെഹ്റു ഈ സമ്മേളനത്തിൻെറ സ്ഥാനവാഹികളിൽ ഒരാളാണു്. ബമ്മീസ്സുജനതയുടെ നേതാവായ ആംഗ്സാൻ സമ്മേളനത്തിൽ സംബന്ധിക്കുവാനുള്ള തൻെറ ഉദ്ദേശത്തെ വ്യക്തമാക്കിയിരിക്കുന്നു സമ്മേളനത്തിനു് ക്ഷണിക്കപ്പെട്ടുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ സോവ്യററു് റിപ്പബ്ളിക്കുകൾ ഉൾപ്പെട്ടുന്നു എന്നുള്ളതു് വളരെ പ്രാധാന്യം അർഹിക്കുന്നു.

ഏഷ്യാററിക്കു്രാജ്യങ്ങൾതമ്മിൽ രാഷ്ട്രീയമായും സാംസ്കാരികമായും സാമ്പത്തികമായും വളരെ ബന്ധങ്ങൾ ഉണ്ടു്. ഏഷ്യാററിക്ക്റഷ്യ ഒഴിച്ചു മററു രാജ്യങ്ങളെല്ലാം വിദേശശക്തികൾക്കെതിരായ സമരത്തിൽ,മുഴുകിയിരിക്കയാണു്. ഏഷ്യ ഒരു വലിയ കർഷകരാജ്യമാണു്. ജപ്പാൻഒഴിച്ചു് മററു ഒരു രാജ്യത്തിലും വ്യവസായങ്ങൾ വികസിച്ചിട്ടില്ല. യുദ്ധാവസാനത്തോടുകൂടി ജപ്പാനിലെ വ്യവസായങ്ങൾ മുഴുവൻ തകൎന്നു അവിടുത്തെ ആളുകൾ പട്ടിണിയുടെ വക്കിലായി തീൎന്നിരിക്കുന്നു. ലോകത്തിലെ ഏററവും ദരിദ്രരും അജ്ഞരും ആയ ജനങ്ങൾ ഏഷ്യയിലാണു് എന്നുള്ളതാണു് വേറൊരു സാമ്യം.

ഏഷ്യാററിക്കു്രാജ്യങ്ങൾതമ്മിൽ വളരെ ബന്ധങ്ങൾ ഉണ്ടെങ്കിലും അയൽരാജ്യങ്ങൾതമ്മിൽ വലിയ അടുപ്പംഒന്നും ഇല്ലാതെയാണു് കഴിഞ്ഞുവരുന്നതു്. ഒരു ഇന്ത്യാക്കാരനു് ഇംഗ്ലണ്ടിനെപ്പററിയും അമേരിക്കയെപ്പററിയും സാമാന്യമായ അറിവുണ്ടു്. എന്നാൽ ചൈനയിൽ എന്തു നടക്കുന്നു എന്നുള്ളതു് അയാൾക്കു് നിശ്ചയമില്ല. ഒമ്പതുകോടിമുസ്ലിംങ്ങൾ അധിവസിക്കുന്ന രാജ്യമാണു് ഇന്ത്യ. എങ്കിലും ഇസ്ലാമികരാജ്യങ്ങളെപ്പററി ഭീകരമായ അജ്ഞതയിലാണു് മിക്ക ഇന്ത്യാക്കാരും ജീവിക്കുന്നതു്. ഇതു നമ്മുടെ ആളുകളുടെ കുററമല്ല, ഇന്ത്യയിലെ വിദ്യാഭ്യാസരീതിയുടെ ദൂഷ്യമാണു് ഇതിനു കാരണം. സ്ക്കൂളുകളിലും കാളേജിലും ലോകചരിത്രം ഒരു പഠനവിഷയമല്ല ഒരു ഹൈസ്ക്കൂൾവിദ്യാൎത്ഥി ഇന്ത്യൻചരിത്രവും ബ്രിട്ടീഷ്ചരിത്രവും പഠിക്കുന്നു. മററുരാജ്യങ്ങളെക്കുറിച്ചു് അവൻ യാതൊരു അറിവും സമ്പാദിക്കുന്നില്ല. കാളേജിൽ പോയാൽ യൂറോപ്യൻചരിത്രവുംകൂടെ പഠിച്ചു എന്നു വരാം. ചൈനീസ്സംസ്കാരത്തെക്കുറിച്ചോ ഇസ്ലാമികസംസ്കാരത്തെപ്പററിയോ ഒന്നും പഠിക്കുന്നില്ല. ജപ്പാൻെറ അധഃപതനത്തോടുകൂടി ഇന്ത്യ ഏഷ്യയിലെ ഏററവും വ്യാവസായികമായി വികസിച്ച രാജ്യമായി തീൎന്നിരിക്കുന്നു. ഇന്ത്യയിലെ ഉല്പന്നങ്ങൾക്കുള്ള മാൎക്കററു് ഏഷ്യയാണു്. ജപ്പാനുമായി മത്സരം സമീപകാലത്തു് പ്രതീക്ഷിക്കേണ്ടിവരുകയില്ല. എന്നാൽ അമേരിക്കയുമായി ഇന്ത്യ ഒരു വലിയ വാണിജ്യമത്സരത്തിൽ ഏൎപ്പെടേണ്ടിവരും. വ്യാവസായികമായി വളരെ സാദ്ധ്യതകൾ ഉള്ള ഒരു രാജ്യമാണു്ചൈന. ഇന്നത്തെ ആഭ്യന്തരകലഹം തുടൎന്നുകൊണ്ടിരിക്കുന്നിടത്തോളംകാലം ചൈനയുടെസാമ്പത്തികസ്ഥിതിഅഭിവൃദ്ധിപ്പെടുകയില്ല. എന്നാൽ ഇന്നത്തെവിഷമതകൾഅവസാനിക്കുന്നതോടുകൂടിചൈന ലോകത്തിലെഒന്നാംകിടയിലുള്ളഒരുരാജ്യമായിത്തീരുന്നതാണു്.അതുകൊണ്ടു്ഇന്ത്യയ്ക്കു്ചൈനയുമായിഒരു വലിയ സാമ്പത്തികമത്സരത്തിൽഏൎപ്പെടേണ്ടിവരും.

ഇന്നു് ഏഷ്യയിലെ രാജ്യങ്ങളെ അഞ്ചു വിഭാഗമായി തിരിക്കാവുന്നതാണു്. ഈ വിഭാഗങ്ങൾ ഇന്ത്യ, മദ്ധ്യപൂൎവ്വേഷ്യ, ചൈന, സോവ്യയററ്ഏഷ്യ, തെക്കുകിഴക്കേഏഷ്യ എന്നിവയാകുന്നു. വിദേശരാജ്യങ്ങളുടെ ഏതെങ്കിലുംവിധത്തിലുള്ള ആധിപത്യത്തിലാണു് ഈ അഞ്ചു വിഭാഗങ്ങൾ കഴിയുന്നതു്. ഈ ആധിപത്യത്തെ അവസാനിപ്പിക്കാനുള്ള മാൎഗ്ഗങ്ങളെപ്പററി ആലോചിക്കയാണു് ഏഷ്യാററിക്ക് കാൺഫറൻസിൻെറ പ്രധാനകൎത്തവ്യം. ഏഷ്യാററിക്കു്രാജ്യങ്ങളുടെ ഒരു ഫെഡറേഷൻ സ്ഥാപിക്കുകയാണു് വിദേശാധിപത്യത്തെ അവസാനിപ്പിക്കാനുള്ള ഒരു മാൎഗ്ഗം. എന്നാൽ വിദേശശക്തികളായ സോവിയററുറഷ്യ, അമേരിക്ക, ബ്രിട്ടൻ ഫ്റാൻസ്, ഹാളണ്ടു് എന്നീ ശക്തികൾ ഇപ്രകാരം ഒരു ഫെഡറേഷൻ ആവിർഭവിക്കുന്നതിനെ ശക്തിയായി എതിൎക്കും എന്നുള്ളതിനു് സംശയമില്ല. സോവ്യററുറഷ്യ ഏഷ്യയെ മുഴുവൻ അവരുടെ കീഴിൽ ആക്കുവാൻ ആഗ്രഹിക്കുന്നു. അമേരിക്കയും ബ്രിട്ടനും ഏഷ്യയിലെ സാമ്പത്തികവിഭവങ്ങളുടെ ചൂഷണം തുടരുവാനും ആഗ്രഹിക്കുന്നു. എന്നാൽ ഏഷ്യയിലെജനങ്ങൾ ഉണൎന്നു പ്രവൎത്തിക്കുന്നപക്ഷം ഈ എതിൎപ്പു് നിസ്സാരമായി പരിണമിക്കുന്നതാണു്.

## നാട്ടുരാജ്യങ്ങൾ

(ടി. രാമനുണ്ണിനായർ ചാവക്കാട്ട്)

ഇന്ത്യയുടെ ഭരണഘടനയിൽ അടുത്തഭാവിയിൽ പല പരിവൎത്തനങ്ങളും ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല, ഇടക്കാല മന്ത്രിസഭയും, അതിനെത്തുടൎന്നു ജനപ്രതിനിധിസഭയും രൂപീകരിക്കുവാനുള്ള സർവ്വശ്രമങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കയാണു്. പുതിയ ഭരണക്രമത്തിൽ സ്വമനസ്സാലെയോ, അല്ലാതെയോ നാട്ടുരാജ്യങ്ങൾക്കും പങ്കുകൊള്ളാതിരിക്കുവാൻ സാധിക്കുകയില്ല. ഈ ഘട്ടത്തിൽ നാട്ടുരാജ്യചരിത്രത്തിലേക്കു് ഒന്നു കണ്ണോടിക്കുന്നതു ഏററവും ഉപകാരപ്രദമായിരിക്കുമെല്ലോ.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾ:—ഇന്ത്യയിൽ എസ്റ്റേററുകൾ ഉൾപ്പെടെ ആകെ 601-നാട്ടുരാജ്യങ്ങളാണുള്ളതു്. ഇവകളുടെ ആകെ വിസ്തീൎണ്ണം 7,12,508 ചതുരശ്രനാഴികയും ഇന്ത്യാരാജ്യത്തിൻെറ വിസ്തീൎണ്ണം 10,06,171-ചതുരശ്രനാഴികയുമാകുന്നു. അതായതു് ഇന്ത്യയുടെ ആകെയുള്ള വിസ്തീൎണ്ണത്തിൽ അഞ്ചിൽ രണ്ടു് ($\frac{2}{5}$) ഭാഗം നാട്ടുരാജ്യങ്ങളാകുന്നു.

1931 ലെ കാനേഷുമാരി കണക്കുപ്രകാരം നാട്ടുരാജ്യങ്ങളിലെ ജനസംഖ്യ 8,13,10,845-ഉം ഇന്ത്യയിൽ 27,15,26,933-ഉം ആകുന്നു.

വലിയതും ചെറിയതുമായി ഈ നാട്ടുരാജ്യങ്ങളിൽ പലതുമുണ്ടു്. ഹൈദരാബാദു് ഏററവും വലിയതും, പിൽബാറി ഏററവും ചെറിയതുമാകുന്നു. ഹൈദരബാദിലെ ജനസംഖ്യ 140-ലക്ഷവും വർഷവരുമാനം സുമാർ $8\frac{1}{2}$-കോടി ഉറപ്പികയും, പിൽബാറിയിലെ ജനസംഖ്യ 27-പേരും വർഷവരുമാനം 80-കയും ആകുന്നു.

മുൻപറഞ്ഞ 601-നാട്ടുരാജ്യങ്ങളിൽ 283-എണ്ണം കത്തിയവാർപകുതിയിൽ ഉൾപ്പെട്ടവകളാകുന്നു. ഈ

(ശേഷം 16-ാം പേജിൽ)

മലയാളരാജ്യം

**തിരുനാൾ**

**വിശേഷാൽപ്രതി**

തിരുനാൾവാരത്തിൽ പ്രസിദ്ധപ്പെടുത്തുന്നു.

ഉപന്യാസങ്ങൾ, കവിതകൾ, ചെറുകഥകൾ, ഏകാങ്കനാടകങ്ങൾ ഇവയുടെ സമവായീകരണം. ത്രിവൎണ്ണമുഖചിത്രംകൊണ്ടു് അലംകൃതമായ ഈ പ്രസിദ്ധീകരണം മനോഹരങ്ങളായ മററു ഛായാപടങ്ങളുടെയും കേന്ദ്രീകരണമായിരിക്കും.

വിശേഷാൽപ്രതിയിൽ പരസ്യംചെയ്യുവിൻ

| | | | | | |
|---|---|---|---|---|---|
| ഒററപ്രതിക്കു വില | | രു. | 1 | ണ. | 0 |
| അഞ്ചലിൽ | ,, | രു. | 1 | ണ. | 2 |
| തപാലിൽ | ,, | രു. | 1 | ണ. | 4 |

ആവശ്യക്കാർ മുൻപേർ പണമടച്ചു കാപ്പികൾ ബുക്കുചെയ്യുക.

മാനേജർ.

ചെറുകഥ

# തിരുമാനം

ടി. എൻ. കരുണാകരൻനായർ

പെണ്ണുകാണാൻപോകുക വിവാഹത്തിനുമുമ്പുള്ള ഒരു ചടങ്ങാണ്. വളരെക്കാലം ഞാനതിൽനിന്നും ഒഴിഞ്ഞുനിന്നു. ഒടുവിൽ എനിക്കും അതു വേണ്ടിവന്നു.

ഏതു വേഷത്തിലായിരിക്കണം പെണ്ണുകാണാൻപോകുക. ആ പ്രശ്നം, നിസ്സാരമെങ്കിലും, എന്നെ കുറച്ചു കുഴക്കി. വേഷവും ആകൃതിയുമാണ് പഠിപ്പും പരിഷ്കാരവുമുള്ള പെണ്ണുങ്ങളുടെ കണ്ണിൽ പോലും പൊടിയിടുന്ന മിരട്ടുവിദ്യകൾ. പ്രാകൃതവേഷത്തിൽ ചെന്നാൽ ഒരുപക്ഷെ 'കുസുമ'ത്തിനു എന്നെ കണ്ണിൽ പിടിച്ചില്ലെന്നുവരാം. അതൊരു വലിയ കുഴപ്പിലായിരിക്കും. കൂട്ടുകാർ അറിഞ്ഞാൽ കളിയാക്കും. അതിനു ഇടയാക്കരുതെന്നു ഞാനുറച്ചു.

ഞാനാലോചിച്ചു തനി സായ്വിന്റെ വേഷമായാലെന്തെന്ന്? ഛെ; അതു വേണ്ട. ഒരു നാട്ടിൻപുറത്തേയ്ക്കല്ലേ പോകുന്നത്. ആ വേഷം അവിടെ ഒരത്ഭുതസംഭവമായിരിക്കും. ആയിരമായിരം കണ്ണുകളോട് മല്ലിടേണ്ടിവരും. കുസൃതിക്കുട്ടികൾ പുറകെ കൂട്ടംകൂടി ഘോഷയാത്രയുടെ രൂപംകൊടുത്തേക്കാം. കുരുത്തംകെട്ട 'കുരുമാടിക്കുട്ടന്മാർ' കൂക്കിവിളിച്ചു കളിയാക്കിയെന്നുംവരാം. പ്രായംചെന്നവർ മുഖംതിരിഞ്ഞുനിന്നു ചിരിച്ചേക്കും. റോഡുനീളെ പ്രസംഗിച്ചുനടക്കുന്ന ഏതോ ഒരു പൽപ്പൊടിവില്പനക്കാരനാണെന്നു പറഞ്ഞു നാട്ടിൻപുറത്തെ 'അരച്ചട്ടമിമാർ' പുച്ഛിക്കുകയുംചെയ്യും.

എന്തിനു വേണ്ടാത്ത വയ്യാവേലിക്കു പോകുന്നു. അടുത്തക്ഷണത്തിൽ ഞാൻ നിശ്ചയിച്ചു തനിനാടൻവേഷം മതിയെന്ന്. അതിനൊരു പ്രത്യേകതയുണ്ട്. ആകർഷണീയതയുണ്ട്.

ഒരുകരയൻമുണ്ട്, ജൂബാ, ഷാൾ എല്ലാം ഖദർ. ദേശീയത്വത്തിന്റെ മഹനീയതയും മനോഹാരിതയും. വിശേഷിച്ചും ഒരുകലാകാരനെന്നനിലയിൽ ഞാനതിൽ അഭിമാനം കൊണ്ടു.

മറ്റൊരു പ്രശ്നം പെട്ടെന്നു എന്റെ മുമ്പിൽ ഉതിർന്നുവീണു. ഒറ്റയ്ക്കെങ്ങിനെ പോകും? പരിചയമില്ലാത്ത നാട്ടിൽ; അതും പെണ്ണുകാണാൻ. എന്നിലുറങ്ങിക്കിടന്നിരുന്ന നാണം ഉണർന്നു മെല്ലെ തലപൊക്കി. ആരെങ്കിലും കൂട്ടിനു കൂടിയേ കഴിയൂ. ഭാഗ്യമെന്നേ പറയേണ്ടൂ. എന്റെ സ്നേഹിതൻ മേനവൻ അതിനു സന്നദ്ധനായി. അയാൾ എന്നെ അനുഗമിക്കാമെന്നു സമ്മതിച്ചു. വിവാഹത്തിനുള്ള ഏതൊരെളിയ സഹായവും, സാമൂഹ്യസേവനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതല്ലോ?

പിറേറദിവസം വെളുപ്പിനു നാലരയ്ക്കുള്ള ആദ്യബസ്സിൽ യാത്രചെയ്യാൻ വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്തു. വാല്യക്കാരൻ തലേദിവസംരാത്രിതന്നെ തക്ക നിർദ്ദേശങ്ങൾ നൽകി. വെള്ളംചൂടാക്കുക, കാപ്പി തയ്യാറാക്കുക എന്നിത്യാദി കാര്യങ്ങളിൽ. ബസ്സിൽ രണ്ടു സീററു നേരത്തേ റിസർവ്ചെയ്തു. നാലുമണിക്കു അലാറം കിട്ടാൻ സൂചി ശരിപ്പെടുത്തിയശേഷം ടൈംപീസു കിടക്കയുടെ അടുത്തുള്ള വട്ടമേശമേൽ വച്ചു.

പിറേറദിവസത്തെ ബസ്സ്‌യാത്രയിലുണ്ടാകാവുന്ന ക്ലേശവും, ക്ഷീണവുമോർത്തു രാത്രിയിൽ സുഖമായുറങ്ങണമെന്നുകരുതി പതിവിൽ നേരത്തേ കിടക്കയിൽ സ്ഥലംപിടിച്ചു.

നിദ്രയും ഞാനുംതമ്മിൽ അന്നുരാത്രി [illegible]. ഞാൻ തിരിഞ്ഞും മറിഞ്ഞും, കമഴ്ന്നും മലർന്നും കിടന്നുനോക്കി. ഉറങ്ങണമെന്നു വാശിപിടിച്ചു കണ്ണുകൾ മുറുകെ അടച്ചുകിടന്നു. എന്നിട്ടും രക്ഷയില്ല. ചിന്തകളാകുന്ന ചിത്രശലഭങ്ങൾ ഹൃദയാരാമത്തിൽ പാടിപ്പറന്നുകൊണ്ടിരുന്നു.

എന്റെ ഭാവിഭാര്യ എങ്ങിനെയുള്ളവളായിരിക്കണം. അതായിരുന്നു എന്റെ മനോവേദിയിൽ നൃത്തമാടിനിന്ന സ്വപ്നചിന്ത.

അവൾ തീർച്ചയായും ഒരു സുന്ദരിയായിരിക്കണം. എന്നേപ്പോലുള്ള ഒരു സൌന്ദര്യാരാധകന് വൈരൂപ്യവുമായിട്ടെന്തു ബന്ധം. അവൾ കലാരസികയായിരിക്കണം. അല്ലെങ്കിൽ ഒരു കലാകാരന്റെ ഭാര്യാപദത്തിനു അവൾക്കു അർഹതയില്ല. അവൾ എന്റെ കലാസൃഷ്ടിക്കു എന്നെന്നും പ്രചോദനം നൽകുന്ന വററാത്ത ഒരു നീരുറവായിരിക്കണം; മായാത്ത മന്ദഹാസമായിരിക്കണം; പുതുമ നശിക്കാത്ത പൂനിലാവായിരിക്കണം.

നിദ്രയോടു മല്ലിട്ടു ഞാൻ തോററു. കിടക്കയിൽനിന്നും മെല്ലെ എഴുന്നേററു ജനാലക്കമ്പികളിൽ പിടിച്ചു വിദൂരതയിലേക്കു കണ്ണോടിച്ചു.

നീലാകാശത്തിൽ ചന്ദ്രനാകുന്ന പാൽക്കുടം കമഴ്ന്നുകിടക്കുന്നു. അതിൽനിന്നും പാൽ പാരിലേക്കു ഒഴുകുകയാണ്. തെറിച്ചുവീണ പാൽത്തുള്ളികൾപോലെ നക്ഷത്രങ്ങൾ അങ്ങുമിങ്ങും മിന്നിത്തിളങ്ങുന്നു,

അസൂയാർഹമായ പ്രപഞ്ചസൌന്ദര്യമാസ്വദിച്ചു എന്റെ നയനങ്ങൾ സ്വയം കൂമ്പിപ്പോയി. മനസ്സ് മധുരപ്രതീക്ഷകളുടെ മലർവാടിയായി മാറി.

* * * * *

ബസ്സ് അവിടെനിന്നും ഞങ്ങൾ താഴെയിറങ്ങി. അപരിചിതമായ ആ നാട്ടിൻപുറം ഞങ്ങളെ തുറിച്ചുനോക്കുന്നതുപോലെ തോന്നി. മംഗലശ്ശേരിയിലേക്കുപോകേണ്ട വഴിയും നല്ല നിശ്ചയമില്ല. വണ്ടി നിരന്നതിനു ഒട്ടകലെ രണ്ടു ചെറുപ്പക്കാർ സംസാരിച്ചുകൊണ്ടു നില്ക്കുന്നതു ഞങ്ങൾ കണ്ടു. അവരോടുചോദിച്ചു വഴി മനസ്സിലാക്കി. അവർക്കു നന്ദിപറഞ്ഞു ഞങ്ങൾ മുന്നോട്ടു നീങ്ങി.

“മംഗലശ്ശേരിലെ ചരക്കിനെ കാണാൻവന്നിരിക്കുന്ന കല്യാണാലോചനക്കാരായിരിക്കും” അവരുടെ അഭിപ്രായം പുറകിൽനിന്നും ഓടിയെത്തിയ ഒരിളംകാററു ഞങ്ങളുടെ ചെവിയിലെത്തിച്ചു, ‘ചരക്കെ’ന്ന ഗൂഢാർത്ഥപ്രയോഗംകേട്ടു ഞങ്ങൾ പരസ്പരം ചിരിച്ചു.

നവോഢയുടെ നാണംപോലെ ഇരുവശങ്ങളിൽനിന്നും എത്തിനോക്കുന്ന നിഴലുകളിൽ ഇളംവെയിൽ പിച്ചവെച്ചു കളിക്കുന്നതുകണ്ടു രസിച്ചു ഞങ്ങൾ ആ ചെറുപാത കടന്നു ഒരു വയലിന്റെ വരമ്പിലേക്കിറങ്ങി. നീണ്ടുനിവർന്നുകിടക്കുന്ന ആ പാടംകടന്നുവേണം മംഗലശ്ശേരിലെത്തുവാൻ. ശബ്ദബഹുലമായ പട്ടണത്തിൽ ജീവിക്കുന്ന ഞങ്ങളിൽ ആ നാട്ടുമ്പുറത്താകമാനം നിറഞ്ഞുനിന്ന നിശ്ശബ്ദത അത്ഭുതവും അസൂയയും ഉളവാക്കി. വയലുട്ടത്തിരുന്ന പച്ചപ്പട്ടിൽ ഉദയാർക്കൻ തങ്കക്കസവു തുന്നിപ്പിടിപ്പിക്കുകയാണ്. ‘കിഴക്കേ വാരോ! കിഴക്കേ വാരോ’ ഒരുതരം കൊച്ചുകിളികൾ വയലിൽ പറന്നുപാടിക്കൊണ്ടു ഞങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകി.

ആ വയലിന്റെ ഇടതുവശത്ത് ഒട്ടകലെയായി കുടപിടിച്ചുപോലെ ഒരു കൊച്ചുകുന്ന്; അതിനെ കെട്ടിപ്പിടിച്ചു ഒഴുകുന്ന ഒരു ചെറിയപുഴ; ചില്ലകളിളക്കി വയലിനുചാരം പൂക്കളാൽ ചിരിച്ചുനില്ക്കുന്ന നിരവധി മരങ്ങൾ; അവിടം ഞങ്ങളുടെ കണ്ണുകൾക്കൊരുത്സവം നൽകി.

ആ സൌന്ദര്യം നുകർന്നു നുകർന്നു ഞങ്ങൾ മംഗലശ്ശേരിലെ പടിക്കലെത്തി. മുററത്തെ പ്ലാവിൻകൊമ്പിലിരുന്ന ഒരു കിളി ‘ചക്കരക്കുട്ടി കുറു! കുറു! കുറു!’ എന്നു ഞങ്ങൾക്കു സ്വാഗതമരുളി.

പല്ലുപൊഴിഞ്ഞ വായിൽനിന്നും ഉതിർന്നുവീണ ഒരു ചിരിയോടുകൂടിയാണ് കുസുമത്തിന്റെ അച്ഛൻ ഞങ്ങളെ സ്വീകരിച്ചിരുത്തിയതു്. കണ്ടമാത്രയിൽതന്നെ ആ വൃദ്ധനോട് എനിക്കു ഒരു ബഹുമാനം തോന്നി. കാരണം വിശേഷിച്ചൊന്നുമില്ല. തികഞ്ഞ കാര്യഗൌരവവും തറവാടിത്തവും ഉള്ളവനാണെന്നു അയാളുടെ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു. വെള്ളിപോലെ നരച്ച രോമങ്ങൾ ഇടതിങ്ങിയ അയാളുടെ വിരിഞ്ഞ മാർവിടം കണ്ടാൽ ഒരു തങ്കത്തകിടിൽ നേർത്ത മുല്ലമൊട്ടുകൾ നിരത്തിവച്ചിരിക്കയാണെന്നു തോന്നും. അത്രയ്ക്കാകർഷണീയത അതിനുണ്ട്.

സംഭാഷണത്തിലേർപ്പെട്ടപ്പോളാണറിയുക വൃദ്ധൻ ഒരസാമാന്യപണ്ഡിതനും, ലോകകാര്യങ്ങൾ ശരിയ്ക്കറിയുന്നവനുമാണെന്ന്. ആററംബോംബുമുതൽ അടയ്ക്കായുടെ വിലവരെ അയാളുടെ അറിവിൽ പെട്ടിട്ടുണ്ട്.

സംഭാഷണമദ്ധ്യേ ഞാനെന്റെ കണ്ണുകൾ കൂടക്കൂടെ വീട്ടിനകത്തേയ്ക്കു വലിച്ചുവിട്ടുകൊണ്ടിരുന്നു. എന്റെ ഭാവിഭാഗ്യദേവത അവിടെങ്ങാനുംനിന്ന് എന്നെ ഒളിഞ്ഞുനോക്കുന്നുണ്ടോ എന്നറിവാൻ. കണ്ണുകൾ നിരാശരായി പിൻമടങ്ങി. അവിടെങ്ങും ആരെയും കണ്ടില്ല. എന്റെ കണ്ണുകളുടെ പരക്കംപാച്ചിൽ കണ്ടപ്പോൾ വൃദ്ധനു കാര്യംമനസ്സിലായി. അയാൾ മകളെ വിളിച്ചു കാപ്പികൊണ്ടുവരാൻ പറഞ്ഞു.

കുസുമം അകത്തുനിന്നും വിളികേട്ടു. മണിനാദംപോലെ മധുരമായിരുന്നു അവളുടെ വിളികേൾക്കൽ. അഞ്ചാറുനിമിഷങ്ങൾ അങ്ങനെ പറന്നുപോയി. ഒരു പുലരിത്താരംപോലെ അവൾ ഉമ്മറത്തേയ്ക്കു കടന്നുവന്നു കയ്യിൽ കാപ്പിപാത്രവുമായി. സ്വതസിദ്ധമായ നാണം ഊരത്തെറിഞ്ഞു, അവളിൽ പാദാദികേശം ഞാൻ കണ്ണോടിച്ചു. ബുദ്ധിമാനായ വൃദ്ധൻ തത്സമയം ഉമ്മറത്തുണ്ടായിരുന്ന ഒരു “ടീപോയ്” വലിച്ചു ഞങ്ങളുടെ അരികിലിടുന്നതിൽ വ്യാപൃതനായിരുന്നു.

അവളൊരു ദേവകന്യകയാണെന്ന് എന്റെ കണ്ണുകൾ സമ്മതിച്ചു. സൌന്ദര്യത്തിൽ കടഞ്ഞെടുത്ത ഒരു വിഗ്രഹം. സൂര്യകാന്തിപ്പൂപോലെ മനോഹരമാണ് അവളുടെ മുഖം. ഒരു മായാത്ത മന്ദഹാസത്താൽ മനോജ്ഞമാണ് അവളുടെ തുടുത്തുരുണ്ട ചുവന്ന ചുണ്ടുകൾ.

കാപ്പിപ്പാത്രം ‘ടീപോയി’യുടെ മേൽ വച്ചശേഷം അവൾ ഒരു ഹംസിയുടെ മനോഹാരിതയോടെ മടങ്ങിപ്പോയി.

‘കാപ്പികുടിക്ക’ ആനന്ദാത്മകമായസൌന്ദര്യാസ്വാദനസമാധിയിൽനിന്നും വൃദ്ധന്റെ വാക്കുകൾ എന്നെ തട്ടിഉണർത്തി.

‘അവൾ ഇൻറർമീഡിയററുവരെ പഠിച്ചിട്ടുണ്ട്. പെണ്ണുങ്ങളെന്തിനത്രയധികം പഠിക്കുന്നു. ജോലിക്കൊന്നും പോകേണ്ട ആവശ്യവുമില്ല. എന്റെ നിർബന്ധംകൊണ്ട് കാളേജുപഠിത്തം നിർത്തി. പാട്ടും തയ്യലും വീട്ടിലിരുന്നു കാച്ചനാൾ പഠിച്ചു അതെല്ലാം വീട്ടാവശ്യത്തിലേക്കു മാത്രം.”

ഞങ്ങൾ കാപ്പികുടിച്ചുതീരുന്നതിനുമുമ്പു വൃദ്ധൻ ഈ വിവരങ്ങളെല്ലാം ഞങ്ങളോടു പറഞ്ഞു.

ഉച്ചയ്ക്കു ഊണിനുശേഷവും വീണ്ടും നാട്ടുവാർത്തകൾ പറഞ്ഞു ഞങ്ങൾ കൂട്ടംകൂടി. സായാഹ്നമായപ്പോൾ അവിടെനിന്നും മടങ്ങി. വീട്ടിൽ ചെന്നാലുടൻ അച്ഛനമ്മയാലോചിച്ചു വിവരങ്ങൾക്കെല്ലാം കത്തിടാമെന്നു പറഞ്ഞു തൊഴുകയ്യോടെ വൃദ്ധനോടു യാത്രചോദിച്ചു. നിഷ്കളങ്കമായ ഒരു ചിരിയോടുകൂടി ഞങ്ങളെ അദ്ദേഹം യാത്രയാക്കി. ഒട്ടും കാലതാമസം കൂടാതെ കല്യാണം നടത്തണമെന്നു മനസ്സിൽ ഉറച്ചുകൊണ്ടാണ് ഞാൻ മംഗലശേരിവിട്ടിറങ്ങിയതു്.

* * *

ഞങ്ങൾ സന്തോഷപൂർവ്വം മടങ്ങിയെത്തി. അടുത്തഭാവിയിൽ സമാഗതമാകാൻപോകുന്ന ഭാഗ്യോദയത്തിൽഎന്റെ സ്നേഹിതൻ എന്നെ മുൻകൂട്ടി അനുമോദിച്ചു. വിവാഹഘോഷങ്ങളുടെചടങ്ങുകളെന്തെല്ലാമായിരിക്കണമെന്നുള്ള ആലോചനയിൽ ഞാനും മുഴുകി.

‘കല്യാണം പൊടിപൊടിച്ചു നടത്തണം. എന്റെ സന്തോഷസൂചകമായി വിവാഹവേദിയിൽവച്ചുതന്നെ അവൾക്കൊരു സ്വർണ്ണമാലയിടണം. അതു് പത്തുപവൻതൂക്കത്തിൽ ഒട്ടും കുറയരുതു്. അവളുടെ സഖികൾ അതിശയിക്കണം. അസൂയപ്പെടണം. വിവാഹംകഴിഞ്ഞാലുടൻ ഞങ്ങളുടെ ഫോട്ടോയെടുത്തു് പത്രങ്ങൾക്കു കൊടുക്കണം. എന്റെ സ്നേഹിതന്മാർക്കെല്ലാം വമ്പിച്ച ഒരു വിരുന്നു നൽകണം. ‘കലാകാരന്റെ കല്യാണം’ എന്നൊരു കഥയുമെഴുതി പ്രസിദ്ധപ്പെടുത്തണം.’

ഏവംവിധമധുരചിന്തകളാൽ മനസ്സിനു ചായംപുരട്ടിക്കൊണ്ടു രണ്ടുദിവസം ഞാൻ വളരെ ഉല്ലാസമായി കഴിച്ചു.

അന്നു സായാഹ്നസവാരിയുംകഴിഞ്ഞു വീട്ടിൽ വന്നപ്പോൾ വാല്യക്കാരൻ അഞ്ചലിൽവന്ന എഴുത്തുകളെല്ലാം മേശപ്പുറത്തു അടുക്കിവച്ചിരുന്നു. അക്കൂട്ടത്തിൽ അപരിചിതമായ കയ്യക്ഷരത്തിൽ ഒരു ലക്കോട്ടുണ്ടായിരുന്നു. അതു് എന്റെ ശ്രദ്ധയിൽപ്പെട്ടു. ഞാൻ അതു് ആദ്യമായി തുറന്നുനോക്കി.

.........

.........

‘മാന്യസുഹൃത്തെ,

ഞാൻ അങ്ങയുടെ ഒരാരാധികയാണ്. കലാപരമായ നിലയിൽമാത്രം. അങ്ങയുടെ തൂലികാവിലാസത്തിൽ എനിക്കു സന്തോഷമുണ്ട്; ബഹുമാനമുണ്ട്.

അങ്ങ് വിവാഹാലോചനയുമായി എന്റെ വീട്ടിൽ വന്നിരുന്നല്ലോ? എനിക്കതിൽ തെല്ലും പരിഭവമില്ല. പ്രായംചെന്നപെൺകുട്ടികളുള്ള ഏതൊരു ഭവനങ്ങളിലും നടക്കുന്ന ഒരു സാധാരണസംഭവം. ഒരു സാമൂഹ്യസമ്പ്രദായം.

പക്ഷെ, എനിക്ക് അങ്ങയോട് ഒരപേക്ഷയുണ്ട്.

പരിപാവനമായ പ്രേമത്തിന്റെ മൂല്യവശങ്ങളെക്കുറിച്ച് ഒരു കലാകാരനായ അങ്ങയോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അങ്ങ് ഈയിടെ എഴുതിയ പ്രേമകഥയ്ക്കു് എന്റെ ആത്മരഹസ്യവുമായി വളരെ താദാത്മ്യമുണ്ട്.

എന്റെ ഹൃദയം മറ്റൊരുയുവാവിൽ വളരെമുമ്പുതന്നെ ഞാൻ അർപ്പിച്ചുകഴിഞ്ഞതാണ്. ആ പ്രേമാർപ്പണം അചഞ്ചലമാണ്; അനവദ്യമാണ്. അതു് അഭേദ്യമായി നിലനില്ക്കണമെന്നാണ് എന്റെ ആഗ്രഹം. അതിലാണ് എന്റെ ജീവിതവിജയം.

എന്റെ ആഗ്രഹം സാധിതമാകുവാൻ അവിടുന്ന് എന്നെ അനുഗ്രഹിക്കണേ!

എന്റെ ആത്മരഹസ്യം അറിയിക്കുവാൻ ഞാനെടുത്ത ഈ സ്വാതന്ത്ര്യത്തിൽ എന്നെ കുററപ്പെടുത്തരുതേ! എന്നെ ചുററിപ്പററി നില്ക്കുന്ന പ്രതികൂലപരിതഃസ്ഥിതികളിൽ ഞാനിതല്ലാതെ മറെറാരുമാർഗ്ഗമാണ് സ്വീകരിക്കുക!

ഞാൻ ആജീവനാന്തം അങ്ങയുടെ ഒരു കലാരാധികയായിരിക്കും. എന്നെന്നും അങ്ങയുടെ അഭ്യുദയകാംക്ഷിയായിരിക്കും.

ശുഭാശംസയോടും കൂപ്പുകയ്യോടും,

കുസുമം (ഒപ്പ്)”

കത്തിലെ ഓരോവരിയും തുടിക്കുന്ന ഹൃദയത്തോടുകൂടിയാണു ഞാൻ വായിച്ചതു്. അതിലെ ഓരോ അക്ഷരങ്ങളും ഓരോ ചോദ്യചിഹ്നമായി എന്റെ മുമ്പിൽ നിരന്നുനിന്നു. അല്പനേരത്തേയ്ക്കു എന്റെ കണ്ണുകളുടെ ശക്തി നശിച്ചതുപോലെ തോന്നി.

ഞാൻ കസേരയിലോട്ടു മലർന്നു. ഒരു സിഗററു കത്തിച്ചു വലിച്ചുപുകവിട്ടുകൊണ്ടു് ഞാൻ ചിന്താധീനനായി.

പ്രേമസാഗരത്തിന്റെ ഉൾവലിവുകളിലേക്കു എന്റെ ഹൃദയം നൂഴ്ന്നിറങ്ങി. പ്രേമം മനസ്സിനു നിറംപിടിപ്പിക്കുന്ന ഉജ്ജ്വലമായ ഒരു വികാരം മാത്രമല്ല. അതിനു അഭൌമമായ ഒരു ശക്തിയുണ്ട്; മാന്ത്രികമായ ഒരഭിനിവേശമുണ്ട്. പ്രേമലതിക ഏതിലും പടർന്നുകയറും. മുരിക്കിലും മന്ദാരത്തിലുമാകാം. എന്നാൽ അതിനൊരു വിശേഷതയുണ്ട്. ഒരിക്കൽ ഒന്നിൽ പടർന്നുപിടിച്ചു പോയാൽപിന്നെ ഒരു ശക്തിക്കും അതിനെ ഇളക്കാൻ സാദ്ധ്യമല്ല. എത്രയെത്ര പ്രേമനാടകങ്ങളാണ് നമ്മുടെയിടയിൽ നടക്കുന്നതു്. നമ്മുടെ കണ്ണിൽ പെട്ടും, പെടാതെയും. നാം അറിഞ്ഞും അറിയാതെയും.

കത്തു വായിച്ചുതീർന്നയുടൻ എനിക്കു കുസുമത്തിനോടു അല്പം വെറുപ്പാണുണ്ടായതു്. അവൾ എന്റെ അഭിലാഷങ്ങൾ അടിച്ചുടച്ചില്ലേ? എന്റെ ഓമൽപ്രതീക്ഷകൾ എന്നന്നേക്കുമായി കരിച്ചുകളഞ്ഞില്ലേ? അതിലുള്ള വ്യസനം. സ്വാർത്ഥതയിൽനിന്നും മുളച്ചവിരോധം.

(ശേഷം 15-ാം പേജിൽ)

# * പട്ടിണി പരിഹരിക്കാൻ രണ്ടു മാർഗ്ഗങ്ങൾ—ഗാന്ധിജി

(കെ. പി. രാഘവൻനായർ ബി. എസ്സ്. സി. ഇരിഞ്ഞൂർ)

സാമ്പത്തികമായിട്ടു ധാരാളം ക്ലേശങ്ങൾ അനുഭവിക്കുന്ന അനേകരാജ്യങ്ങൾ ഇന്നു ഈ ഭൂമുഖത്തുണ്ടു്. അതിൽ ഒന്നാണു് ഭാരതം. ആഹാരത്തിനു് മാർഗ്ഗങ്ങളില്ലാത്തവരുണ്ടു്, ഉടുക്കാൻ വസ്ത്രമില്ലാത്തവരുണ്ടു്, കിടക്കാൻ വീടില്ലാത്തവരുണ്ടു്—ഈ ഭാരതത്തിൽ. അധികപക്ഷം ആളുകൾക്കും ഒരു ദിനാവശ്യങ്ങൾ കഷ്ടിച്ചുപോലും നിവർത്തിക്കാൻ കഴിവില്ലാത്ത വണ്ണം അത്ര സാധുക്കളാണു്. ഒരു ഗ്രാമീണന്റെ ഒരുമാസത്തെ ശരാശരിവരവു് ഏതാണ്ടു് ഒരു രൂപയാണെന്നു് (1. Re) കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ തുച്ഛമായ തുകകൊണ്ടു് ഏതു തരത്തിൽ ജീവിക്കുന്നു. ഈ പ്രശ്നം പലരേയും അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. അത്ഭുതപ്പെടുത്തുന്നുമുണ്ടു്.

ദിവ്യാനന്ദാണു് ഭാരതീയരെന്നുള്ള വസ്തുത ആർക്കും പ്രഥമവീക്ഷണത്തിൽതന്നെ ഗ്രഹിക്കാൻ കഴിയുന്ന ഒരു സത്യമാണു്. ഈ വിഷമസ്ഥിതിയിൽനിന്നും ഭാരതീയനെ രക്ഷിക്കാൻ കഴിയുമോ? ഭാരതീയനു് രക്ഷപ്രാപിക്കാൻ സാധിക്കുമോ? സാധിക്കുമെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ ഏവ?

പണം ദാനംകൊടുത്തു് രക്ഷിക്കാമെന്നു് വിചാരിച്ചാൽ അതിൽ വലിയ അർത്ഥമൊന്നുമില്ല—കേവലം ബുദ്ധിശൂന്യമായ ഒരു പ്രവൃത്തി മാത്രമാണതു്. ആവശ്യപ്പെടുന്ന അവസരങ്ങളിലെല്ലാം ഈ ലക്ഷോപലക്ഷം ആളുകൾക്കു് ദാനംകൊടുക്കാൻ പണമെവിടെ? അതിനു് പണം കിട്ടുകയെന്നുള്ളതു് പ്രയാസമേറിയ ഒരു കാര്യമാണു്. കൂടാതെ ദാനം ആത്മീയാധഃപതനത്തിനു് നിദാനമാകുകയും ചെയ്യുന്നു. ദാനം സ്വീകരിക്കുന്ന ആളിനെ സംബന്ധിച്ചിടത്തോളം അവനെ അതു് തരത്തിൽ താഴ്ത്തിക്കളയുന്നു. അവന്റെ വ്യക്തിത്വത്തെ അതു് നഷ്ടപ്പെടുത്തുന്നു. കൊടുക്കുന്ന ആളിനെ സംബന്ധിച്ചിടത്തോളം ദാനം അവനെ ഉന്മത്തനാക്കുന്നു. ഇങ്ങനെയാണെങ്കിൽ പിന്നെ നാമെന്തു ചെയ്യണം?

ഗാന്ധിജി ഒരു മാർഗ്ഗം നിർദ്ദേശിച്ചിട്ടുണ്ടു്. അതനുസരിച്ചു്—അക്ഷരംപ്രതി അനുസരിച്ചു് പ്രവർത്തിക്കുന്ന ഒരു ഭാരതീയനും പട്ടിണിപ്പിശാചിന്റെ കരാളകരങ്ങളിൽ കിടന്നു് കഷ്ടപ്പെടേണ്ടതായിട്ടു് വരികയില്ല. എല്ലാ ഭാരതീയനും ആഹാരത്തിനു് മാർഗ്ഗമുണ്ടാകും. ഓരോരുത്തനും കിടക്കാൻ വീടുകൾ നിർമ്മിക്കാൻകഴിയും. സകലർക്കും ധരിക്കാൻ വസ്ത്രമുണ്ടാകും. ആരുടേയും വ്യക്തിത്വത്തെ നഷ്ടപ്പെടുത്താതെ കഴിഞ്ഞുകൂടാം. ആരെയും ഉന്മത്തരാക്കുകയുമില്ല. എല്ലാവരും സ്വാശ്രയശീലരായിത്തീരും: ഈ മാർഗ്ഗം—ദിവ്യമാർഗ്ഗം ഏതാണു്? എന്താണു്? അതിനു് രണ്ടു് വശങ്ങളുണ്ടു്.

1) Decentralisation in production (വികേന്ദ്രീകരണം)

2) Swadeshi in Consumption (സ്വദേശിവ്രതം)

I *Decentralisation* (വികേന്ദ്രീകരണം)

ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും തോതനുസരിച്ചു് വളരുകയും വരളുകയും ചെയ്യുന്ന ഒന്നാണു് വ്യവസായം. നിർമ്മാണം രണ്ടു് തരത്തിലാകാം. ഒരു പ്രത്യേകസ്ഥലം കേന്ദ്രമാക്കിക്കൊണ്ടു് (ഇന്നത്തെ വ്യവസായ ശാലകളെപ്പോലെ) നാട്ടുകാർക്കാവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കുന്ന ഒരു രീതി. (Centralisation) നാട്ടിന്റെനാനാഭാഗങ്ങളിലുമുള്ള ഓരോഗ്രാമങ്ങൾ കേന്ദ്രങ്ങളാക്കിക്കൊണ്ടു് അതാതു് ഗ്രാമത്തിലുള്ള ഗ്രാമീണർക്കാവശ്യമായിട്ടുള്ള സാധനങ്ങൾ നിർമ്മിക്കുന്ന മറ്റൊരുരീതി. (Decentralisation) രണ്ടാമത്തു് പ്രസ്താവിച്ച രീതിയ്ക്കു് ആരുടേയും അസാധാരണബുദ്ധി വേണ്ടിവരുന്നില്ല. വലിയ പ്ലാനോന്നും ആവശ്യമില്ല. സാധാരണ ഗ്രാമീണന്റെ (ജാലിക്കാരനായ അസാധാരണനല്ലാത്ത ബുദ്ധിയും സാമർത്ഥ്യവും മാത്രം മതിയാകുന്നതാണു്. വ്യവസായശാലകളിലെപ്പോലെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും വ്യക്തികളുടെ നിർദ്ദേശങ്ങൾക്കോ നിയന്ത്രണത്തിനോ വിധേയമായിട്ടല്ല അതിന്റെ പ്രവർത്തനം നടക്കുന്നതു്. ഗാന്ധിജി രണ്ടാമത്തെ രീതി ഇഷ്ടപ്പെടുന്നു; രണ്ടു് കാരണങ്ങളെക്കൊണ്ടു്.

വ്യവസായശാലകൾ മുഖേനയുള്ള നിർമ്മാണത്തിൽ ഭാരിച്ച അനവധി യന്ത്രങ്ങളും ഏററവും കുറച്ചു് ആളുകളുമാണാവശ്യമായിട്ടുള്ളതു്. നിർമ്മിതസാധനങ്ങളുടെ എണ്ണം വളരെ കൂടുതൽ. യാന്ത്രികോല്പാദനമില്ലായിരുന്നെങ്കിൽ ന്യായമായിട്ടു് അനേകംപേർക്കു് ലഭിക്കാൻ അവകാശമുണ്ടായിരുന്ന ജോലിയിൽനിന്നും അവരെ മാററി നിർത്തുകയാണു് വ്യവസായശാലകൾ ചെയ്യുന്നതു്. ഫലം പട്ടിണിയും. ഇംഗ്ലണ്ടിലും ജപ്പാനിലും നെയ്തുകൊണ്ടു് ഇന്ത്യയിൽ കൊണ്ടുവന്നു് കുറഞ്ഞവിലയ്ക്കു വിററതുകാരണം അസംഖ്യം ഇന്ത്യക്കാർ (നൂൽനൂൽപ്പുകാരും നെയ്ത്തുകാരും) അലസന്മാരായിത്തീർന്നിട്ടുണ്ടു്. ഭാരതീയർക്കാവശ്യമുള്ള ജോലികൊടുത്തു് അവരെ പട്ടിണിയിൽനിന്നും മോചിപ്പിക്കാൻ—അവരുടെ സാമ്പത്തികനില പരിഷ്കരിക്കാൻ—ദൈനംദിനാവശ്യങ്ങൾ സാധിക്കുന്നതിനു് പ്രാപ്തരാക്കിത്തീർക്കാൻ, ആഗ്രഹിക്കുന്നെങ്കിൽ വ്യവസായശാലകളേയും യാന്ത്രികോല്പാദനത്തേയും നാം ഉപേക്ഷിക്കണം. അല്ല, പാടേ വെറുക്കണം. തൽസ്ഥാനത്തു് (ഗ്രാമീണന്റെ ജോലിയെ അപഹരിക്കുന്ന ആ സ്ഥാനത്തു്) മനുഷ്യസഹായംകൊണ്ടു് നടത്താവുന്നതോ, വേണ്ടിവന്നാൽ മൃഗങ്ങളുടെ സഹായംകൊണ്ടു നടത്താവുന്നതോ ആയ യന്ത്രങ്ങൾ സ്ഥാപിക്കണം. അതു് ഗ്രാമങ്ങളിലായിരിക്കണം. ഈ പുതിയ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ, മുന്നിട്ടുനിന്നു പ്രവർത്തിക്കാൻ ഗ്രാമീണരെ പ്രേരിപ്പിക്കണം. എങ്കിൽ മാത്രമേ ജീവിതാവശ്യങ്ങൾ നിറവേററുന്നതിനു് ഭാരതീയർ പ്രാപ്തരാകുകയുള്ളു. അപ്പോൾ മാത്രമേ ഭാരതത്തിന്റെ ശോഭനമായ ഉദയം ചെയ്യുകയുള്ളു.

വ്യവസായശാലകൾ മുഖേനയുള്ള പ്രവർത്തനംകൊണ്ടു് സാധിക്കുന്ന മറെറാരു കാര്യം—ശോചനീയമായ ഒരു കാര്യം, അതിന്റെ ഭാരവാഹികളായ ഒരു ന്യൂനപക്ഷത്തിന്റെ ആജ്ഞയ്ക്കനുസരണമായിട്ടു് പ്രവർത്തിക്കുന്ന ഒരു ഭൂരിപക്ഷത്തെ സൃഷ്ടിക്കുകയെന്നുള്ളതാണു്. ആ ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ കേവലം ദാസന്മാർ മാത്രം—അടിമകൾ മാത്രം. അവർ സ്വാതന്ത്ര്യബുദ്ധി നശിച്ചവരാകുന്നു. മേലുദ്യോഗസ്ഥന്മാരുടെ ഉത്തരവുകളനുസരിച്ചു പ്രവർത്തിക്കുന്ന വെറും പാവകളാണവർ. ഓരോരുത്തനും അവനവന്റെ യജമാനനായിത്തീർന്നു കാണാൻ ഗാന്ധിജി ആഗ്രഹിക്കുന്നു. അവനവന്റെ പ്രവർത്തിമാർഗ്ഗങ്ങളെ രൂപീകരിക്കുന്നവനും, നയിക്കുന്നവനും, നിയന്ത്രിക്കുന്നവനുമായി കാണാൻ ഗാന്ധിജി കൊതിക്കുന്നു. ഈ ആഗ്രഹം ഫലപ്രാപ്തിയിൽ എത്തിച്ചേരണമെങ്കിൽ നാട്ടിൻപുറങ്ങളാകമാനം വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണം. അവിടെ കർഷകൻ അവന്റെ യജമാനനാണു്.

അത്രമാത്രമല്ല ഗാന്ധിജി ആഗ്രഹിക്കുന്നതു്. തികച്ചും അഹിംസയിൽ അടിയുറച്ച ഒരു സാമ്പത്തികനില പരിപാലിച്ചു് കാണുന്നതിനും അദ്ദേഹം ആഗ്രഹിക്കുന്നുണ്ടു്. അവനവന്റെ ഇഷ്ടമനുസരിച്ചു് പ്രവർത്തിക്കാൻ നിവൃത്തിയില്ലാ അപ്പോൾ—അധികാരസ്ഥാനങ്ങളിൽനിന്നുമുള്ള ആജ്ഞയ്ക്കു് വിധേയരായി പ്രവർത്തിക്കുമ്പോൾ അതിൽ ഹിംസകലർന്നിട്ടുള്ളതായിട്ടു് കാണാൻ കഴിയും. വ്യവസായശാലകളിൽനിന്നു പുറത്തുവരുന്ന അസംഖ്യംസാധനങ്ങൾക്കു്, ലോകമൊട്ടാകെ വിപണികൾ വേണ്ടിയിരിക്കുന്നു. ഓരോ രാജ്യക്കാരും അതു് കണ്ടുപിടിക്കാൻ ശ്രമിക്കും. അതിന്റെ ദുരന്തഫലം എതിരാളിയുടെ ഉന്മൂലനാശം വരുത്തുകയെന്നുള്ളതാണു്. കഴിഞ്ഞലോകമഹായുദ്ധത്തിൽ (1914-1918) സംഭവിച്ചതും ഇതുതന്നെയാണു്. ജർമ്മനിയേയും, ജപ്പാനേയും തോല്പിച്ചു് വിജയശ്രീലാളിതരായിരിക്കുന്ന ബ്രിട്ടനും അമേരിക്കയും, ഇനിമേലിൽ ജപ്പാനും ജർമ്മനിയും തങ്ങളോടു് എതിർക്കയില്ലെന്നുള്ള വിശ്വാസത്തിൽ കഴിഞ്ഞുകൂടുന്നു. യുദ്ധത്തിൽനിന്നും അതിന്റെ ഫലങ്ങളിൽനിന്നും ലോകത്തെ രക്ഷിക്ക

(ശേഷം 13-ാം പേജിൽ)

* ഭരതൻ കുമരപ്പയുടെ ഒരു ലേഖനത്തിന്റെ ഏകദേശതർജ്ജമ.




ചോദ്യം: ആറു തീപ്പെട്ടിക്കൊള്ളികൾകൊണ്ടു് നാലു മുക്കോണങ്ങൾ ഉണ്ടാക്കുക.

ഉത്തരം:

3 കൊള്ളികൾ ഒരു മുക്കോണാകൃതിയിൽ ഒരു മേശമേൽ വെക്കുക. ബാക്കിയുള്ള മൂന്നു കൊള്ളികൾകൊണ്ടു് ചിത്രത്തിൽ കാണിച്ച പ്രകാരം ഒരു പിരമിഡ് (സൂച്യഗ്രസ്തംഭം) പൂർത്തിയാക്കുകയും ചെയ്യുക. • –



ഇപ്രകാരമുള്ള ചോദ്യങ്ങൾ ബുദ്ധിക്കു കൂർമ്മതയും ഒഴിവുസമയങ്ങളിൽ ഉല്ലാസവും രസവും നല്കുന്നു. എന്നാൽ ഇതിലും വിഷമമേറിയതാണു് സാമ്പത്തികഭദ്രതയെപ്പററിയുള്ള ചോദ്യം. ഈ ചോദ്യം നിങ്ങൾക്കു ഉത്കണ്ഠ ഉണ്ടാക്കേണ്ടതില്ല, എന്തുകൊണ്ടെന്നാൽ മുൻകൂട്ടി ആലോചിച്ചു തീർച്ചപ്പെടുത്തിയ ഒരു പദ്ധതി പ്രകാരം നിങ്ങൾ പണം സമ്പാദിച്ചു വെക്കുന്നതായാൽ അതിന്നു പരിഹാരമായി. നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകളും സ്റ്റാമ്പുകളും വാങ്ങുന്നവരായി സദാ എണ്ണം വർദ്ധിച്ചുവരുന്ന നിക്ഷേപകരുടെ കൂട്ടത്തിൽ ചേരുന്നതായാൽ നിങ്ങൾക്കു കൊല്ലംതോറും നിങ്ങളുടെ കരുതൽ ധനവും നിങ്ങളുടെ ഭദ്രതയും വർദ്ധിപ്പിച്ചുകൊണ്ടുവരാൻ കഴിയുന്നതാണു്. ഏററവും കവിഞ്ഞ ആദായവും പൂർണ്ണമായ ഉറപ്പും നല്കുന്നതുകൊണ്ടു് ഈ നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകൾ ഒരു മാതൃകാനിക്ഷേപമാർഗ്ഗം ഉണ്ടാക്കിത്തരുന്നു.

## നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകൾ

പ്രധാന ഗുണങ്ങൾ ഇവയാണ് :—

1. ക. 5, 10, 50, 100, 500, 1000, അല്ലെങ്കിൽ 5000 എന്നീ സംഖ്യകൾക്കുള്ള നാഷനൽ സേവിങ്ങ്സ്സർട്ടിഫിക്കെററുകൾ നിങ്ങൾക്കു വാങ്ങാം.

2. ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും (അയാൾ പ്രായപൂർത്തി എത്തിയവനോ മൈനരോ ആരായാലും) 5000ക. വരെക്കു വാങ്ങാം. രണ്ടുപേർക്കു കൂട്ടായി 10,000ക വരെക്കും വാങ്ങാം.

3. വില 12 കൊല്ലംകൊണ്ടു് 50 ശതമാനം വർദ്ധിക്കുന്നു. നിക്ഷേപിക്കപ്പെട്ട ഓരോ ഉറുപ്പികയും 1ക 8ണ. യായിത്തീരുന്നു. ഏതൊരു ഗവമ്മേണ്ടു ഉറപ്പുപത്രത്തിന്മേലും കിട്ടാവുന്ന ഏററവും കവിഞ്ഞ പലിശയാണിതു്

4. കിട്ടുന്ന പലിശയിന്മേൽ ഇൻകംടാക്സു് കൊടുക്കേണ്ടതില്ല.

5. 2 കൊല്ലം (5ക. സർട്ടിഫിക്കെററുകൾക്കു 18 മാസം) കഴിഞ്ഞാൽ പണമായി മാററാം.

6. ലഘുസമ്പാദ്യക്കാർക്കു 1 കയ്ക്കോ 8ണക്കോ 4ണക്കോ ഉള്ള സേവിങ്ങ്സ് സ്റ്റാമ്പുകൾ വാങ്ങാം. അങ്ങിനെ സമ്പാദിച്ച സ്റ്റാമ്പുകളുടെ വില5,ക.എത്തിയാൽ അവ കൊടുത്തു ഒരു സർട്ടിഫിക്കെററു പകരംവാങ്ങാം.

7. സർട്ടിഫിക്കെററുകളും സ്റ്റാമ്പുകളും അഞ്ചലാഫീസുകളിൽനിന്നോ, പോസ്റ്റാഫീസുകളിൽനിന്നോ, ഗവമ്മേണ്ടു നിയമിച്ച അധികൃത ഏജണ്ടുമാരിൽനിന്നോ, സേവിങ്ങ്സ് ബ്യൂറോകളിൽനിന്നോ കിട്ടുന്നതാണു്.

**നിങ്ങളുടെ സേവിങ്ങ്സ് ഗ്രൂപ്പിൽ ഇപ്പോൾതന്നെ ചേരുക!**

# മെയോ—സി—റാങ്ങ്

അഥവാ

## ചൈനയിലെ ലെനിൻ

(എൻ. ജീ. വി. തിരുമുല്ലാട്, ചേർത്തല)

ചൈനയുടെ രാഷ്ട്രീയചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞിട്ടുള്ള മഹാപുരുഷനാണ് അവിടത്തെ കമ്യൂണിസ്റ്റ്പാർട്ടിയുടെ അദ്വിതീയനേതാവായ ശ്രീ, മെയൊ—സി—റാങ്ങ്.

ഹുനാൻ, എന്ന ഉൾനാട്ടിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിനു ബാല്യത്തിൽ ശരിയായ വിദ്യാഭ്യാസസൗകര്യങ്ങളും ഉണ്ടായിരുന്നില്ല. തന്റെ സഹപ്രവർത്തകന്മാരായ ജനറൽ 'ചൗ—എൻ—ലായി' ജനറൽ 'ചൂറേ' എന്നിവരെപ്പോലെ വിദേശസഞ്ചാരം നടത്തുന്നതിനോ മാതൃഭാഷയല്ലാതെ ഇതരഭാഷകൾ പഠിക്കുന്നതിനോ അദ്ദേഹത്തിനു ഏതൽപര്യന്തം സാധിച്ചിട്ടില്ല. "ചാങ്ങ്ഷാ" നഗരത്തിലെ ഒരു ഗ്രന്ഥശാലയിലാണ് മെയൊ—സി—റാങ്ങിന്റെ വിദ്യാഭ്യാസം യഥാർത്ഥമായി നിർവഹിച്ചിട്ടുള്ളതു്. ദിവസവും രാവിലെ അദ്ദേഹം ഗ്രന്ഥശാലയിലേയ്ക്കു പോയാൽ ഭക്ഷണസമയംവരെയും തദനന്തരം ഗ്രന്ഥശാല പൂട്ടുന്നതുവരെയും പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. ആഡംസ്മിത്തു്. ഡാർവ്വിൻ; സ്പെൻസർ എന്നിവരുടെ കൃതികളാണ് അദ്ദേഹത്തെ കൂടുതൽ ആകർഷിച്ചിട്ടുള്ളതു്.

1920-ൽ അദ്ദേഹം ഒരു മിഡിൽസ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജന്മവാസന അദ്ദേഹത്തെ ഏറെനാൾ പ്രസ്തുത തൊഴിലിലിരിക്കുന്നതിനു അനുവദിച്ചില്ല. 1921-ൽ 'മെയൊ'പിപ്പിങ്ങിലെ നാഷണൽ യൂണിവേഴ്സിററിയിൽ ചെന്നുവീണ്ടും പഠിത്തത്തിലേർപ്പെട്ടു. ആ കാലത്താണ് 'ലിറാരചായോ'; 'ചെൻ ഡുസ്യൂ' എന്നിവരോടൊരുമിച്ചു ചൈനയിലെ കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചതു്. 'ഹൂനാൻ' പ്രാവിൻഷ്യൽ കമ്യൂണിസ്റ്റുകമ്മിററിയുടെ സെക്രട്ടറിസ്ഥാനമേററുകൊണ്ടു് മെയൊ ചൈനയിലെ ഏററവും സമരസന്നദ്ധമായ ഒരു പ്രവിശ്യയെ സംഘടിതമാക്കിത്തീർക്കുന്നതിനു പരിശ്രമിക്കുകയും അതിൽ അത്ഭുതാവഹമായവിധത്തിൽ വിജയിക്കുകയും ചെയ്തു.

1925-ൽ കർമ്മകുശലനായ ആ ദേശാഭിമാനി 'കോമിൻററാങ്ങ്' എന്ന മാസികയുടെ പത്രാധിപപദവിയിൽ അവരോധിയ്ക്കപ്പെട്ടു; അതേഅവസരത്തിൽതന്നെ "ക്യാൻടൺ"ലെ കോമിൻററാങ്ങ് പ്രചരണവകുപ്പിലെ പ്രധാനിയുമായിരുന്നു. കോമിൻററാങ്ങുമായി പിണങ്ങുന്നതുവരെ മെയൊ തന്റെ കർത്തവ്യം ശരിയ്ക്കു നിറവേററിയിരുന്നു. ആ കാലത്താണ് അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രബുദ്ധത വികസിച്ചതു്.

1927-ൽ ചൈനയിലെ പ്രധാനരാഷ്ട്രീയകക്ഷികളായ 'കോമിൻററാങ്ങും' 'കമ്യൂണിസ്റ്റുകളും' തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. സാധുക്കളുടെ കൂട്ടത്തിലാണ് തനിയ്ക്കുള്ള സ്ഥാനം മെയൊ കണ്ടതു്. അദ്ദേഹം 'ഖനിവേലക്കാർ' 'കർഷകർ' വിപ്ലവോന്മുഖികളായ 'പട്ടാളക്കാർ' എന്നിവരെക്കൂട്ടിച്ചേർത്തു് ഒരു കർഷകസേന രൂപീകരിച്ചു്, അവസരസേവകന്മാരായ വലതുപക്ഷക്കാർക്ക്—കോമിൻററാങ്ങിനു്—എതിരായി അണിനിരത്തി. കർഷകയൂണിയന്റെ ഒന്നാമത്തെ പ്രസിഡന്റ് സ്ഥാനം അദ്ദേഹത്തിൽതന്നെയാണ് നിക്ഷിപ്തമായതു്.

മെയൊ-സി-ററാങ്ങിന്റെ പ്രതിയോഗികൾപോലും അദ്ദേഹത്തിന്റെ സ്വരാജ്യസ്നേഹത്തെയും ആക്കാര്യത്തിൽ അദ്ദേഹത്തിനുള്ള ആത്മാർത്ഥതയെയും അഭിനന്ദിക്കുന്നുണ്ട്. സൈനികവും, രാഷ്ട്രീയവും, ധനതന്ത്രപരവുമായ എല്ലാവിഭാഗങ്ങളിലുമുള്ള ആളുകളെ ആകർഷിക്കുന്നതിനു് അദ്ദേഹത്തിനു കഴിയുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. എല്ലാവരും അദ്ദേഹത്തെ ആരാധിക്കുന്നു. അദ്ദേഹം ഒരു സ്വേച്ഛാധിപതി അല്ല; തന്റെ ഇഷ്ടം അന്യരുടെ മേൽ മെയൊ ഒരിയ്ക്കലും അടിച്ചേല്പിയ്ക്കാറില്ല. എല്ലാവരെയും നിസ്സാരമായി മാത്രം എണ്ണുന്നതിനുള്ള അസാമാന്യമായ സാമർത്ഥ്യം അദ്ദേഹത്തിന്റെ ... മാത്രം. സ്ഥിതിഗതികളുടെയും ... അറിയുന്ന ഒരു സൂക്ഷ്മ...

... തന്ത്രകനാണ് മെയോ. ജനറാലിസിമോ ചിയാങ്ങ്കൈഷെക്കിനു് ഇല്ലാത്തതായ ഒരു വിശേഷം—തന്റെ സംഘടനയ്ക്കുള്ളിലാകട്ടെ തനിക്കു വിശ്വാസം തോന്നുന്നവർക്ക് ഉത്തരവാദിത്വമുള്ള ചുമതലകളും അധികാരങ്ങളും നൽകുന്നതിനു മെയോ മടിയ്ക്കാറില്ല—എന്നുള്ളതാണ്. സൈനികമായ ഉന്നതപദവികൾ ഒഴിവ് സാധാരണമായ ഒരു രാജ്യസ്നേഹി 'മെയോ' അപ്രകാരമുള്ള ഒരു സ്ഥാനവും സ്വീകരിക്കാത്തതു് അത്ഭുതമത്രേ! സൈനികതന്ത്രത്തിലും പടനിലത്തിലും അദ്ദേഹത്തിനു പ്രായോഗികപരിശീലനം സിദ്ധിച്ചിട്ടുണ്ട്. പ്രതികൂലപരിതഃസ്ഥിതികളിൽ പോലും യുദ്ധം ചെയ്യാൻ അദ്ദേഹത്തിനു വിഷമമില്ല. ഏതാദൃശകാരണങ്ങളാൽ ചൈനയിൽ 100.000,000 അനുയായികളുള്ള ഒരു വൻപിച്ച രാഷ്ട്രീയകക്ഷിയുടെ ആരാധനാപാത്രമാണ് 'മെയോസിററാങ്ങ്'. അദ്ദേഹത്തെ അവർ 'ഛറഡ' നെപ്പോളിയൻ'; 'ചൈനയിലെലെനിൻ' എന്നൊക്കെ വിളിച്ചുവരുന്നു.

1931-ൽ ചൈനയിലെ സോവിയററ്റിപ്പബ്ലിക്കിന്റെ ചെയർമനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

1934-35-ലാണ് 'മെയോസിററാങ്ങ്' തന്റെ സൈനികതന്ത്രപാടവം പ്രസ്പഷ്ടമാക്കിയതു്. 1000 00 ചുവപ്പു പടയാളികളെ തെക്കെചൈനയിലുള്ള 'കിയാങ്ങ്സി'യിൽനിന്നും 6000 മൈൽ അകലെ സ്ഥിതിചെയ്യുന്ന വടക്കുപടിഞ്ഞാറൻചൈനയിലെ 'യെനാൻ' എന്ന സ്ഥലത്തേയ്ക്കു് അദ്ദേഹം നയിച്ചുകൊണ്ടുപോയി. യുദ്ധംനിമിത്തം ക്ലേശമനുഭവിച്ചുകൊണ്ടിരുന്ന പടയാളികളെയും കമ്യൂണിസ്റ്റുസംഘടനയിലെ എതാനും വനിതാപ്രവർത്തകമാരെയും വഹിച്ചുകൊണ്ടു പതിനെട്ടു പർവതനിരകളും പന്ത്രണ്ടു പ്രവിൻസുകളും ഒരഡസൻ നദികളും കടന്നപോയ പ്രസ്തുത സൈനികനീക്കത്തിനു 368 ദിവസം വേണ്ടിവന്നു. അതിനിടയിൽ പതിനഞ്ചു പ്രധാനയുദ്ധങ്ങളും മൂന്നൂറ് ഏററുമുട്ടലുകളും ഉണ്ടായതായി ഔദ്യോഗികരേഖകൾ തെളിയിക്കുന്നു. കഴുത, പോത്തു്, കുതിര എന്നിവയുടെ സഹായത്തോടെ റേഡിയോ, അച്ചടിശാല, ഗ്രന്ഥങ്ങൾ, മെഡിക്കൽകോളേജിന്റെയും കലാശാലയുടെയും സാധനസാമഗ്രികൾ എന്നിവ വഹിച്ചുകൊണ്ടു് ശരാശരി ഒരുദിവസം പതിനഞ്ചുമൈൽ വേഗതയിലാണ് ആ സംഘം നീങ്ങിക്കൊണ്ടിരുന്നതു്. ഏതാദൃശമായ ഒരു സാഹസകൃത്യത്തിലേർപ്പെട്ടു വിജയംവരിച്ചിട്ടുള്ള ലോകത്തിലെ വലിയ സൈനികമേധാവികൾ 'മെയോ'യെ പ്രകീർത്തിക്കുന്നതിൽ ആശ്ചര്യമില്ല.

ജീവിതദശയിൽ ഭൂരിഭാഗവും പ്രതികൂലപരിതഃസ്ഥിതികളോടുപോരാടി കഴിയേണ്ടിവന്ന മെയോയ്ക്കു ആഡംബരത്തിൽ ഭ്രമം ലേശംപോലുമില്ല. വസ്ത്രധാരണംപോലെ അദ്ദേഹത്തിന്റെ വസതിയിലെ ഉപകരണങ്ങളും സാധാരണനിലയിലുള്ളവയാണ്. ഒരു പ്രൈവററുസെക്രട്ടറിയല്ലാതെ അദ്ദേഹത്തിനു സ്വന്ത പരിചാരകന്മാരില്ല. വിദേശത്തുള്ള ചൈനാക്കാർ ചേർന്നു വടക്കെ ചൈനയിലുള്ളവർക്ക് 1938-ൽ നൽകിയ ഒരു ആംബുലൻസ്കാറാണ് 'യെനാനി'ൽ അദ്ദേഹത്തിനുള്ള വാഹനം. മെയോയ്ക്കു ആവശ്യമില്ലാത്തപ്പോൾ പ്രസ്തുതവാഹനം പൊതുജനങ്ങളുടെ യാത്രയ്ക്കായി ഉപയോഗപ്പെടുത്തുന്നു. ചൈനയിലെ കമ്യൂണിസ്റ്റ് സംഘത്തിന്റെ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം ഏററവും കൂടുതൽ ശമ്പളംപററുന്ന ആളാണ്. എന്നാൽ അദ്ദേഹത്തിന്റെ വേതനം പ്രതിമാസം നാലുഷില്ലിംഗിൽ താഴെ മാത്രമാണ്. ജനറൽ ചൗ—എൻ—ലായിക്കു രണ്ടു ഷില്ലിംഗ് ശമ്പളം വാങ്ങുന്നവരുമുണ്ട്.

മെയോ—സി—റാങ്ങ് പതിയും വിനോദശാലകളിൽ പോകാറുണ്ട്. എന്നാൽ അവിടെ അവർക്കായി പ്രത്യേകം സ്ഥാനങ്ങളൊന്നും നീക്കിവെയ്ക്കാറില്ല.

മെയോ അദ്ദേഹത്തിന്റെ തോട്ടത്തിൽ പണിയെടുത്തു് തന്റെ ആവശ്യത്തിലേക്കുള്ള ആഹാരസാധനങ്ങളും പുകയിലയും ഉണ്ടാക്കുന്നു. അടുത്ത കാലംവരെ അദ്ദേഹം വലിയ ഒരു പുകവലിക്കാരനായിരുന്നു. എന്നാൽ പുകവലി ആരോഗ്യത്തെ ഹനിക്കുന്നതാകയാൽ നിർത്തണമെന്നു് അദ്ദേഹത്തിന്റെ ഡോക്ടർ അഭിപ്രായപ്പെട്ടപ്പോൾ മുപ്പതുവർഷത്തെ പഴക്കമുള്ള ആ ദുശ്ശീലം അദ്ദേഹം ഒരൊററദിവസംകൊണ്ടു ഉപേക്ഷിച്ചു. അമിതമായി കടിക്കാതിരിക്കുന്ന നല്ല 'ക്രൈവൻ' അദ്ദേഹത്തിനു വളരെ ഇഷ്ടമുള്ള ഒരു പാനീയമാണ്.

പത്രപ്രവർത്തനകാലത്തു രാത്രിയിലിരുന്നു ജോലിചെയ്യു ശീലിച്ചിരുന്ന 'മെയോ' ആ ശീലം തുടർന്നുതന്നെ ചെയ്യു. പകൽ ഉറങ്ങുന്നതിനും നിശയുടെ നിശ്ശബ്ദതയിൽ ചിന്തിക്കുന്നതിനും തീർച്ചയെടുക്കുന്നതിനും അദ്ദേഹം ഇഷ്ടപ്പെടുന്നു. പ്രായപൂർത്തിവോട്ടവകാശം ഉൾക്കൊള്ള തെരഞ്ഞെടുക്കപ്പെട്ടവരും നിയമനിർമ്മാണസഭയോടു് ഉത്തരവാദിത്വമുള്ളവരുമായ ആളുകളാൽ ഭരിയ്ക്കപ്പെടുന്ന സ്വാതന്ത്ര്യവും പ്രജായത്തപരവും ആയ ഒരു ചൈനയുടെ സ്ഥാപനമാണ് മെയോയുടെ ജീവിതോദ്ദേശം. ഡോക്ടർ സൺയാററ്സെൻ, ലിങ്കൺ, റൂസ് വെൽററ് എന്നീ മഹാപുരുഷന്മാരുടെ ആദർശങ്ങൾക്കനുയോജ്യവും സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നിവയെ സുരക്ഷിതമാക്കുന്നതുമായ ഒരു പൗരസ്ത്യരാജ്യത്തെയാണ് ചൈനയിൽ ഉയർത്തുവാൻ മെയോ ഉദ്ദേശിച്ചുകൊണ്ടിരിയ്ക്കുന്നതു്. അതിനുവേണ്ടി ജനാധിപത്യത്തിനു് ചൈനക്കാരിൽ ഒരു ഉത്തേജനം ഉണ്ടാക്കിയെടുക്കുവാൻ പലപ്രാവശ്യം നോക്കിയിട്ടുണ്ട്. ഇപ്പോഴും ശ്രമിച്ചുവരികയാണ്.

ഇക്കഴിഞ്ഞ അൻപത്തിമൂന്നു വർഷത്തിനിടയിൽ അദ്ദേഹം, അദ്ധ്യാപകൻ, വിപ്ലവസംഘടനകളുടെ സംയോജകൻ, വിദ്യാഭ്യാസപരിഷ്കർത്താവ്, പത്രപ്രവർത്തകൻ, രാജ്യതന്ത്രജ്ഞൻ എന്നീ നിലകളിൽ പ്രസിദ്ധി ആർജിച്ചിട്ടുണ്ട്; എന്നാൽ സാധാരണ ജനങ്ങളുടെ സേവനമാണ് തന്റെ പ്രധാനകർത്തവ്യമെന്നുള്ളതു് വിസ്മരിയ്ക്കാത്ത ഒരുപൗരൻ വിപ്ലവനായകൻ 'മെയോ'.

പ്രബലമായ ഒരു ഏകീകൃത ചൈന പൗരസ്ത്യദേശങ്ങൾക്കു ഒട്ടാകെ പ്രയോജനകരമാണ്. ഇൻഡ്യ ഉൾപ്പെടെയുള്ള മറ്റിതരരാജ്യങ്ങൾ ഒരു സ്വതന്ത്ര്യം അർഹിക്കുന്നതുമായ ചൈനയുടെ ആവിർഭാവത്തിൽ സ്വതന്ത്രമാകാതെ നിവൃത്തിയില്ല. അമേരിക്ക ബ്രിട്ടൻ, ഡച്ച് എന്നീ മഹാശക്തികൾക്കു പ്രസ്തുതസംഗതി ഒരിയ്ക്കലും ഇഷ്ടപ്പെടുന്നതല്ല. ചൈനയിൽ കോമിൻററാങ്ങും കമ്യൂണിസ്റ്റുകക്ഷികളും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളിൽ അമേരിയ്ക്കയ്ക്കു ഒരു പ്രധാന പങ്കു ഉണ്ടെന്നുള്ളതു് സുവിദിതവുമാണ്.

ആഭ്യന്തരകലഹത്തിലേർപ്പെട്ടു് വിദേശീയാധിപത്യത്തെ സ്വന്തം തലയിൽ വെച്ചു കെട്ടുന്ന ബുദ്ധിശൂന്യമായ നയം ഇനിയെങ്കിലും പൗരസ്ത്യർ ഉപേക്ഷിക്കാത്തതു് അക്ഷന്തവ്യമായ ഒരു അപരാധമാണ്.

വിദേശശക്തികളുടെ ഇടപെടലിൽനിന്നും മോചനംനേടി സുശക്തമായ ഒരു ചൈനയെ സൃഷ്ടിക്കുന്നതിനുള്ള ശ്രീ മെയോ-സി റാങ്ങിന്റെ ശ്രമം വിജയിക്കട്ടെ.

—o—




മാധവഫാർമസി (എറണാകുളം) ലിമിററഡ്

ബാനർജി റോഡ്, എറണാകുളം

ഉത്തരവാദിത്വമുള്ള ആയുർവേദ ഔഷധങ്ങൾക്കും ശാസ്ത്രീയമായ ചികിത്സാരീതികൾക്കും മാതൃകായോഗ്യമായ ഇന്ത്യയിലെ ഒരു വൈദ്യസ്ഥാപനം

രോഗവിവരങ്ങൾക്കു കത്തുമൂലം വിശദമായി അറിയിക്കുന്ന ദൂരദേശത്തുള്ള രോഗികൾക്കു് ശ്രദ്ധാപൂർവ്വം ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നു.

വൈദ്യശാസ്ത്രി, പി. നാരായണൻ വൈദ്യർ,

ക്യാററ്ലാഗ് സൌജന്യം

മാനേജിംഗ് ഡയറക്ടർ.

## സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്.

—o—

മാവേലിക്കരമുൻസിഫ് കോർട്ടിൽ
1093-മാണ്ട—സിവിൽ 892

ജപ്തിവാദി—തിരുവിതാംകൂർ സ്റ്റേറ്റ് എയിഡഡ് ബാങ്ക് (ക്ലിപ്തം) എന്നെഴുതിവന്ന ദി സെൻറ്റൽ ബാങ്കിംഗ് കോർപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിറ്റഡ് ആലപ്പുഴ.

പ്രതി 11. തൃപ്പുന്തുറ പകുതിയിൽ ടി മുറിയിൽ ചാത്തൂർവീട്ടിൽ പാപ്പിയമ്മ ചിന്നമ്മ.

11-ാംപ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പരിൽ വിധിസംഖ്യക്കുവേണ്ടി പട്ടികയിൽ വിവരിക്കുന്ന വസ്തുജപ്തിചെയ്തിരിക്കുന്നതിനാൽ ജപ്തിവാദി ബോധിപ്പിച്ചിരിക്കുന്ന 1120-മാണ്ട് സിവിൽ പലവക 15440-ാംനമ്പർ ഹർജി സംഗതി 1122-മാണ്ട കന്നിമാസം 29-ാംതീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-മാണ്ട് ചിങ്ങമാസം 31-നു

—o—

## നോട്ടീസ്സ്.

—o—

വൈക്കം മുൻസിഫ് കോർട്ടിൽ
1121-ൽ സി. നമ്പ്ര 608.

വാദികൾ—1. പാണാവള്ളിപകുതിയിൽ ടി മുറിയിൽ ചിറയിൽ പുത്തൻപുരയ്ക്കൽവീട്ടിൽ നാണിയമ്മ കുഞ്ഞുകുട്ടി അമ്മ. 2. ടിയിൽ മെനൽ കുഞ്ഞുകുട്ടി അമ്മ സുഭദ്ര അമ്മ.

പ്രതി—മണക്കുന്നംപകുതി ഉദയംപേരൂർമുറിയിൽ മങ്കോത്തനയ്ക്കൽ ദാമോദരൻ കുഞ്ഞൻനമ്പൂതിരിപ്പാട്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പ്രിൽ ഇഞ്ചക്ഷൻ അനുവദിക്കണമെന്നു വാദികൾ 1121-ൽ പലവക 16482-നമ്പ്രായി ബോധിപ്പിച്ചിരിക്കുന്ന ഹർജിക്കു ആക്ഷേപം ഉണ്ടെങ്കിൽ 1122 കന്നിമാസം 25-ാംനു പകൽ 11 മണിക്കു പ്രതിയോ ഏജൻറാ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്.)

2-2-1122

—o—

## പ്രതിസമൻ

—o—

കൊല്ലം അഡീഷനൽ മുൻസിഫ് കോർട്ടിൽ
120-സി-474

വാദി:—കൊല്ലം ഓച്ചിറമേൽപകുതിയിൽ കളങ്ങഴികത്തുവീട്ടിൽ നാരായണപിള്ള പി. എൻ. ഗോവിന്ദപ്പിള്ള.

പ്രതി:—അഞ്ചൽപകുതിയിൽ ഏറത്തു മുറിയിൽ കോയിക്കൽവീട്ടിൽ ശങ്കരപ്പിള്ള രാമൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

വാദി പ്രതിയുടെമേൽ അന്യായം ബോധിപ്പിച്ചതനുസരിച്ച് കോർട്ടിൽനിന്നും സമൻ അയച്ചതിൽ കൈപ്പറ്റാതെ തിരിച്ചുവന്നിരിക്കുന്നതിനാൽ ടി നമ്പർ കേസ് വീണ്ടും 1122 കന്നി 29-ാംനുയ്ക്കു വച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്കു പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താം (ഒപ്പ്)

1-31-122

—o—

## പ്രതിസമൻസ്

—o—

ചെങ്കോട്ട മുൻസിഫ് കോർട്ടിൽ
൧൧൨൧ സിവിൽനമ്പ്ര ൪൭.

വാദി.—ചെങ്കോട്ട കസ്പാതഞ്ചാവൂർ തെരുവിൽ മുഹമ്മദുനായിനാർ അണ്ണാവി കോളക്കനിഅണ്ണാവി.

പ്രതി.—തിരുവനന്തപുരം സിററിയിൽ ചാലയിൽ സഭാപതികോവിൽ തെരുവിൽ വ്യാപാരം എൻ. പി. മാടസ്വാമിയാപിള്ള.

ടിപ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പരിൽ പ്രതിക്കു പലപ്രാവശ്യവും സമൻസയച്ചതിൽ കൈപ്പററാതെ മടക്കി അയച്ചിട്ടുള്ളതും ടി നമ്പ്ര ൧൧൨൨ കന്നിമാസം ൨൮-ാംനു-വ്യാഴാഴ്ച വിചാരണയ്ക്കു വച്ചിരിക്കുന്നതുമാകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരം സിദ്ധിച്ച വക്കീലോ ഈ കോർട്ടിൽ ഹാജരായി ഉത്തരം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിയമപ്രകാരം തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

൪-൨-൧൧൨൨.

—o—

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
1122-ൽ ഡി. ആർ. പി. നമ്പർ 1.

ഹർജിക്കാർ 1 വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ തകടിയേൽ പിലിപ്പോസ് ജോസഫ്. 2 ടിയിൽ പിലിപ്പോസ് ത്രേസ്യാ.

എതൃഹർജിക്കാർ.—1 വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ കണ്ടത്തിൽ ബംഗ്ലാവിൽ ഇടിക്കുള മാത്തു. 2. ടി മുറിയിൽ തകടിയേൽ പിലിപ്പോസ് സക്കറിയാ.

ഹർജിക്കാർ 116-ലെ രണ്ടാംആക്റ്റ് 16-ാംവകുപ്പു അനുസരിച്ചു ബോധിപ്പിച്ചിട്ടുള്ള ഈ നമ്പർ ഹർജിസംഗതിക്കു ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ 1122-മാണ്ട കന്നിമാസം 23-ാംനു പകൽ 11 മണിക്കു കക്ഷിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജൻറാ മുഖാന്തിരം ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ഹർജി തീർച്ചചെയ്യുന്നതുമാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

122 കന്നി 15-ാംനു

—o—

## പരസ്യനോട്ടീസ്സ്

—o—

സിവിൽ നടപടി നിയമത്തിൻെറ ആഡർ 21—റൂൾ 64.
വകുപ്പ്.

ആ- പ്രി-മുൻസിഫ് കോർട്ടിൽ
1120-ാംമാണ്ട സി. 155-ാംനമ്പർ ആദ്യവ്യവഹാരം
1121-ൽ വിധിനടത്തു ഹർജി നമ്പർ 526.

വാദി—ആര്യാട്ട തെക്കുപകുതിയിൽ തെക്കനാര്യാട്ടുമുറിയിൽ കണിയാംപറമ്പിൽ കൊച്ചുവുസേപ്പ് കുഞ്ഞൻ എന്നു വിളിക്കുന്ന ലൂയിസ്സ്.

പ്രതി—പ്രക്കാട്ടുപകുതിയിൽ ചെമ്പകശ്ശേരിൽ എന്നുകൂടി കുടുംബപ്പേരുള്ള അഴിക്കകത്തുനിന്നും പുത്തൻപുരയിൽ വേലായുധൻഅരയൻ അയ്യമുഖൻഅരയൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു 1122-മാണ്ട കന്നിമാസം 24-ാംനുക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

1122-ാംമാണ്ട കന്നിമാസം 16-ാംനു

—o—

## പരസ്യം

—o—

പറവൂർ വില്ലേജു പഞ്ചായത്തുകോർട്ടിൽ
1121-ൽ ഫയൽ നമ്പ്ര 27

വാദി—പറവൂർപകുതി പറവൂരുമുറിയിൽ പറവൂരങ്ങാടിയിൽ കച്ചവടം കണ്ണവീട്ടിൽ മുസ്ലിം ഉമ്മർകുട്ടി.

പ്രതി-പറവൂർപകുതി കെടാമംഗലംമുറിയിൽ കളപ്പറമ്പിൽതാമസം തമ്പിപ്പിള്ളി കൊച്ചപ്പൻചെട്ട്യാർ മുത്തയ്യൻചെട്ട്യാർ.

ടി പ്രതിക്കു എഴുതിയ സമൻസ്

മേൽനമ്പരിൽ പ്രതിക്കു ഈ കോർട്ടിൽനിന്നും പലതവണയും സമൻസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതും ടി നമ്പർ കേസ്സ് 122 കന്നി 28-ാംതീയതി തിങ്കളാഴ്ച വിചാരണവച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ 11 മണിക്കു പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രതിയെ കൂടാതെ കേസ്സ് തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122 ചിങ്ങം 28

—o—

## ലേലംനിവാരത്തിനുള്ള അപേക്ഷയായ പ്ഷാറി നോട്ടീസ്സ്

സിവിൽ നടപടിനിയമത്തിൻെറ 291-ാംവകുപ്പ്

പത്തനംതിട്ട മു. കോർട്ടിൽ
വിധിനടത്തുന്ന
തിരുവല്ലാ 1107-ാമാണ്ട
സി. 484-ാംനമ്പർ ആദ്യവ്യവഹാരം

മേഡവർവാദി—എഴമററൂർപകുതിയിൽ കൊററനാട്ടുമുറിയിൽ മേലേകരങ്ങൂരായ കാരാമേലവീട്ടിൽ അയ്യപ്പൻനായർ ഗോവിന്ദൻനായർ,

പ്രതി—1 അയിരൂർപകുതിയിൽ ആഴരുമുറിയിൽ വേലൂകോയിപ്പുത്തായ കടക്കേത്തുവീട്ടിൽനിന്നും എഴമററൂർ കൊററനാട്ടുമുറിയിൽ മങ്കൻതടത്തിൽ കൃഷ്ണൻ നാരായണൻ. 2. അയിരൂർപകുതിയിൽ ആഴരുമുറിയിൽ കടയ്ക്കേത്തു കൃഷ്ണൻ കൃഷ്ണൻ. 3. ടി മുറിയിൽ കടയ്ക്കത്തുനിന്നും മുണ്ടപ്ലാക്കൽതാമസം കൃഷ്ണൻ വേലായുധൻ. 4. എഴമററൂർ കൊററനാട്ടുമുറിയിൽ ചരളയിൽ കേശവൻ നാരായണൻ 5. ടിയിൽ കേശവൻ ഗോപാലൻ. 7. ആഴരുമുറിയിൽ തടത്തിൽനിന്നും ഇടട്ടിക്കുട്ടത്തിൽ താമസം മാമ്മൻ ശിമോൻ. 8. ടി പകുതിയിൽ വെള്ളിയറമുറിയിൽ കാട്ടാത്തനാൽ പിലിപ്പോസ് തോമാ. 10 ടി മുറിയിൽ കാട്ടാത്താനി ചേരിക്കലിൽ താമസം പാപ്പാ മാത്തൻ 11. ടിയിൽ ചാക്കോ സ്കറിയാ. 13. അയിരൂർ വെള്ളിയറമുറിയിൽ കാട്ടാത്താനിൽതാമസം കോശി കോശി. 14. ടി മുറിയിൽ കാട്ടാത്താനിൽ മത്തായി തോമാ. 15. ടി മുറിയിൽ കാട്ടാത്താനിൽ മത്തായി ഗീവർഗീസ്. 16. ടിയിൽ താമസം തൈനാം ഏബ്രഹാം. 17. ടി മുറിയിൽ പ്ലാച്ചേരിൽനിന്നും പുതുക്കുളങ്ങരചേരിക്കലിൽ വർഗീസ് മത്തായി. 21. തിരുവാമണ്ടൂർപകുതിയിൽ ഉമയാററുകരമുറിയിൽ മൂത്തേടത്തു വഞ്ചിപ്പുഴമഠത്തിൽ സുബ്രഹ്മണ്യരു ശ്രീദേവിഅന്തർജ്ജനം. 22 ടിയിൽ നാരായണരു ശ്രീദേവിഅന്തർജ്ജനം. 23. പുലിയൂർപകുതിയിൽ ചേരിക്കുതിമുറിയിൽ ഇടവനമഠത്തിൽ പരമേശ്വരരു ശ്രീദേവിഅന്തർജ്ജനം. 24. ടിയിൽ പരമേശ്വരരു ഗോപാലകൃഷ്ണൻ. 25. കൊട്ടാരക്കര വാഴരുമഠത്തിൽനിന്നും ടി മൂത്തേടത്തുമഠത്തിൽതാമസം പുവരരു നീലകണ്ഠരുഭട്ടതിരി. 26. അയിരൂർ വെള്ളിയറമുറിയിൽ ചരിവുപുരയിടത്തിൽ അബ്രഹാം ചാക്കോ. 27. ടിയിൽ അബ്രഹാം സൈമൺ. 28. ടിയിൽ അബ്രഹാം ഗീവർഗീസ്. 29. ടിയിൽ അബ്രഹാം മറിയാമ്മ. 30. ടിയിൽ അബ്രഹാം മറിയാമ്മ. 31. ടി മുറിയിൽ മനപ്രത്തുനിന്നും പൂതംകുഴിയിൽ താമസം ഈശോ ചാക്കോ. 32. ടിയിൽ ഈശോ മറിയാമ്മ. 33. ടി മുറിയിൽ മേലേത്തായ തുണ്ടങ്കൽതാമസം വറീതു തോമാ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

## പരസ്യം

—o—

മാവേലിക്കര ജില്ലാക്കോടതിയിൽ
116-ൽ ഐ പി നമ്പർ 74.

ഹർജിക്കാർ:—ചാക്കോവക്കി മുതൽ പേർ.

എതൃഹർജിക്കാരൻ:—തലവടി പകുതിയിൽ കുതിരക്കുഴിമുറിയിൽ മാമൂട്ടിൽ ഇടിച്ചാണ്ടി ചാക്കോ.

ടിനമ്പരിൽ കോർട്ടധീനത്തിൻ എടുത്തിട്ടുള്ള താഴെപ്പറയുന്ന വസ്തുക്കളിൽ പുരയിടങ്ങൾ ഒരുകൊല്ലത്തേക്കും പുഞ്ചനിലങ്ങൾ 122-മാണ്ടത്തെ പുഞ്ചകൃഷിക്കുമായി പാട്ടത്തിനു അഫിഷ്യൽറസീവരുടെ ആഫീസിൽവെച്ചു 122-മാണ്ട് കന്നിമാസം 26-ാംനു പകൽ 1 മണിമുതൽ ലേലം ചെയ്യുന്നതാണ്. ലേലത്തിൽ ചേരുന്നവർ 10 രൂപാ നിരതദ്രവ്യം വെക്കേണ്ടതും പുരയിടങ്ങളുടെ പാട്ടം മുൻപേറ അടയ്ക്കേണ്ടതും നിലത്തിൻെറ പാട്ടംവക നെല്ലിൻെറ നിരക്കുവിലയിൽ മൂന്നിൽ ഒരു ഭാഗം ഡിമാണ്ടുകെട്ടിവെക്കേണ്ടതും പാട്ടം നെല്ലായിത്തന്നെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. അഫിഷ്യൽറസീവരുടെ യുക്തംപോലെ ലേലം മാററിവെക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾ അഫിഷ്യൽറസീവരിൽനിന്നും അറിയാവുന്നതാണ്.

വസ്തുവിവരം 1 അമ്പലപ്പുഴതാലൂക്കിൽ തലവടിപകുതിയിൽ സർവേ 142/7, 142/8 എ. ബി., 142/10, 142/9 എ. ബി. 143/8 ഈ നമ്പരുകളിൽ ഒന്നായി കിടപ്പ് 1 ഏക്കർ 7 സെൻറുള്ള മാമൂട്ടിൽപുരയിടവും അതിൽ നില്പുള്ള കെട്ടിടങ്ങളും 2. ടി പകുതിയിൽ സർവ്വേ140/5 6-7 8 ഈ നമ്പരുകളിൽ ഒന്നായികിടപ്പ് 3 ഏക്കർ 22 സെൻറുള്ള നിലവും അതിൽപെട്ടനികത്തും കെട്ടിടങ്ങളും ആകുന്നു.

പി. തോമസ് (ഒപ്പ്
ഇൻററിം റസീവർ

122 കന്നി 15-ാംതീയതി

—o—

ആലപ്പുഴ പ്രിൻസിപ്പൽ മുൻസിഫ് കോർട്ടിൽ
1121-ാമാണ്ട ആദ്യനമ്പർ സി 611

വാദി—തകഴി പകുതി പടഹാരംമുറി പാനോത്തു വീട്ടിൽ ശങ്കരപ്പിള്ള പങ്കജാക്ഷൻപിള്ള.

പ്രതി—5. തകഴിപകുതി പടഹാരം മുറി കടമ്പ്രത്തായ പറമ്പുത്താവീട്ടിൽ ഗോവിന്ദപ്പിള്ള ഭാസ്കരൻപിള്ള, 6. ടിയിൽ ഗോവിന്ദപ്പിള്ള ഗോപിനാഥൻ പിള്ള.

മേൽപറഞ്ഞ പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ട കന്നിമാസം 29-ാംനു ചൊവ്വാഴ്ച പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാചോദ്യങ്ങൾക്കും ഉത്തരം പറവാൻ തക്കവണ്ണം വേണ്ടുന്ന അറിവു കൊടുക്കപ്പെട്ടതോ അല്ലെങ്കിൽ അങ്ങിനെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽ പറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെക്കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണ ചെയ്തു തീർച്ചയാക്കുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

1122-ാംമാണ്ട കന്നിമാസം 3-ാംനു

---

ടി നമ്പ്രിൽ വിധിക്കുകടക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിക്കുകയിൽ വകവച്ചു കൂടുതൽ സംഖ്യയ്ക്കു വിളിക്കുവാൻ അനുവാദം കൊടുക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ 122-മാണ്ട കന്നിമാസം 26-ാംനു പകൽ 11 മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയുംവേണം.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

121 ആടി 30

## പരസ്യം (പ്രതിസമൻ)

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
121 സി നമ്പ്ര 379.

വാദി—പെരിനാട്ടപകുതിയിൽ ചങ്ങൻകുളങ്ങരമുറിയിൽ കമ്പളത്തുവീട്ടിൽ മുഹമ്മദുസുൽത്താൻപിള്ള

വക്കീൽ മി: കെ. കത്തൻ.

പ്രതികൾ—1 കൃഷ്ണപുരംപകുതിയിൽ മേമനമുറിയിൽ കട്ടപ്പൻപുരയിടത്തിൽ ചോകോരതങ്ങൾകുഞ്ഞു, 2 കൊല്ലം കിളികൊല്ലൂർ പകുതിയിൽ കന്നിമേൽചേരിയിൽ കമ്മാഞ്ചേരിൽനിന്നും കൃഷ്ണപുരംപകുതിയിൽ മേമനമുറിയിൽ കണ്ടത്തിൽതായിൽ താമസിച്ചുവരുന്ന ഗോവിന്ദൻ കൊച്ചുപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

നിങ്ങളുടെമേൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിന സമാധാനംബോധിപ്പിക്കാനായി 122 കന്നി 24-ാംനു അവധിവച്ചിരിക്കുന്നതും അതിന്നെപ്പററി വല്ല ആക്ഷേപവുമുണ്ടെങ്കിൽ ടി തീയതി പകൽ 11 മണിക്കു കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷംനിങ്ങളെക്കൂടാതെ കേസു തീരുമാനിക്കുന്നതുമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

122 കന്നി 3-ാംനു

—o—

## പരസ്യം

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

ചങ്ങനാശ്ശേരി മുൻസിഫ് കോർട്ടിൽ
116 സ്മാൾ 270-ാം നമ്പർ

വാദി—തിരുവിതാംകൂർ നാഷ്യനൽ ആൻഡ് ക്വയിലോൺബാങ്ക് ക്ലിപ്തം. ടി ബാങ്കിനുവേണ്ടി അഫിഷ്യൽ ലിക്വിഡേറ്റർ കെ. എം. ശിവശങ്കരൻ ടിയാനുവേണ്ടി മുക്ത്യാർകാരൻ വി. കളത്തൂഅയ്യർ.

പ്രതി—കാഞ്ഞിരപ്പള്ളി പകുതിയിൽ ടി മുറിയിൽ പൊൻകുന്നത്തു തെറെവീട്ടിൽനിന്നും മീനച്ചിൽ മുൻസിഫ് കോടതിക്കുസമീപം താമസം കൊച്ചുമത്തു കൊച്ചുണ്ണി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 121 ഇ പി. 218-ാം നമ്പർ ഹർജിസംഗതി 122കന്നി 25-ാംനു വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

122 കന്നി 10-ാംനു

—o—

### വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്
സിവിൽ നടപടി നിയമത്തിന്റെ
ആഡർ- 21, റൂൾ 33, 34, 92, 93.

കരുനാഗപ്പള്ളി മുൻസിഫ് കോർട്ടിൽ
1100-മാണ്ട് സി. 119-ാം നമ്പർ
ആദ്യവ്യവഹാരം.

ഡിക്രീഡാർ വാദി—കൃഷ്ണപുരംപകുതി ചിറക്കടവംമുറിയിൽ കുന്നത്താളിവടക്കതിൽ അയ്യപ്പൻ കൃഷ്ണർവൈദ്യൻ.

പ്രതി:—തഴവാ പകുതി വടക്കുംമുറി പടീറാക്കരമുറിയിൽ പ്ലാമൂട്ടിൽ ഈശാനൻ പത്മനാഭൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ സന്നതിൽ കൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു ടി വാദി അപേക്ഷിച്ചതനുസരിച്ചു 1122-ാംമാണ്ട കന്നിമാസം 24-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചു കൊടുക്കുന്നതിനു ആമ്യൻ ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

നോട്ടീസുവിചാരണ 22 2-122

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-കന്നി-10

## പ്രതിസമൻ

വൈക്കം മുൻസിഫ് കോർട്ടിൽ
1121-ൽ സിവിൽ—608

വാദികൾ—1. പാണാവള്ളിപകുതിയിൽ ടി മുറിയിൽ ചിററയിൽ പുത്തൻപുരയ്ക്കൽവീട്ടിൽ നാണിഅമ്മ കുഞ്ഞിക്കുട്ടിഅമ്മ. 2. ടിയിൽ മെമ്പർ കുഞ്ഞുക്കുട്ടിഅമ്മ. സുഭദ്രഅമ്മ.

പ്രതി.—മണക്കന്നംപകുതി ഉദയംപേരൂർമുറിയിൽ മാങ്കാമനസ്സിൽ ദാമോദരൻ കുഞ്ഞൻനമ്പൂതിരിപ്പാട്.

മേൽനമ്പരിൽ പ്രതിക്കു സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിട്ടുള്ളതിനാൽ പ്രതി ഹാജരാകാൻ കേസ് 1122 കന്നിമാസം 25-ാംനുക്കു അവധി വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെ ഇരുന്നാൽ പ്രതിയെക്കൂടാതെ കേസു തീർച്ച ചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം,
ഹെഡ്ഗുമസ്തൻ (ഒപ്പ്.)

2-2-1122.

—o—

### എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
൲൰ സിവിൽ ൲

ഹർജിക്കാരൻ- കാഞ്ഞിരപ്പള്ളിപകുതിയിൽ എടക്കുന്നംമുറിയിൽ കരടിമലചാരിക്കലിൽ താമസിക്കും മംഗലത്തിൽ ഇട്ടിയവിരാ ചെറിയതു്.

പ്രതികൾ—൧. ടി മുറിയിൽ ചിറാടിമംഗത്തു പോത്തൻമലെ താമസിക്കും ചിലമ്പിക്കുന്നേൽ അവുസേപ്പ് അവുസേപ്പ്. ൨ ടിയിൽ താമസം അവുസേപ്പ് തൊമ്മൻ. ൩ ടിയിൽ അവുസേപ്പ് മറിയം.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേധാവൽ സ്ഥിരപ്പെടുത്തി ഹർജിക്കാരനെ കൂട്ടതൽ വാദിയായി കക്ഷിചേർക്കുന്നതിന അനുവദിച്ചുത്തരവുണ്ടാകണമെന്നും മറ്റും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ൲൧൨൨ സിവിൽ വിധിനടത്തു ൧൩൨-ാം നമ്പർ ഹർജിസംഗതി ൲൨൨ കന്നിമാസം ൨൪-ാംതീയതിക്കു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൲൨൨ ചിങ്ങം ൩൦

—o—

## പരസ്യം

മീനച്ചിൽ മുൻസിഫ് കോർട്ടിൽ
൲൨൦-ൽ സിവിൽ നമ്പർ ൬൩൨:

വാദി കിടങ്ങൂർപകുതിയിൽ മാറിയിടംകരയിൽ വടക്കെനെല്ലിക്കുന്നേൽ തൊമ്മൻ ചാക്കി.

പ്രതികൾ—൧ ഇലയ്ക്കാട്ടുപകുതിയിൽ വയലാകരയിൽ ചെറുതൊട്ടാക്കൽ പാക്കും ചെള്ളിപ്പടവിൽ കോന്തിപത്മനാഭൻ. ൨ തൊട്ടുപുഴതാലൂക്കിൽ തൊട്ടുപുഴപകുതിയിൽ കരിംകുന്നംമുറിയിൽ വല്യവീട്ടിൽപാക്കും ചെള്ളിപ്പടവിൽ കോന്തി നാരായണൻ. ൩ ടി കരിംകുന്നംമുറിയിൽ തോയിപ്പറപ്പാക്കൽപാക്കും കോന്തി ഗോപാലൻ. ൪ ടി മുറിയിൽ കളത്തുകൽപാക്കും ചെള്ളിപ്പടവിൽ കോന്തി കുമാരൻ. ൫ ടിയിൽ താമസിക്കും കോന്തി എളയച്ചി. ൬ ടി കരിംകുന്നംമുറിയിൽ ചോലത്തോട്ടത്തിൽ കോത ചക്കി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പർ അന്യായംമററ എഴുതി ഹാജരാക്കാൻ അനുവദിക്കണമെന്നു വാദി ബോധിപ്പിച്ചിട്ടുള്ള ഹർജിസംബന്ധിച്ചു ടി പ്രതികൾക്കു ആക്ഷേപമുണ്ടെങ്കിൽ ൲൨൨ കന്നി ൨൩-ാംതീയതി പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

൲൨൨ കന്നി ൧൦.

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

ചേ-പ്രി-മു-കോർട്ടിൽ
൲൨൦-മാണ്ട സി. ൲൨൨൨

വാദി:—തുറവൂർതെക്കപകുതി പടിഞ്ഞാററംകര തെക്കുംമുറിയിൽ ഇരുത്തിക്കട്ട മാടപ്പള്ളിൽ ദേവൻ നാരായണക്കത്താവ്.

പ്രതികൾ:—൧. വൈക്കം താലൂക്കു കിഴക്കുംചേരിമേൽ വടക്കുംമുറിയിൽ മൂലക്കാട്ടുവീട്ടിൽ പത്മനാഭപിള്ള രാഘവൻപിള്ള, ൨. ടിയിൽ പത്മനാഭപിള്ള കുമാരപിള്ള, ൩. ടിയിൽ പത്മനാഭപിള്ള ദാമോദരൻപിള്ള, ൪. ടിയിൽ കുട്ടിയമ്മ ജാനകിഅമ്മ, ൫. ടിയിൽ ജാനകിയമ്മ ഭാനുമതിയമ്മ, ൬. ടിയിൽ ജാനകിയമ്മ സരോജനിയമ്മ, ൭. തുറവൂർ തെക്കുപകുതി പടിഞ്ഞാററംകര തെക്കുംമുറിയിൽ കുന്നേപ്പറമ്പിൽ കിഴക്കെനികത്തിൽ പാക്കും പറമ്പുംപെള്ളിൽ ചന്തിരൻ ശങ്കരൻ, ൮. ടി മുറിയിൽ കൊട്ടാരത്തിൽ താമസിക്കും കിടക്കാടപിഷാരാപറമ്പിൽ നാരായണൻ കൃഷ്ണർനായർ, ൯. ടിമുറിയിൽ കുന്നേൽപ്പറമ്പിൽ താമസിക്കും തുനിക്കാട്ടു ആശാരിവേലു നാരായണൻ, ൰. തുറവൂർ പടിഞ്ഞാററംകര വടക്കുംമുറിയിൽ പുല്ലാട്ടുതറയിൽ താമസിക്കും കൊല്ലാറ കേശവൻ ഗോവിന്ദൻ, ൰൧. ടിമുറിയിൽ നികത്തിൽപാക്കും ചാത്തംവേലിൽ അന്നേച്ചിമകൻ ഈശരിക്കുട്ടി., ൰൨. ടിയിൽ അന്നേച്ചി അവുസ്സേപ്പ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

കേസു വീണ്ടും ഫയലിൽ എടുക്കാൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന൲൨൨-മാണ്ട് സിവിൽ പലവക ൨൦൩൪-ാംനമ്പ്ര ഹർജിസംഗതി ൲൨൨-മാണ്ട കന്നിമാസം ൨൯-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ കേസു തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ ഗുമസ്തൻ (ഒപ്പ്.)

൲൨൨-മാണ്ട് ആടിമാസം ൨൯-ാംനു

—o—

## ലേലപരസ്യം

—o—

നെയ്യാററിൻകര പ്രിൻസിപ്പൽ മുൻസിഫ് കോർട്ടിൽ
1107-സിവിൽ-959

വാദി—കുളത്തൂ പകുതിയിൽ കുളത്തൂർ ദേശത്തു് അരങ്കവിളാകത്തുവീട്ടിൽ പത്മനാഭപിള്ളപരമേശ്വരൻപിള്ളമുതൽപേർ

പ്രതികൾ—തിരുപുറംപകുതിയിൽ പൂവാർദേശത്തു് കല്ലാക്കൽവീട്ടിൽ ചെയ്യുമുഹമ്മദ് മുഹമ്മദ് അബ്ദുൾകാദർ മുതൽ പേർ

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

1) ടിനമ്പർ വിധിക്കടത്തിനായി പ്രതികളുടെവക കുളത്തൂർപകുതിയിൽ. ടി ദേശത്തു ലക്കം 10-ൽ പണ്ടാരവക ഒററിയുനാംസരവ് 501-ൽ 1-ൽ 2 ഏക്കർ 30 സെൻറുള്ള വലിയാററപുറമായ വിളതട്ടപുരയിടവും, വൃക്ഷങ്ങളും.

2) ടിയിൽ ശ്രീകണ്ഠേശ്വരത്തു ദേവസ്വംവക പാട്ടം ലക്കം 5ൽ സർവ്വേ 391 ൽ 12 ൽ 52 സെൻറുള്ള ഉപ്പുപാടു തടി ഒന്നു നിലം ഒരു കപനം ചെയ്തുന്ന തരിശുപുരയിടവും വൃക്ഷങ്ങളും

3) ടിയിൽ ലക്കം 21 ൽ സർവ്വെ 392 ൽ 12 ൽ 60 സെൻറുള്ള യാമ്പച്ച തടി ഒന്നു നിലം നികന്ന തരിശുപുരയിടവുംവൃക്ഷങ്ങളുംകൂടെ 1122-മാണ്ട കന്നിമാസം 23-ാംനു പകൽ 12 മണക്കു ഈ കോർട്ടിൽവച്ചു ലേലം ചെയ്യപ്പെടുമെന്നുള്ള വിവരം ഇതിനാൽ പരസ്യംചെയ്തിരിക്കുന്നു,

ഉത്തരവും പ്രകാരം,
ഹെഡ ഗുമസ്തൻ (ഒപ്പ്.)

൲൨൨-മാണ്ട കന്നിമാസം 10-ാംനു

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കൊ-അ-മു-കോർട്ടിൽ
118-ാമാണ്ട സി. 1362.

വാദി—കൊല്ലം എസ്. എൻ. വി. സംസ്കൃതഹൈസ്കൂൾ അദ്ധ്യാപകൻ രാമൻ നാരായണൻ.

3-ാംപ്രതി—തൃക്കടവൂർ പകുതിയിൽ ഞാറയ്ക്കൽ ചേരിയിൽ കാവിളവീട്ടിൽ ഗോവിന്ദൻ ഗംഗാധരൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര വിധിനടത്തിച്ചു കൊടുക്കുന്നതിനുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട ഇ. പി. 739 ാം നമ്പർ ഹർജിസംഗതി 122-ാമാണ്ട കന്നിമാസം 25-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)

1122-ാമാണ്ട് ചിങ്ങമാസം 29-ാംനു

—o—

### B II
### നോട്ടീസ്സ്

കൊല്ലം ജില്ല കോർട്ടിൽ
1121 അപ്പീൽ 108

വാദി—ലിക്വിഡേഷനിലിരിക്കുന്ന സിററിബാങ്ക് ക്ലിപ്തം ഒഫിഷ്യൽ ലിക്വിഡേറ്റർ തിരുവനന്തപുരത്തുതാമസം അഡ്വക്കേററ് മി. പി. എസ്. അച്യുതൻപിള്ള.

പ്രതി—കൂട്ടതൽ 4-ാംപ്രതി തിരുവനന്തപുരത്തു കുന്നുകുഴിയിൽ ഗൌരീവിലാസം ബംഗ്ലാവിൽ താമസം മൈനർ ഷെലീസബെത്തു ഫിലിപ്പ്. രക്ഷാകർത്താവു ടിയിൽതാമസം കൂട്ടതൽ 5-ാംപ്രതി ടി മൈനറിന്റെ തള്ള റെബേക്കാ ജെമ്മാബേക്കാഅമ്മയെ തെര്യപ്പെടുത്തുന്നതു്.

ടി മൈനറിന്റെ രക്ഷാകർത്താവായ കൂട്ടതൽ 3-ാംപ്രതിക്കു ഈ കോടതിയിൽനിന്നും പലതവണ നോട്ടീസയച്ചതിലും കൈപ്പററാതെ മടങ്ങിഅയച്ചുവരുന്നതും ടി കേസ് 122 കന്നി 29-ാംതീയതി വിചാരണവച്ചിരിക്കുന്നതുമാകയാൽ അന്നേദിവസം പകൽ ടി രക്ഷാകി ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം ടി നമ്പർ ടി മൈനറിനു ദോഷമായി തീർച്ച ചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

122 കന്നി 1.

—o—

## പരസ്യം

—o—

അട്ടൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ
120-ൽ സ്മാൾ നമ്പ്ര 105.

വാദി:—കൊച്ചീസംസ്ഥാനത്തു കണയന്നൂർതാലൂക്കു വെള്ളാപ്പള്ളി തെക്കുംഭാഗം വില്ലേജുതെക്കുംഭാഗംദേശത്തു അകപ്പൂരമനയ്ക്കൽ ഇരവി വാസുദേവൻനമ്പൂരിപ്പാട്ടിന്നു.

പ്രതി—2. ഏനാദിമംഗലംപകുതിയിൽ കലഞ്ഞൂമുറിയിൽ കിഴക്കേവീട്ടിൽ പെരുമാൾപിള്ള വേലുപ്പൻപിള്ള.

ടിപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു ഈകോർട്ടിൽനിന്നും സമൻസു മുതലായ നടപടികൾ നടത്തിയതിൽ കൈമാററാതിരിക്കുന്നതും മേൽനമ്പ്ര കേസു 122 കന്നിമാസം 28-ാംനു-വിചാരണക്കു വച്ചിരിക്കുന്നതും ആകയാൽ ടിപ്രതി നേരിട്ടോ അധികാരപ്പെട്ട വക്കീലോ ഏജന്റോമുഖാന്തിരം ഈകോർട്ടിൽഹാജരാകാത്തപക്ഷം അന്നേദിവസം ടി പ്രതിയെക്കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ ഗുമസ്തൻ (ഒപ്പ്)

31 1 122.

—o—

മലയാളരാജ്യം

# പകിസ്ഥാൻ

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്. സി.

III

അടുത്തതായി പകിസ്ഥാന്റെ സംസ്ഥാപനത്തിനു വിഘാതമായി നില്ക്കുന്ന പ്രതിബന്ധങ്ങളെപ്പറ്റി അല്പം ഒന്നു സൂചിപ്പിക്കേണ്ടിയിരിക്കുന്നു. പ്രായോഗികതകളെ പരിഗണിക്കാതെ സിദ്ധാന്തങ്ങളെ മാത്രം മുറുകെപ്പിടിച്ച് മുന്നോട്ടുപോകാൻ അധികനാൾ സാധിക്കയില്ല. പരിപൂർണ്ണഫലം നിശ്ചയിക്കുന്നതിനുമുമ്പ് എപ്പോഴെങ്കിലും യാഥാർത്ഥ്യവുമായി ഏറ്റുമുട്ടേണ്ടതായിട്ടാണിരിക്കുന്നതു്. സൂക്ഷിച്ചും ചിന്തിച്ചും ചുവടുവച്ചാൽ പരാജയം ഉണ്ടാകാതെ കഴിച്ചുകൂട്ടാം.

പകിസ്ഥാൻവാദം കേവലം നിസ്സാരമായ ഒന്നല്ല. അതു് ഇന്ത്യൻരാഷ്ട്രീയത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കുന്ന ഒന്നാണ്. ഇന്നു ഭാരതം സ്വാതന്ത്ര്യത്തിന്റെ പടിവാതുക്കൽ എത്തിയിരിക്കുന്നു. അവൾ ഇനിയും വയ്ക്കുന്ന ചുവടുകൾ വളരെ സൂക്ഷിച്ചായിരിക്കണം. അവളുടെ ഒരു പ്രവൃത്തിയും തെറ്റാൻ പാടില്ല. അവൾക്കു് ഇന്നു പറ്റുന്ന തെറ്റുകളുടെ അനന്തരഫലം മൂകലക്ഷങ്ങളുടെ ഭാവിയെ ബാധിക്കുന്നതാണ്. ഇന്ത്യൻപ്രശ്നം ലോകത്തിന്റെ ഒരു ചെറുവിഭാഗമായ ഭാരതത്തെ മാത്രം ബാധിക്കുന്ന ഒന്നല്ല. അതു് ഒരു അന്തർദ്ദേശീയപ്രശ്നം കൂടിയാണ്. ഇതു പരിഹരിക്കാതെ സൃഷ്ടിക്കുന്ന ഏതൊരു വ്യവസ്ഥിതിയും ശാശ്വതമായിരിക്കുന്നതല്ല. ഇതിൽ നിന്നെല്ലാം പകിസ്ഥാന്റെ പ്രാധാന്യം സ്പഷ്ടമാണ്.

1. സിക്കുകാർ:—പകിസ്ഥാൻ പ്രായോഗികമാകുന്നതിനു മുമ്പ് പ്രബലമായ ഒരു പ്രതിരോധം സിക്കുകാരിൽനിന്നു നേരിടേണ്ടിവരും. പഞ്ചാബിലെ അംബാല ഡിവിഷൻ മുസ്ലിമേതരരുടെ പക്ഷമുള്ള പ്രദേശമാണ്. അതിനാൽ ആ ദേശം പകിസ്ഥാനിൽനിന്നു വേർതിരിച്ച്, ഇന്ത്യയുടെ മറ്റുഭാഗങ്ങളുമായി ചേർന്നു നില്ക്കുന്നതിനു് അനുവദിക്കുന്നതാണ്. എന്നാൽ ഇങ്ങനെയുള്ള ഒരു വേർതിരിക്കൽ പഞ്ചാബിലെ സിക്കുകാരെ രണ്ടു വിഭാഗങ്ങളിലാക്കിത്തീർക്കുന്നതാണ്. അങ്ങിനെ അവർ വിഭജിക്കപ്പെട്ടുപോകും. സിക്കുകാർ ഒരു ചെറിയന്യൂനപക്ഷം മാത്രമാണെന്നുള്ളതു ശരിതന്നെ. പഞ്ചാബിലെ ജനസംഖ്യയിൽ 15 ശതമാനം മാത്രമാണു് സിക്കുകാർ എന്നിരുന്നാലും അവര സ്വതന്ത്രരായ ഒരു വിഭാഗമാണ്. അവരെ വിഗണിക്കുക എളുപ്പമല്ല. സിക്കുകാരുടെ രാജ്യം ബ്രിട്ടീഷുകാർ പിടിച്ചടക്കിയശേഷം, ഇന്നത്തെ പഞ്ചാബിന്റെ സൃഷ്ടിക്കു് അവർ ഒരു സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അവരുടെ വിശുദ്ധനാടാണ് പഞ്ചാബ്. അവരുടെ മതഗുരുക്കളുടെയും രക്തസാക്ഷികളുടെയും ജീവിതകഥകളോടുബന്ധമുള്ള അനവധി വിശുദ്ധതീർത്ഥാടനസ്ഥലങ്ങൾ പഞ്ചാബിലുണ്ട്. പഞ്ചാബ് ഒരു മുസ്ലീം സംസ്ഥാനമാണെന്നുള്ള മുസ്ലീങ്ങളുടെ അവകാശവാദം സിക്കുകാർ സമ്മതിക്കുന്നില്ല. പട്ടണങ്ങളിലെ സ്വത്തുക്കളുടെ എൺപതുശതമാനത്തിന്റെയും ഉടമസ്ഥർ അമുസ്ലീങ്ങളാണ്. എൺപതുശതമാനം ആദായനികുതി കൊടുക്കുന്നതും മുസ്ലിമേതരർതന്നെ. വ്യവസായങ്ങൾ, ഫാക്ടറികൾ, മില്ലുകൾ, ബാങ്കുകൾ ഇൻഷ്വറൻസ് കമ്പനികൾ, സിനിമാവ്യവസായശാലകൾ മുതലായവയുടെ അധികപങ്കും മുസ്ലിമങ്ങളുടെ അല്ല. സംസ്കാരത്തിൽ വരുന്ന വ്യത്യാസങ്ങളും വളർച്ചകളും സൃഷ്ടിക്കുന്നതു് മുസ്ലിമേതരസങ്കേതങ്ങളിലെ പ്രേരണമൂലമാണ്. ഇന്ത്യാവിഭജനത്തിനെതിരായി ആദ്യം കാഹളം മുഴക്കിയതു് സിക്കുകാരാണ്. "ഞങ്ങൾ സർവ്വശക്തികളുമുപയോഗിച്ച് അഖിലേന്ത്യാസ്ഥാനത്തിൽനിന്നു് പഞ്ചാബിനെ മാറ്റിനിറുത്തുന്നതു് എതിർക്കുന്നതാണ്." എന്നു് അവർ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. മതത്തെ അടിസ്ഥാനമാക്കിയുള്ള ഏതൊരു പങ്കുവെപ്പിനേയും അവർ എതിർക്കുമെന്നു് പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. അങ്ങിനെയുള്ളവാദം പ്രകൃതിനിയമങ്ങൾക്കുവിപരീതവും പിന്തിരിപ്പനും പൊതുനന്മകൾക്കു വിഘാതവും ആണെന്നു് അവർ ബലമായി വിശ്വസിക്കുന്നു. സിക്കുസമുദായത്തിന്റെ മരണമായിരിക്കും അങ്ങിനെയുള്ള ഒരു വ്യവസ്ഥയെന്നു് ആത്മാർത്ഥമായി അവർ കരുതുന്നു. അതിനെതിരായി അവസാന ആളുവരെ പോരാടുന്നതിനു് അവർ സന്നദ്ധരാണ്.

സിക്കുകാരുടെ അഭിപ്രായത്തെ നിസ്സാരമായി തള്ളിക്കളയാൻ സാധിക്കുന്നതല്ല. ഒരു പ്രത്യേകനേഷനാണ് അവർ എന്നുള്ള സിക്കുകാരുടെ അവകാശവാദം മുസ്ലീങ്ങളുടേതിനേക്കാൾ പ്രബലമായിട്ടുള്ളതാണ്. അഖിലേന്ത്യാ സിക്കുവിദ്യാർത്ഥി ഫെഡറേഷൻ ആവേശത്തോടെ പറയുന്നു. 'ഇന്ത്യയിൽ ഒരു പ്രത്യേക നേഷൻ ഉണ്ടെങ്കിൽ അതു സിക്കുനേഷൻ മാത്രമാണ്.'—എന്നു്. മുസ്ലീം മന്ത്രിസഭാഭരണത്തിൻകീഴിൽ അവർക്കു് അനവധി അവശതകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു് അവർ പറയുന്നു. കാൺഗ്രസ് ഭരണത്തിൻകീഴിൽ കഴിഞ്ഞുകൂടേണ്ടിവന്ന മുസ്ലീമങ്ങൾ അനുഭവിച്ചു എന്നു പറയപ്പെടുന്ന സങ്കടങ്ങളെക്കാൾ പ്രബലങ്ങളായ തെളിവുകളുണ്ട് സിക്കുകാർക്കു് ഇതു വ്യക്തമാക്കാൻ. ഐക്യസംസ്ഥാനത്തു് പതിമൂന്നു ശതമാനം മുസ്ലീങ്ങളാണ്. പഞ്ചാബിൽ അത്രത്തോളം സിക്കുകാരുമുണ്ട്. എന്നാൽ ഐക്യസംസ്ഥാനത്തു് മുസ്ലീങ്ങൾക്കു് 35-ശതമാനം സീറ്റുകൾ നൽകിയപ്പോൾ പഞ്ചാബിൽ സിക്കുകാർക്കു് നൽകിയതു് 19-ശതമാനം മാത്രമാണ്. പഞ്ചാബിലെ എക്സിക്യൂട്ടീവ് ഗവൺമെന്റിൽ അവരുടെ അവകാശങ്ങൾ പിൻതള്ളിയിട്ടുണ്ട്. എല്ലാ പ്രധാന ഉദ്യോഗങ്ങളും മുസ്ലിമങ്ങൾക്കാണ് നൽകിയിട്ടുള്ളതു്. സിക്കുകാരെ മനഃപൂർവ്വം ഇതിൽനിന്നെല്ലാം മാറ്റിനിറുത്തിക്കളഞ്ഞു. ഇങ്ങനെയുള്ള പല പരാതികൾ സിക്കുകാർ പറയുന്നുണ്ട്.

സിക്കുകാർപൊതുവേ സമത്വമനസ്കരായ കർഷകരാണ്. അവർ പഞ്ചാബിലെ ഏറ്റവും ഫലഭൂയിഷ്ഠമായപ്രദേശങ്ങളുടെ ഉടമസ്ഥരുമാണ്. നാൽപതു ശതമാനം സംസ്ഥാനികവരുമാനം അവരാണ് കൊടുക്കുന്നതു്. മോണ്ടഫോർഡ് പരിഷ്കാരം പ്രവർത്തിച്ചുതുടങ്ങവേ ഒരു എക്സിക്യൂട്ടീവ് കൌൺസിലർ എന്നും ഒരു സിക്കുകാരനായിരുന്നു. 1926-മുതൽ ഒരു പുതിയ മുസ്ലീംമെജാരിറ്റി കൂടുതൽ ഏർപ്പെടുത്തപ്പോഴും മന്ത്രിസഭയിൽ സിക്കുകാർക്കു് 25 ശതമാനം സീറ്റുകൾ നൽകി. ഇങ്ങനെയൊക്കെ സിക്കുകാർക്കു് പഞ്ചാബിലുള്ള പ്രാധാന്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

സിക്കുകാർക്കു് ഒരു നേഷൻ എന്ന പദത്തിൻ സകല അവകാശങ്ങളുമുണ്ട്. പഞ്ചാബ് അവരുടെ ജന്മനാട് (home land) ആണ്. മാസ്റ്റർ താരാസിങ്ങ് പറയുന്നതുതന്നെ കേൾക്കുക:—"പഞ്ചാബ് ഒരു മുസ്ലീംപ്രോവിൻസ് അല്ല എന്നതത്ത്വത്തിലുറപ്പിച്ചാണ് ഞാൻ എന്റെ വാദം പുറപ്പെടുവിക്കുന്നതു്. ഇവിടെ മുസ്ലീങ്ങൾ ഒരു ഭൂരിപക്ഷമാണെന്നും ഞാൻ സമ്മതിക്കയില്ല. പഞ്ചാബിന്റെ ചരിത്രം സിക്കുകാരുടെ ചരിത്രമാണ്. ആ നാട് സിക്കുഗുരുക്കളുടെയും സിക്കുമതത്തിന്റെയും ജന്മഭൂമിയാണ്. പഞ്ചാബിലെ, എല്ലാമല്ലെങ്കിലും ഒരു പ്രധാനപങ്കു് രക്തസാക്ഷികളും സിക്കുകാർതന്നെ. അവർമാത്രം ആണ് പഞ്ചാബിലെ സംസ്കാരത്തേയും ഭാഷയേയുംപറ്റി അഭിമാനം കൊള്ളുന്നവർ. ഒരു മുസ്ലീംകവി മെക്കായേയും മെദീനായേയും പറ്റിപാടുന്നു; ഒരു ഹിന്ദുകവി ഗംഗയേയും കാശിയേയും പുകഴ്ത്തിപ്പാടുന്നു. എന്നാൽ ഒരു സിക്കുകവി മാത്രമാണ് പഞ്ചാബിലെ രാവിയേയും ചീനാബിനേയും പറ്റിപാടുന്നതു്. സിക്കുകർ മാത്രമേ യഥാർത്ഥപഞ്ചാബികൾ."

മനസ്സിനെ ഇളക്കുന്ന നൂതനങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും അതിവേഗം പ്രചരിക്കുന്നു. പകിസ്ഥാൻവാദം ഇത്ര ചുരുങ്ങിയകാലംകൊണ്ട് വളർന്നു പുഷ്ടിപിടിച്ചെങ്കിൽ, സിക്കുകാരുടെ ഖാലിസ്ഥാൻവാദവും വളരാതിരിക്കുമെന്നു വിചാരിക്കാൻ ന്യായമൊന്നും കാണുന്നില്ല. പകിസ്ഥാൻ സ്ഥാപിക്കപ്പെട്ടമെങ്കിൽ ഖാലിസ്ഥാന്റെ പ്രതിഷ്ഠയും അധികം അമാന്തിക്കുമെന്നു തോന്നുന്നില്ല.

2. ബംഗാൾ:—ഒരു രേഖവരച്ച് രണ്ടുനാടുകളെ തമ്മിൽ വേർതിരിച്ചു നിറുത്തും എന്നു പറയുന്നതു് വളരെ എളുപ്പമാണ്. പക്ഷേ അതു സാക്ഷാത്കരിക്കുകയാണ് വിഷമം. ലീഗ്, പകിസ്ഥാനിൽ ആസ്സാം മുഴുവൻ ഉൾപ്പെടുത്തുന്നതിനും പടിഞ്ഞാറൻഭാഗം അതിൽനിന്നു മാറ്റിനിറുത്തുന്നതിനും ഉദ്ദേശിക്കുന്നതായി തോന്നുന്നു. ആസ്സാമിൽ എഴുപതുശതമാനം മുസ്ലീമേതരരാണ് അധിവസിക്കുന്നതു്. അവിടെ സിൽഹെറ്റ് ഡിസ്ട്രിക്റ്റിൽ മാത്രമാണ് മുസ്ലീംഭൂരിപക്ഷമുള്ളതു്. പിന്നെ എന്തു് അടിസ്ഥാനത്തിൽ അതു് പകിസ്ഥാനിൽ ഉൾപ്പെടുത്തും? ഹിന്ദുസ്ഥാനത്തോടടുത്തു് അതുനില്ക്കുന്നതായാൽ, ഇടയ്ക്കുവരുന്ന പകിസ്ഥാൻ പ്രദേശങ്ങൾമൂലം അതു് ഹിന്ദുസ്ഥാനിൽ നിന്നു് അകന്നു്, അതിന്റെ ഒരു കോളനിപോലെ ആയിത്തീരുന്നതാണ്. മറ്റൊരു പ്രാധാന്യമേറിയ കാര്യം ബംഗാളിനെ പടിഞ്ഞാറേതെന്നും കിഴക്കേതെന്നും രണ്ടുഭാഗങ്ങളായി മുറിക്കുമെന്നുള്ളതാണ്. ഇതിനു് അവിടെ അധിവസിക്കുന്നവരുടെയെല്ലാം അഭിപ്രായം അറിയേണ്ടേ? ബംഗാളികൾ ഇതിനനുവദിക്കുമോ? കഴ്സൺപ്രഭുവിന്റെ കാലത്തു് ബംഗാൾ വിഭജനം ഉയിർപ്പോടെ എതിർത്ത ബംഗാളികൾ, അതുതന്നെ ഒന്നുകൂടി ആവർത്തിക്കപ്പെടുവാൻ അനുവദിക്കുമോ? ബംഗാളിനെ ഇങ്ങനെ രണ്ടായിവീതം വയ്ക്കാൻ ശ്രമിച്ചാൽ, ബംഗാളിനുവേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധരായിരിക്കുന്ന രാജ്യസ്നേഹികൾ ഏറ്റവും കഠിനമേറിയ ഒരു പ്രതിരോധം നൽകുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഇതു് പഞ്ചാബിൽ സിക്കുകാരുടെ എതിർപ്പുപോലുള്ളതായിരിക്കും. ഇങ്ങനെ ഭാഗിക്കപ്പെട്ടാൽ കൽക്കട്ടയുടെ സ്ഥാനം ഏതിൽ ആയിരിക്കും. ബംഗാളിന്റെ കേന്ദ്രനാഡിയാണ് കൽക്കട്ടാ. അതു് ഹിന്ദുക്കളുടെ ഒരു പ്രബലസങ്കേതമാണ്. ആ പട്ടണത്തിനുചുറ്റും ഉള്ള പ്രദേശങ്ങൾ ഹിന്ദുഭൂരിപക്ഷമുള്ള നാടുകളാണ്. കൽക്കട്ടായെ പകിസ്ഥാൻ പ്രദേശത്തു ഉൾപ്പെടുത്തുവാൻ സാധിക്കുമോ? അതില്ലാത്ത വടക്കുകിഴക്കേ ബംഗാൾ എത്രമാത്രം സ്വയംപര്യാപ്തമായിരിക്കും?

3. ജനസംഖ്യാമാറ്റങ്ങൾ:—ജനങ്ങൾ പരസ്പരം മാറ്റിയാൽ എന്തുകൊണ്ട് ഈ വിഷമങ്ങളൊക്കെ മാറുകയില്ല? അങ്ങനെ ന്യൂനപക്ഷപ്രശ്നം പരിഹരിക്കുവാൻ സാധിക്കും. പക്ഷേ ഇതു് വിഷമമില്ലാത്ത കാര്യമാണോ? യൂറോപ്പിലെ ന്യൂനപക്ഷപ്രശ്നം പരിഹരിക്കുന്നതിനു് ഒന്നാംലോകമഹായുദ്ധത്തിനുശേഷം തെക്കുകിഴക്കേ യൂറോപ്പിൽ ഇതൊന്നു പരീക്ഷിച്ചതാണ്. പക്ഷേ അതുകൊണ്ട് എന്തു ഫലമുണ്ടായി? ചാരുകസേരകളിൽ കിടന്നു സ്വപ്നം കാണുന്ന ചില രാജ്യതന്ത്രപടുക്കളുടെ ഈ ചിന്താസന്തതി അകാലനാശം പ്രാപിച്ചുകഴിഞ്ഞു. ഇതു് ഇന്ത്യയിൽ ആവർത്തിക്കപ്പെടണോ? വിഷമങ്ങൾ സഹിച്ചു് ന്യൂനപക്ഷപരിഹാരാർത്ഥം ഇതുതന്നെ പരീക്ഷിച്ചാൽ പ്രവർത്തിക്കാത്ത ഫലം ലഭിക്കുമോ? അതോ മഹാമേരു മുയലിനെയായിരിക്കുമോ പ്രസവിക്കുന്നതു്?

വേറൊന്നു് ആലോചിക്കാം. ഇന്നു് മദ്രാസ് സംസ്ഥാനത്തുള്ള മുസ്ലീങ്ങൾ സകലതും പെറുക്കി, എന്നന്നേക്കുമായി വടക്കുപടിഞ്ഞാറൻ പകിസ്ഥാനിലേക്കു് പോകുവാൻ ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല. നൂറ്റാണ്ടുകളായി ജീവിച്ചുവരുന്ന ഈ സ്ഥലത്തുതന്നെ ജീവിതം തുടരുന്നതായിരിക്കും അവർ ഇഷ്ടപ്പെടുന്നതു്. നിർബന്ധമായി ജനങ്ങളെ മാറ്റുന്നതിലുള്ള ബുദ്ധിശൂന്യത എത്രമാത്രമായിരിക്കും. മദിരാശിയിലേക്കാൾ എത്ര വ്യത്യസ്തമായ ഭാഷ, സംസ്കാരം, സാമൂഹ്യവ്യവസ്ഥ, ശീതോഷ്ണങ്ങൾ മുതലായവയാണ് അവർ നേരിടേണ്ടിവരുന്നതു്. അവിടെ എത്തിയാൽ അവർ കേവലം ഒരുകൂട്ടം അപരിചിതർ ആയിരിക്കും. ഇതിൽ നിന്നൊക്കെ എന്താണ് അനുമാനിക്കേണ്ടതു്! ജനങ്ങളെ പരസ്പരം മാറുക അത്ര സൗസാധ്യമല്ല. അപ്രായോഗികമായ ഒന്നിനെപ്പറ്റി നമുക്കു് അധികം ചിന്തിക്കേണ്ട!

4 മററു മുസ്ലീം സംഘടനകൾ:—മററു മുസ്ലീംസംഘടനകൾക്കു് പകിസ്ഥാനോടുള്ള മനോഭാവം പ്രാധാന്യമുള്ള ഒന്നാണ്. മുസ്ലീംസംഘടനയായി ലീഗു മാത്രമല്ല ഇന്നു് ഇന്ത്യയിലുള്ളതു്. അംഗങ്ങളുടെ ലിസ്റ്റ് വിവരങ്ങളും മറ്റും രഹസ്യമായി വച്ചിരിക്കുന്നതിനാൽ ലീഗ് സംഘടന മുസ്ലീങ്ങളെ എത്രമാത്രം പ്രതിനിധീകരിക്കുന്നുണ്ടെന്നു പറയുക വിഷമംതന്നെ. 1937-വരെ അതു് പ്രാധാന്യമില്ലാത്ത ഒരു സംഘടനയായിരുന്നു. എന്നാൽ അതിനുശേഷം ശക്തിസംഭരിച്ച് ഒരു സുപ്രധാന സംഘടനയായി അതു വളർന്നിട്ടുണ്ട്. ലീഗു കൂടാതെ ഖാക്സാർ, ജമായത്തുൽ-ഉൽ-ഉലിമ, ഷിയാ പൊളിറ്റിക്കൽ കോൺഫ്രൻസ്, മോമീൻ സംഘടന, ഇങ്ങനെ പല സംഘടനകളുമുണ്ട്. കാൺഗ്രസ്സിൽ മുസ്ലീങ്ങളുടെ ഒരു നല്ലവിഭാഗം ഉൾപ്പെടുന്നു. കൂടാതെ നാഷനലിസ്റ്റ് മുസ്ലീങ്ങളുമുണ്ട്. 1940-ൽ ഒൻപതു മുസ്ലീംസംഘടനകൾ ചേർന്നു് അഖിലേന്ത്യാ ആസാദ് മുസ്ലീം ബോർഡു രൂപീകരിച്ചു. ലീഗുമാത്രമാണ് മുസ്ലീങ്ങളെ ഔദ്യോഗികമായി പ്രതിനിധീകരിക്കുന്നതെന്നും, അതാണ് മുസ്ലീങ്ങളുടെ വക്താവെന്നും മററു 1942-ൽ ബ്രിട്ടീഷ് ഗവണ്മെൻറ് അംഗീകരിച്ചതു് അവരുടെ അധികാരക്കൈമാറ്റത്തിനുള്ള വിപരീതാഭിപ്രായം മാറ്റുവാനുള്ള ഒരു വിദ്യയാണെന്നു് ഈ സംഘടന വെളിപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം ഇന്ത്യൻ വിഭജനത്തെ എതിർക്കുന്നവയാണ്. അഖിലേന്ത്യാ മോമിൻസ് കാൺഫ്രൻസ് ഇന്ത്യയുടെ ഐക്യവും യോജിപ്പും പൊതുനന്മയ്ക്കു മാത്രമല്ല, മുസ്ലീങ്ങളുടെ പ്രത്യേക പുരോഗതിക്കും അത്യന്താപേക്ഷിതമാണെന്നു് പ്രമേയരൂപേണ വ്യക്തമാണെങ്കിലും മുസ്ലീംലീഗുമായി ഭിന്നാഭിപ്രായമുണ്ടെങ്കിലും മുസ്ലീങ്ങളുടെ ഗുണത്തിനും വളർച്ചക്കും നന്മക്കും ഹാനികരമായ ഏതൊന്നിനേയും ഈ സംഘടനകൾ പ്രബലമായി എതിർക്കുന്നവയാണ്. ലീഗുകാർ ഇന്ത്യയുടെ പൊതുഗുണത്തെക്കാൾ, മുസ്ലീംസമുദായത്തിന്റെ ഗുണങ്ങൾക്കു് പ്രാധാന്യം നൽകുന്നു. മററു സംഘടനകൾ ഇന്ത്യയുടെ പൊതുഗുണങ്ങൾക്കു് പ്രാധാന്യം നൽകി സമുദായകാര്യങ്ങൾക്കു് രണ്ടാംസ്ഥാനം നൽകുന്നു. ഇതാണ് ഈ സംഘടനകൾ തമ്മിലുള്ള പ്രധാന വ്യത്യാസം.

5 മററു കാര്യങ്ങൾ:—മേൽപ്പറഞ്ഞ സംഗതികൾ കൂടാതെ മററു സുപ്രധാന സംഗതികൾകൂടി പകിസ്ഥാൻ വാദത്തിനു് നേരിടേണ്ടതായിട്ടുണ്ട്. ഇവയിൽ പ്രധാനമായതു് ബ്രിട്ടീഷ്ഗവണ്മെന്റിന്റെ പകിസ്ഥാൻവാദത്തോടുള്ള മനോഭാവമാണ്. പകിസ്ഥാൻ പ്രായോഗികമല്ലെന്നു് മന്ത്രിസഭാമിഷൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അങ്ങിനെ പ്രബലമായ ഒരു പ്രതിബന്ധംകൂടി അവർക്കു കടക്കേണ്ടതായിട്ടിരിക്കുന്നു.

ഹൈന്ദവഭൂരിപക്ഷത്തിന്റെ ഭരണത്തിൻകീഴിൽ കഴിയേണ്ടിവരുമ്പോൾ അവർക്കു് പല അവശതകളും അനുഭവിക്കേണ്ടിവരുമെന്നു് മുസ്ലീമങ്ങൾ ന്യായമായി ഭയപ്പെടുന്നു. അതിനാൽ അവരുടെ ഭാവിസംരക്ഷണത്തിനു് എന്തെല്ലാം നേടാൻ സാധിക്കുമോ അതെല്ലാം നേടാനാണ് അവർ ഇന്നു ബദ്ധപ്പെടുന്നതു്. മി. ജിന്നായും ഇതുമാത്രമേ കാര്യമായി വിചാരിക്കുന്നുള്ളായിരിക്കും. മുസ്ലീംസമുദായത്തോട് അമിതമായ സ്നേഹമുള്ള അദ്ദേഹം അവരുടെ സുരക്ഷിതമായ ഭാവിക്കു് എന്തെല്ലാം നേടുവാൻ കഴിയുമോ അതെല്ലാം നേടിക്കൊടുക്കുവാനാണു് ഇന്നു ശ്രമിക്കുന്നതു്. അതിൽ ആരും പഴിച്ചോതത്തക്ക കാരണമൊന്നുമില്ല. ഒരു നല്ല രാജ്യതന്ത്രജ്ഞനായ അദ്ദേഹം പ്രായോഗികവൈഷമ്യങ്ങളെ നിസ്സാരമാക്കിത്തള്ളുമെന്നു് വിചാരിക്കുവാൻ സാധിക്കയില്ല. ഇന്ത്യയിലും ഇന്ത്യക്കു വെളിയിലും പകിസ്ഥാനു് പ്രബലങ്ങളായ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ളതു് അദ്ദേഹം കാണാതെ മുന്നോട്ടുപോകുമെന്നു് വിചാരിക്കുവാൻ വഴികാണുന്നില്ല.

(പകർപ്പവകാശം പ്രബന്ധകർത്താവിനു്)

സൈന്യപംക്തി

## ഇന്ത്യാ ചരിത്രശാഖയുടെ പ്രവർത്തനം

—ഠ—

ന്യൂഡെൽഹി, സെപ്റ്റ: 27—1945 ജൂലൈമാസത്തിൽ, ചരിത്രപരമായ കാര്യങ്ങൾ രേഖപ്പെടുത്തുന്നതിനു രാജ്യരക്ഷാവകുപ്പിൽ ഒരു പ്രത്യേക ശാഖ രൂപവൽക്കരിക്കുകയുണ്ടായി. രണ്ടാംലോകമഹായുദ്ധത്തിൽ ഇന്ത്യൻസേനയുടെ സംരംഭങ്ങളെ സംബന്ധിച്ച പല വിവരങ്ങളും ഈ ശാഖ തയ്യാറാക്കിയിട്ടുണ്ട്.

മദ്ധ്യപൂർവ്വദേശത്തു ഇന്ത്യൻസേനകൾ നടത്തിയ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സ്ഥൂലമായ ഒരു വിവരണം ഇറ്റാലിയിലെയും ഗ്രീസിലെയും ഇന്ത്യൻസേനയുടെ ചരിത്രം, പശ്ചിമമരുഭൂമിയിൽ ഫീൽഡ്മാർഷൽ സർ ക്ലോഡ് ആക്കിൻലെക്കിന്റെ പ്രവർത്തനങ്ങൾ, ഇന്ത്യയിലെ യുദ്ധയന്ത്രങ്ങളെ സംബന്ധിച്ച 120000 വാക്കുകളിൽ എഴുതിയിട്ടുള്ള ഒരു വിവരണം എന്നിവ പ്രസ്തുത ശാഖ പൂർത്തിയാക്കിയിട്ടുള്ള കൃതികളിൽ പെട്ടവയാണ്.

യുദ്ധത്തിൽ ഇന്ത്യൻസൈനികന്മാരുടെ നേട്ടങ്ങളെ വിവരിച്ചുകൊണ്ടു ഒരു വാല്യം വരുന്ന ഒരു സംഗ്രഹചരിത്രവും, പല വാല്യങ്ങളിലായി വിശദവും പ്രാമാണികവുമായ ഒരു ഔദ്യോഗികചരിത്രവും ഈ കൃതികളുടെ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻആർമിയിലെ ബ്രിട്ടീഷ് ആഫീസർമാരെ (1746—1946) സംബന്ധിച്ച കൃതിയിൽ ഈസ്റ്റ്ഇന്ത്യാക്കമ്പനിയുടെ കാലംമുതൽക്കുള്ള ഇന്ത്യൻസൈന്യത്തിന്റെ വളർച്ചയെപ്പറ്റി പ്രതിപാദിക്കുകയും അതിനെ, ലോകത്തിലെ മറ്റൊരു സേനയുടെയും പിന്നിലല്ലാത്തവിധത്തിൽ ഒരു ആയോധനസേനയായി തിരിച്ചുവിട്ട ആളുകളെ പ്രശംസിക്കുകയും ചെയ്തിരിക്കുന്നു. 18-ാം 19-ാം ശതാബ്ദങ്ങളിലെ പട്ടാളജീവിതത്തെ പരാമർശിക്കുന്ന അദ്ധ്യായങ്ങൾ പ്രത്യേകം രസാവഹങ്ങളുമാണ്.

### തെക്കൻ കമാണ്ടിലെ എഞ്ചിനിയർമാരുടെ സേവനം

ബാംഗളൂർ, സെ: 26. തെക്കൻ കമാണ്ടിലെ എഞ്ചിനീയർമാർ സിവിൽഗവൺമെന്റുകളെ അത്യധികം സഹായിച്ചുകൊണ്ടാണിരിക്കുന്നതു്. ആറൂരിലെ മണിറ്റുണ്ടൻ റീസെറ്റിൽമെന്റുകോളനിയിൽ മൂന്നരമൈൽ നീളത്തിൽ റോഡു പൂർത്തിയാക്കുന്നതിന് ഏകദേശം 80000-ക്യൂബിക്കടി കരിങ്കൽചില്ലാണ് ഒരുകമ്പനി തയ്യാറാക്കിയതു്. 15000-ക്യൂബിക്കടി വെള്ളംവീതംകൊള്ളുന്ന നാലു കിണറുകൾ അവിടെ പുതിയതായി കുഴിക്കുകയും ചെയ്തു.

മൈസൂർ ഗവൺമെന്റിനുവേണ്ടി കാട്ടിൽ അനേകം ഏക്കർ കൊടുങ്കാടാണ പടയാളികൾ വെട്ടിത്തെളിച്ചതു്. ജലഹള്ളിയിൽ ഒരു യൂണിററ്, പത്തു് ഏക്കർ സ്ഥലം കൃഷിക്കായി ഒരുക്കി. ചന്നശിരിയിൽ, മുപ്പതേക്കർ കൊടുങ്കാടുതെളിക്കയും മുപ്പത്തേഴേക്കർനിലം ഉഴുകയും ചെയ്തു.

ബോംബേ ഗവൺമെന്റിന്റെ ആവശ്യപ്രകാരം തപ്തിനദിയിൽ ഒരു പാലംകെട്ടി 3000-ചാക്കു ധാന്യംവീതമാണ് പ്രതിദിനം ആ പാലത്തിലൂടെ അടിയന്തിരാവശ്യകമായി കൊണ്ടുപോയിരുന്നതു്.

ആർമിഎഞ്ചിനീയർമാർ സേലത്തു (മദ്രാസ്) 34-കിണറുകൾക്കു ആഴംകൂട്ടി. പൂനമലിയിലെ മെയർപദ്ധതി പ്രവർത്തനത്തിൽവരുത്തി 170-ഏക്കർസ്ഥലം തെളിച്ചുനിരപ്പാക്കുകയും 400 ഏക്കർ തരംതിരിക്കയും ചെയ്തു. വടക്കൻആർക്കാട്ടിൽ കഴിഞ്ഞ മേയ്മാസംവരെയും 2250-ഏക്കർ കൊടുങ്കാടു തെളിക്കുകയും മുൻപടയാളികൾക്കു അധിനിവേശത്തിനു നിലമൊരുക്കുകയും ചെയ്തു. ഇപ്പോഴും അവിടെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. താമസിയാതെ ഒരു 1200-ഏക്കർകൂടി ശരിപ്പെടും.

### ഇന്ത്യൻസേന ഏഴായിരത്തോളം ബഹുമതികൾ നേടി

ന്യൂഡെൽഹി, സെപ്റ്റം 26-1939 സെപ്റ്റംബർ 3-ാനു മുതൽ ധീരോചിതങ്ങളും ഉജ്വലങ്ങളുമായ കൃത്യങ്ങൾ അനുഷ്ഠിച്ചതിന് 6900-ത്തിൽ പരം ബഹുമതികൾ

# ഇന്ത്യയെ മഹാവിപത്തു ഗ്രസിച്ചുകൊണ്ടിരിക്കുന്നു

## ബർമ്മയുടെയും ഗതി ഇതുതന്നെയാകാൻ തുടങ്ങുകയാണെന്നു് ചർച്ചിൽ

ബ്ലാക്ക്പൂൾ, അക്ടോ 5—മുമ്പു ബ്രിട്ടീഷുപ്രധാനമന്ത്രിയായിരുന്ന മി: വിൻസ്റ്റൺചർച്ചിൽ ഇന്നു ഇവിടെ സമ്മേളിച്ച യാഥാസ്ഥിതികകക്ഷിയുടെ ഒരു മഹായോഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "വൻകരയിലെ നമ്മുടെ അയൽക്കാരിൽ ചില രെപ്പോലെ ഇന്നു നാം നമ്മുടെ ഭരണവ്യവസ്ഥയെപ്പററിയുള്ള മൗലികചർച്ചകളിൽ മുഴുകിയിരിക്കയല്ല. ഗവൺമെന്റും പ്രതിപക്ഷവും—സോഷ്യലിസ്റ്റുകളും യാഥാസ്ഥിതികരും ലിബറൽസും—കമ്യൂണിസത്തിനും കമ്യൂണിസ്റ്റുപാർട്ടിക്കും എതിരായി യോജിച്ചുനില്ക്കുകയാണ്.

സോഷ്യലിസ്റ്റുകൾക്കു കമ്യൂണിസത്തോടുള്ള പ്രഖ്യാപിതമായ ശത്രുത, ഇപ്പോൾ ഈ രാജ്യത്തു് അതു അത്രയ്ക്കു പ്രധാനമല്ലെങ്കിലും, അന്യരാജ്യങ്ങളിൽ അധികാര്യവും സുപ്രധാനവുമായ പ്രേരണശക്തി ചെലുത്തിയിട്ടുണ്ട്. വിദേശനയത്തിന്റെ മുഖ്യഭാവങ്ങളിലും ഗണ്യമായ യോജിപ്പുണ്ടല്ലോ. യുണൈറ്റഡ് സ്റ്റേറ്റ്സുമായുള്ള ബ്രിട്ടന്റെ ഗാഢബന്ധത്തെ സംബന്ധിച്ച ഇതു പ്രത്യേകിച്ചും വാസ്തവമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ദൃഢവും മാറ്റമില്ലാത്തതുമായ യൂറോപ്പുനയവും, വേർതിരിഞ്ഞു കഴിയൽസിദ്ധാന്തത്തിന്റെ നിരാകരണവും ലോകസമാധാനത്തിനു ഉറപ്പു നൽകുകയാണു ചെയ്യുന്നതു്.

റഷ്യൻജനതയോടും സോവിയറ്റ്ഗവൺമെന്റിനോടുമുള്ള നമ്മുടെ യുദ്ധകാലസൌഹാർദ്ദം പുലർത്തുവാനും, അതിലേക്കു അവർ നമ്മെ അനുവദിക്കയും 'സിരാസമരം' എന്നു മി. ബെവിൻ വിവക്ഷിക്കുന്ന പരിപാടി അവസാനിപ്പിക്കയും ചെയ്യുന്ന പക്ഷം, നാമെല്ലാം ഇഷ്ടപ്പെടുന്നതാണ്.

ഇന്ത്യയെ സംബന്ധിച്ചു മി: ചർച്ചിൽ പറഞ്ഞതിപ്രകാരമാണ്. 'ഇൻഡ്യൻ പ്രശ്നത്തെ സോഷ്യലിസ്റ്റുഗവൺമെന്റു കൈകാര്യംചെയ്ത രീതി ഇൻഡ്യൻജനതയ്ക്കു ബ്രിട്ടീഷ്സിംഹാസനത്തിൽനിന്നു പിരിഞ്ഞുനില്ക്കയല്ലാതെ വേറെ മാർഗ്ഗവും ശേഷിപ്പിക്കാത്തനിലയിലായിപ്പോയി. ആഭ്യന്തരവിപ്ലവത്തിൽനിന്നും ബാഹ്യാക്രമണത്തിൽനിന്നും അവരെ ഈ കാലമത്രയും രക്ഷിച്ചതു ബ്രിട്ടീഷ്സിംഹാസനമാണല്ലോ.

ഇൻഡ്യയുടെ ഭരണം ബ്രിട്ടീഷ്ബന്ധത്തോടു കഠിനമായ വിരോധത്തിനു തക്കതായ കാരണമുള്ളവരും വിവിധവർഗ്ഗങ്ങളും, നാട്ടുരാജ്യങ്ങളും, എന്നിങ്ങനെ ഇതേവരെ സമാധാനമായി കഴിഞ്ഞുവന്ന 40 കോടിയോളം വരുന്ന ഇൻഡ്യൻജനങ്ങളെ യാതൊരുതരത്തിലും പ്രതിനിധീകരിക്കുന്നില്ലാത്തവരുമായ ആളുകളുടെ കൈകളിൽ ഏല്പിച്ചിരിക്കയാണ്—അല്ല, പിടിച്ചേല്പിച്ചിരിക്കയാണ്.

മി: ചർച്ചിൽ ഇപ്രകാരം തുടർന്നു: യൂറോപ്പിനോളം വലിപ്പമുള്ളതും യൂറോപ്പിനെക്കാൾ ജനസംഖ്യകൂടിയതുംഭിന്നതകൾ കൂടിയതുമായ ഈ ഉപഭൂഖണ്ഡത്തെ ഒരു മഹാവിപത്തു ഗ്രസിച്ചിരിക്കുന്നതായി ഞാൻ ഭയപ്പെടുന്നു. അല്പകാലത്തിനുള്ളിൽ ഇൻഡ്യ ബ്രിട്ടീഷ്കാമൺവെൽത്ത് അഫ് നേഷൻസിൽനിന്നു വേർതിരിഞ്ഞ ഒരു 'അന്യരാജ്യമായി-പറയത്തക്ക സൗഹാർദ്ദമൊന്നുമില്ലാത്ത രാജ്യമായി തീരുമെന്നാണ തോന്നുന്നതു്. ബ്രിട്ടീഷ്ഭരണംകൊണ്ടു സൃഷ്ടിക്കപ്പെട്ടിരുന്ന ഇൻഡ്യന ഐക്യം അതിവേഗത്തിൽ നാശമടയും. നിസ്സഹായരായ ഈ കോടിക്കണക്കിനുള്ള ജനതകളെ ഗ്രസിക്കുവാൻ തുടങ്ങുന്ന ദുരിതങ്ങൾക്കും രക്തച്ചൊരിച്ചിലിനും ഒരു അളവു കല്പിക്കുവാൻ ആർക്കും കഴിയുന്നതല്ല. അവരുടെ ഭാവിഭാഗധേയങ്ങൾ ഏതൊരു പുതിയ ശക്തിയുടെ കീഴിലായിരിക്കുമെന്നും ആർക്കും പറയാൻ സാധിക്കുന്നതല്ല.

ഇതെല്ലാം ഓരോ ദിവസത്തിലും ഓരോ മണിക്കൂറിലും സംഭവിച്ചുകൊണ്ടിരിക്കയാണ്. വലിയ കപ്പൽ ശാന്തമായി കിടക്കുന്ന കടലിൽ മുങ്ങിക്കൊണ്ടിരിക്കുന്നു. മുങ്ങാതെ നോക്കാൻ കഴിവതെല്ലാം പ്രവർത്തിക്കേണ്ടിയിരുന്നവർ മുങ്ങുവാൻതക്കവണ്ണം ആണിയിളക്കിവയ്ക്കയാണുചെയ്തതു്. ഈ സംഭവം ചരിത്രത്തിൽ അതിന്റെ പാട് ദീർഘകാലം അവശേഷിപ്പിക്കും. ബർമ്മായ്ക്കും താമസിയാതെ ഇതേ ഗതിയാണ വന്നുചേരുവാൻ ഇടയുള്ളതു്.

—ഠ—

ലഭിക്കയുണ്ടായി. ധീരകർമ്മങ്ങൾക്കുമാത്രമായി ലഭിച്ച 5000 ബഹുമതികളിൽ 31 വിക്ടോറിയാക്രോസും 9 ജോർജ്ജ്ക്രോസും 25 ഡി. എസ്. ഓ-യും 355 ഐ. ഒ. എം-ഉം 1409 മിലിട്ടറിക്രോസും ഉൾപ്പെടുന്നു.

ഇന്ത്യൻകാലാൾപ്പട നേടിയ 4300 ൽ പരം ബഹുമതികളിൽ 29 വിക്ടോറിയാക്രോസും 5 ജോർജ്ജ്ക്രോസും 22-ൽപരം ഡി. എസ്. ഓ-യും 300 ഐ. ഒ. എം-ഉം 1037 മിലിട്ടറിക്രോസും ഉൾപ്പെടുന്നു.

റോയൽ ഇന്ത്യൻ എഞ്ചിനീയേഴ്സിനു 393-ം റോയൽ ഇന്ത്യൻ ആർമി സർവ്വീസ്കോറിനു 386-ം ഇന്ത്യൻകവചിതസേനയ്ക്കു 311-ം ഇന്ത്യൻ ആർമി മെഡിക്കൽകോറിനു 300-ം ഇന്ത്യൻ സിഗ്നൽകോറിനു 142 ം റോയൽ ഇന്ത്യൻ ആർട്ടിലറിയ്ക്കു 152-ം ബഹുമതികൾ ലഭിക്കയുണ്ടായി.

—ഠ—

### തിരുവനന്തപുരം

—ഠ—

കന്നി ൨൦—ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയിൽവച്ചു അഖിലതിരുവിതാംകൂർ ഗ്രന്ഥശാലാസംഘം എക്സിക്യൂട്ടിവ്കമ്മിറ്റിയുടെ ഒരു യോഗം ഇന്നു കൂടുകയും അപേക്ഷകൾ പരിശോധിച്ചു ഓർഗനൈസർമാരായി നിയമിക്കപ്പെടുന്നതിനു യോഗ്യതയുള്ളവരുടെ ലിസ്റ്റു തയാറാക്കുകയും ചെയ്തിരിക്കുന്നു. ഒരു ചീഫ് ഓർഗനൈസർ, മൂന്നു ഓർഗനൈസർമാർ, രണ്ടു ഓണററി ഓർഗനൈസർമാർ ഇങ്ങനെ ആറുപേരെ നിയമിക്കുന്നമെന്നും അവരിൽ ഒരു സ്ത്രീകൂടി ഉണ്ടായിരിക്കുവാൻ ഇടയുണ്ടെന്നും നിയമനം ഈ മാസം അവസാനം നടക്കുമെന്നുമാണ അറിയുന്നതു്. (സ്വ-ലേ)

കന്നി ൨൧—ഇന്നലെ രാവിലെ എട്ടരമണിക്കു പട്ടം നായർകരയോഗംവക ശാരദാമെമ്മോറിയൽഹാളിൽവച്ചു കൂടിയ ടി കരയോഗത്തിന്റെ 17-ാമതുവാർഷികസമ്മേളനത്തിൽ പട്ടം ദേശസേവിനി വായനശാലയുടെ ഉൽഘാടനകർമ്മം റിട്ടയർഡുഹൈക്കോടതിജഡ്ജി മി. കെ. പി. ഗോപാലമേനോൻ സമംഗളം നിർവ്വഹിച്ചിരിക്കുന്നു. മി. മന്നാർ ഗോപാലൻനായർ അദ്ധ്യക്ഷനും സദസ്സിനും സ്വാഗതമരുളി. അദ്ധ്യക്ഷൻ വായനശാല ഉൽഘാടിതമായതായി പ്രസ്താവിച്ചശേഷം തന്റെ ഈ വിശ്രമഘട്ടത്തിൽ രാജ്യത്തിനും സമുദായത്തിനുംവേണ്ടി തന്നാലാവുംവിധം സേവനമനുഷ്ഠിക്കാൻ തയ്യാറാണെന്നു വ്യക്തമാക്കി ഉപക്രമപ്രസംഗം നടത്തി. അതിനുശേഷം വൈദ്യൻ എൻ. കെ. പിള്ള അവർകളും ഇടയാറന്മുള കെ. എം. വർഗ്ഗീസു അവർകളും ശ്രദ്ധേയവും പ്രൌഢവുമായ രണ്ടു പ്രസംഗങ്ങൾ ചെയ്തു. അദ്ധ്യക്ഷന്റെ ഉപസംഹാരം ശ്രീ. കെ. രാമൻപിള്ള അവരുടെ കൃതജ്ഞത എന്നിവയ്ക്കുശേഷം പത്തരമണിക്കു യോഗം വഞ്ചീശമംഗളത്തോടുകൂടി സമംഗളം പര്യവസാനിച്ചു.

—•—

# നവരാത്രി വിദ്വൽ സദസ്സ്

—ഠ—

## സമാപിച്ചു

തിരു: അക്ടോ: 5. മഹാരാജാവുതിരുമനസ്സിലെ കൊട്ടാരത്തിൽവച്ചു് നടത്താറുള്ള നവരാത്രി വിദ്വൽസദസ്സ് ഇക്കൊല്ലം സെപ്റ്റംബർ 26-ാനു- മുതൽ അക്ടോബർ 4-ാനു-വരെ നടത്തപ്പെട്ടു. പ്രത്യേകം ക്ഷണിക്കപ്പെട്ടിരുന്ന ആറുപേരുൾപ്പെടെ രാജ്യത്തിനു വെളിയിൽനിന്നു ഏഴുപതോളം പണ്ഡിതന്മാർ ഈ സദസ്സിൽ സംബന്ധിക്കുകയും ശാസ്ത്രവാദങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു. ഗവൺമെന്റിൽനിന്നും കൊട്ടാരത്തിൽനിന്നും അനുവദിക്കാറുള്ള കൂടുതൽ ഗ്രാന്റുകൾ ഇക്കൊല്ലവും തുടർന്നു. താഴെ പേർപറയുന്ന എട്ടു വിദഗ്ദ്ധപണ്ഡിതന്മാർക്കു പണമായുള്ള സംഭാവനകൾക്കു പുറമേ സ്വർണ്ണമെഡലുകളും സമ്മാനിക്കപ്പെട്ടു. മഹോപാദ്ധ്യായ എസ്സ്. ശ്രീരാമശാസ്ത്രി വേദാന്തപ്രൊഫസർ സംസ്കൃതകാളേജ് മദ്രാസ്, വ. ടി. വീരരാഘവാചാര്യർ, ന്യായപ്രൊഫസർ വെങ്കടേശ്വര സംസ്കൃതകാളേജ്, തിരുപ്പതി, ന. വി. എ കൃഷ്ണശർമ്മ, വേദാന്തപ്രൊഫസർ സംസ്കൃതകാളേജ് തൃശ്ശൂർ, ർ-ഗണപതി വി. ആർ. നരസിംഹാചാര്യർ, വേദാന്തപാഠശാല, മന്നാർകുടി തഞ്ചാവൂർഡിസ്ട്രിക്ട്, ൭. വി. ആർ. ശ്രീനിവാസതാതാചാര്യർ, വ്യാകരണ & സാഹിത്യപ്രൊഫസർ സംസ്കൃതകാളേജ് തിരുവടി. ന്യാ. കെ. അച്യുതപ്പൊതുവാൾ. ന്യായപ്രൊഫസർ; ശ്രീ രാമവർമ്മ സംസ്കൃതകാളേജ് തൃപ്പൂണിത്തുറ, ൱. എസ്സ്. നീലകണ്ഠശാസ്ത്രി, സംസ്കൃതപണ്ഡിതർ സംസ്കൃതകാളേജ് തിരുവനന്തപുരം, വ്യ. എസ്. രാമകൃഷ്ണഭട്ട, സംസ്കൃതപണ്ഡിതർ, മോഡൽഹൈസ്കൂൾ തിരുവനന്തപുരം.

മഹാരാജാവുതിരുമനസ്സുകൊണ്ടും മഹാറാണിതിരുമനസ്സുകൊണ്ടും ഇളയരാജാതിരുമനസ്സുകൊണ്ടും ചടങ്ങുകളുടെ എട്ടാമത്തെ ദിവസം അവയിൽ സംബന്ധിച്ചു. അഞ്ചാംദിവസവും എട്ടാംദിവസവും ദിവാൻ സചിവോത്തമ സർ സി. പി. രാമസ്വാമിഅയ്യർ അവർകളും സംബന്ധിച്ചിരുന്നു. ഇക്കാര്യത്തിൽ ... ള്ളമററു പല പ്രശസ്ത ... പല ദിവസങ്ങളിലും ... സംബന്ധിച്ചു.

—•—

## സൊക്കാർണോ പൂർണ്ണാധികാരം ഏൽപ്പിച്ചു

—ഠ—

### പുതിയ ഇൻഡോനീഷ്യൻ മന്ത്രിസഭയ്ക്കു്

ഹേഗ്, അക്ടോ. 5. ഇൻഡോനീഷ്യൻ പ്രസിഡന്റ് ഡാക്ടർ സൊക്കാർണോ ഇൻഡോനീഷ്യൻ പ്രധാനമന്ത്രി ഡാക്ടർ സുൽത്താൻ ഷാറിറിന്റെ നേതൃത്വത്തിലുള്ള പുതിയ ഇൻഡൊനീഷ്യൻമന്ത്രിസഭയ്ക്കു പൂർണ്ണാധികാരവും ഏല്പിച്ചിരിക്കുന്നതായി ഇൻഡോനീഷ്യൻ ന്യൂസ്ഏജൻസി ജോഗ്ജക്കർത്തായിൽനിന്നു റിപ്പോർട്ടുചെയ്യുന്നു. ഡാ: ഷാറിറിനെ തട്ടിക്കൊണ്ടുപോയതിനെ തുടർന്നു ജൂലൈമാസത്തിൽ സൊക്കാർണോ ഒരു താൽക്കാലികനടപടി എന്ന നിലയിൽ ഈ അധികാരം കയ്യേൽക്കയുണ്ടായെന്ന കാര്യം ഇവിടെ സ്മരണീയമാണ്. (റായിട്ടർ)

—ഠ—

### കരുവാററാ

കന്നി, 19. സ്ഥലം ഗോലോകാശ്രമത്തിൽവച്ചു് പൂജഎഴുത്തുമഹോത്സവം വിവിധചടങ്ങുകളോടുകൂടി അനേകായിരം ഭക്തജനങ്ങളുടെ സാഹചര്യത്തിലും ശ്രീ: കരുവാററാ സ്വാമികളുടെ സാന്നിദ്ധ്യത്തിലും പൂർവ്വാധികം ഭംഗിയായി നടത്തിയിരിക്കുന്നു. സ്വാമിജി ഭാഗവതസപ്താഹപാരായണം സംബന്ധിച്ചു മാവേലിക്കര, ചെട്ടികുളങ്ങര മുതലായ സ്ഥലങ്ങളിലേക്കു പോയിരിക്കുന്നു. (ഒ: ലേ)

—•—

# ഭരത്പൂരിൽ ഭരണപരിഷ്കാരം

## മൂന്നു ജനകീയമന്ത്രിമാരെ അസംബ്ളിയിൽനിന്നു തിരഞ്ഞെടുക്കും

ന്യൂഡൽഹി, അക്ടോബർ ൬—ഭരത്പൂർസ്റ്റേറ്റ്അസംബ്ളിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽനിന്നു മൂന്നു ജനകീയമന്ത്രിമാരെ തിരഞ്ഞെടുക്കാമെന്നുള്ള പ്രസ്താവന ഇന്നലെ ദസ്റാം ഡർബാറിൽവച്ചു ഭരത്പൂർമഹാരാജാവു് പുറപ്പെടുവിച്ചിരിക്കുന്നതായി പ്രസ്തുതസംസ്ഥാനത്തെ പ്രചരണ ഉദ്യോഗസ്ഥൻ ഒരു കമ്പിസന്ദേശത്തിൽ പറഞ്ഞിരിക്കുന്നു. 3-പ്രജാപരിഷത്തു് അംഗങ്ങളും, 3-കിസാൻ സഭാംഗങ്ങളും, 2 അഞ്ജുമൻ ഇസ്ലാമിയഅംഗങ്ങളും, 3-ഗവ. ഉദ്യോഗസ്ഥന്മാർ എന്നിവരടങ്ങിയ ഒരു കമ്മിററി സംസ്ഥാനത്തെ ഭരണപരിഷ്കാരത്തെപ്പററി ഡിസംബർ 31-ാംതീയതിക്കകം ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ നിയമിച്ചിരിക്കുന്നു. സ്റ്റേററ് അസംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശഅടിസ്ഥാനത്തിൽ ഏപ്രിലിൽ നടത്തുന്നതാണെന്നും ആ ഉദ്യോഗസ്ഥൻ പ്രസ്താവിക്കുന്നു.

### സൂക്കെത്തിൽ ഭരണപരിഷ്കാരം

ലാഹൂർ, അക്ടോബർ ൬—പ്രായപൂർത്തി വോട്ടവകാശ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അനുദ്യോഗസ്ഥഭൂരിപക്ഷത്തോടുകൂടിയ ഒരു സ്റ്റേററ് അസംബ്ളിയുടെ സംസ്ഥാപനം സൂക്കെത്തു് രാജ (കാംഗേറവാലി) ഇന്നലത്തെ ദസ്റാം ഡർബാറിൽവച്ചു പ്രഖ്യാപിച്ചിരിക്കുന്നതായി സൂക്കെത്തു് പ്രധാനമന്ത്രി (എ. പി. യെ)യെ നൽകിയ ഒരു സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു അനുദ്യോഗസ്ഥമന്ത്രി മഹാരാജാവിൻെറ മന്ത്രിസഭയിൽ ഇപ്പോൾതന്നെ ഉണ്ടെന്നുള്ളകാര്യവും അദ്ദേഹം വെളിപ്പെടുത്തി. (എ. പി.)

—o—

# തെററിദ്ധാരണ നീങ്ങിയിട്ടുണ്ടു്

—o—

## ശ്രീവാസ്തവയുടെ പ്രസ്താവന

കറാച്ചി, അക്ടോബർ ൬—സാർവദേശീയ ഭക്ഷ്യസംഘടനയുടെ കോപ്പൻഹേഗൻ സമ്മേളനത്തിൽ സംബന്ധിച്ചതിൽ ഇൻഡ്യയ്ക്കു കാര്യമായ നേട്ടമുണ്ടായിട്ടുണ്ടെന്നു് ഇൻഡോനേഡലിഗേഷൻെറ നേതാവായ സർ ജെ. പി. ശ്രീ. വാസ്തവ ഇവിടെവച്ചു പറയുകയുണ്ടായി. ന്യൂഡൽഹിയിലേക്കു പോകുന്നതിനുമുമ്പായി ഒരു പത്ര കാൺഫറൻസിൽ അദ്ദേഹം പ്രസ്താവിച്ചതു് ഇൻഡ്യയുടെ ആവശ്യങ്ങൾ അത്ര അടിയന്തിരമല്ലെന്നുള്ള തെററായ ധാരണ ഇപ്പോൾ നീങ്ങിയിട്ടുണ്ടെന്നാണു്. ഇൻഡ്യയെ കൂടാതെ ഏതു ലോകഭക്ഷ്യസംഘടനയും ഒരു മിഥ്യയായിരിക്കും എന്നു ഇപ്പോൾ ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ആഭ്യന്തരഭക്ഷ്യകാര്യത്തിൽ ഇൻഡ്യ കഴിവതെല്ലാം ചെയ്തിട്ടുണ്ടെന്നു അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. (എ. പി.)

—o—

# ജിന്നായുടെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ

—o—

## വൈസ്രോയിയെ കാണ്മാൻ പോകയില്ലായിരുന്നെന്നു അബ്ദുൽഗാഫർഖാൻ

(ഏ-പി-ഐ)

പെഷാവർ, അക്ടോ 6—ഡൽഹിയിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയസംഭാഷണങ്ങളെ ഇന്നു അതിർത്തിദേശകാൺഗ്രസ്സ് നേതാവു് ഖാൻ അബ്ദുൽഗാഫർഖാൻ ഒരു യോഗത്തിൽ ചെയ്ത പ്രസംഗത്തിൽ പരാമർശിച്ചു. അദ്ദേഹത്തോടും ചെങ്കുപ്പായപ്രസ്ഥാനത്തോടുമുള്ള വിധേയത രേഖപ്പെടുത്തുവാൻ മുസ്ലീങ്ങളായ ഗിരിവർഗ്ഗക്കാർ നടത്തിയ ഒരു മഹാസമ്മേളനത്തിലായിരുന്നു പ്രസ്തുതപ്രസംഗം. അദ്ദേഹം ഇപ്രകാരം പറഞ്ഞു. "വൈസ്രോയി തൻെറ സ്വന്തമായ എന്തോ പ്രത്യേകകാര്യത്തിനുവേണ്ടിയാണു മി: ജിന്നായെ വിളിച്ചിരിക്കുന്നതെന്നാണു് എൻെറ അഭിപ്രായം. ഇടക്കാലഗവൺമെൻറിനെപ്പററിയുള്ള അനുഭവം അത്ര ആരോഗ്യകരമായിട്ടല്ല കാണപ്പെടുന്നതു്. ഒരു കുഴപ്പവും കൂടാതെ ഇന്നു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ഇടക്കാലഗവൺമെൻറിനെ ഒരു നിത്യശണ്ഠയുടെ രംഗമാക്കാൻ തന്മൂലം വൈസ്രോയി ആഗ്രഹിക്കുന്നു.

ഇന്നത്തെ രാഷ്ട്രീയസംഭാഷണങ്ങളെയും ഭോപാൽനവാബിൻെറ ഇടപെടലിനെയും പരാമർശിച്ചുകൊണ്ടു് അദ്ദേഹം ഇപ്രകാരം ചോദിക്കുന്നു. ഇതൊക്കെ എന്തിനു്? വൈസ്രോയി മി. ജിന്നായുടെ ബന്ധുവായിരുന്നെങ്കിൽ പാകിസ്ഥാൻ കൊടുക്കുമായിരുന്നു. ഒരു മുസ്ലിംലീഗു ഇടക്കാലഗവമെൻറു രൂപീകരിക്കുവാൻ വൈസ്രോയി അനുവദിക്കുമായിരുന്നു. ഇതിലെല്ലാം വേറെയേതോ കാര്യമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. മി. ജിന്നായുടെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ ഇത്ര വളരെ കാലവും നാണക്കേടുംകഴിഞ്ഞു വൈസ്രോയിയെ കാണ്മാൻപോകയേയില്ലായിരുന്നു.

—o—

# ഡൽഹിസന്ദർശനങ്ങൾ

—o—

## ദീർഘനേരത്തെ കൂടിയാലോചനകൾ

—o—

ന്യൂഡൽഹി, അക്ടോ: 6. പണ്ഡിത ജവഹർലാൽനെഹ്റു, മൗലാനാ ആസാദ്, സർദാർ പട്ടേൽ, മി: സി. രാജഗോപാലാചാരി എന്നിവർ ഇന്നുച്ചതിരിഞ്ഞു വാല്മീകി കാളനിയിൽവച്ചു മഹാത്മാ ഗാന്ധിയുമായി ദീർഘനേരം കൂടിയാലോചനകൾ നടത്തി. പ്രസ്തുത സമ്മേളനം അവസാനിക്കുന്നതിനുമുമ്പുതന്നെ പണ്ഡിതനെഹ്റു കമാൻഡർ ഇൻചീഫ് ഫീൽഡ്മാർഷൽ സർ ക്ലാഡ് അക്കിൻലക്കുമായുള്ള കൂടിക്കാഴ്ചക്കായി സ്വന്തം വസതിയിലേക്കു മടങ്ങി. മൂന്നുമണിക്കു കമാൻഡർ ഇൻചീഫ് പണ്ഡിതനെഹ്റുവിൻെറ വസതിയിൽ എത്തുകയുണ്ടായി.

### ഗാന്ധി-ഭോപാൽ സന്ദർശനം

ന്യൂഡൽഹി, അക്ടോ: 6. ഭോപാൽ നവാബ് ഇന്നുകാലത്തു മഹാത്മാഗാന്ധിയെ സന്ദർശിച്ചു.

പണ്ഡിതനെഹ്റു വൈകുന്നേരം വീണ്ടും മഹാത്മാജിയെ സന്ദർശിച്ചു. മൗലാനാ ആസാദും ഗാന്ധിജിയെ സന്ദർശിച്ചു.

ന്യൂഡെൽഹി, അക്ടോ: 5. കാൺഗ്രസ്സ് പാർലമെൻററി സബ്കമ്മിററിയംഗങ്ങളായ പണ്ഡിററ് ജവഹർലാൽനെഹ്റു, സർദാർ വല്ലഭായിപട്ടേൽ, മൗലാനാ അബ്ദുൾകലാം ആസാദ് എന്നിവർ ഇന്നുരാത്രി ഗാന്ധിജിയുമായി ഒരുമണിക്കൂർനേരം ആലോചനനടത്തി. നെഹ്റു ജിന്നാ സംഭാഷണങ്ങളെപ്പററി അവർ അവലോകനം നടത്തിയെന്നു കരുതപ്പെടുന്നു. നാളെ ഉച്ചയ്ക്കുശേഷവും നേതാക്കന്മാർ മഹാത്മഗാന്ധിയെ സന്ദർശിക്കുന്നതാണു്.

—o—

# ആസാദും കൃപലാനിയും

—o—

## കാൺഗ്രസ്സ് പ്രസിഡൻറുസ്ഥാനത്തേക്കുള്ള നാമനിർദ്ദേശങ്ങൾ

ന്യൂഡൽഹി, അക്ടോ 6—അടുത്ത കാൺഗ്രസ്സ് മഹാസമ്മേളനത്തിൻെറ പ്രസിഡൻറുസ്ഥാനത്തേക്കു മൗലാനാ അബ്ദുൽകലാം ആസാദിൻെറയും ആചാര്യ ജെ. ബി. കൃപലാനിയുടേയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശങ്ങൾ എ. ഐ. സി. സി. ആഫീസിൽ ലഭിച്ചിരിക്കുന്നതായി എ. ഐ. സി. സി. ജനറൽസെക്രട്ടറിമാർ ഒരുപ്രസ്താവനയിൽ പറയുന്നു. പ്രസ്താവന ഇപ്രകാരം തുടരുന്നു: കാൺഗ്രസ്സ് ഭരണവ്യവസ്ഥയിലെ 15-ാം വകുപ്പുപ്രകാരം പേരുകൾ ഇപ്പോൾ പ്രസിദ്ധംചെയ്തിരിക്കുന്നു. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഏതൊരാൾക്കും ഈ പ്രസിദ്ധീകരണം കഴിഞ്ഞു 10 ദിവസത്തിനകം തൻെറ സ്ഥാനാർത്ഥിത്വം പിൻവലിക്കാവുന്നതാണു്.

പ്രാവിൻസുകളിൽ പ്രസിഡൻറിൻെറ തെരഞ്ഞെടുപ്പു 1946 അക്ടോബർ 20-ാംതീയതി നടക്കുന്നതാണെന്നും രണ്ടു സ്ഥാനാർത്ഥികളിൽ ആരെങ്കിലും പിൻവാങ്ങുന്നപക്ഷം അക്ടോബർ 20-ന്നു-ഡെലിഗേററുകളുടെ വോട്ടുരേഖപ്പെടുത്തൽ ഉണ്ടായിരിക്കുന്നതല്ലെന്നും പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. എ. പി.

—o—

# മി: പി. ഡി. സാഗി യൂറോപ്പിലേക്കു്

—o—

ലണ്ടൻ, അക്ടോ: 5 സുഭാഷ്ചന്ദ്രബോസിൻെറ ആസാദ് ഹിന്ദ് സേനകളുടെ സ്ഥിതിഗതികളെപ്പററി അന്വേഷിക്കുന്നതിനായി അക്ടോബർ 10-ാംനു- താൻ യൂറോപ്പിലേക്കു പോകുന്നതാണെന്നു ഇന്ത്യൻ നാഷനൽ ഓവർസീസ് കാൺഗ്രസ്സിൻെറ പ്രസിഡൻറു് മി: പി. ഡി. സാഗി റായിട്ടരോടു പ്രസ്താവിച്ചിരിക്കുന്നു.

# ഇന്ത്യൻസ്വാതന്ത്ര്യത്തെ നിസ്സാരകാര്യമാക്കുന്നവരോടു്

## സഹകരണമില്ലെന്നു് നെഹ്റു—യാഥാസ്ഥിതിക കക്ഷിസമ്മേളനത്തിലെപ്രസംഗങ്ങൾക്കുമറുപടി

ന്യൂഡൽഹി, അക്ടോ: 6—"ബ്ളാക്ക് പൂളിൽവച്ചു നടന്ന ബ്രിട്ടീഷ്‌യാഥാസ്ഥിതികകക്ഷിയുടെ കാൺഫറൻസിലെ ചില പ്രസംഗങ്ങൾ ആ കക്ഷിയിലെ ചില പ്രധാന മെമ്പറന്മാർക്കു ഇന്ത്യയിലെ ഇടക്കാലഗവണ്മെൻറിനോടുള്ള ശത്രുസമഭാവത്തെ സൂചിപ്പിക്കുന്നു. ഈ പ്രസംഗങ്ങൾ ഉത്തരവാദബോധമില്ലാത്തവയും, ദ്വേഷം നിറഞ്ഞവയും പണിമുടക്കുകൾ ഇളക്കിവിടുവാനും ഐക്യത്തെ തടയുവാനും ഇൻഡ്യയിലെ ഭരണത്തെ ഉലയ്ക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളവയുമാകുന്നു" എന്നിപ്രകാരമാണു് പണ്ഡിത ജവഹർലാൽനെഹ്റു ഒരു പത്രപ്രസ്താവനയിൽ പറയുന്നതു്. യുണൈററഡ്കിംഗ്ഡവുമായി സഹകരിക്കുവാനുള്ള ഞങ്ങളുടെ സന്മതം ഞങ്ങൾ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ എനിക്കും ഇൻഡ്യാഗവണ്മെൻറിലെ എൻെറ സഹപ്രവർത്തകർക്കും വേണ്ടി ഒരു കാര്യം തികച്ചും വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളോടു സൗഹാർദ്ദരഹിതമായ ഒരു മനോഭാവം അവലംബിക്കുകയോ ഇൻഡ്യയുടെ സ്വാതന്ത്ര്യമെന്നതിനെ ഒരു നിസ്സാരകാര്യമാക്കുകയോ ചെയ്യുന്നവരുമായി സഹകരണമുണ്ടായിരിക്കുന്നതല്ലതന്നെ.

—o—

### നിരോധിച്ചു

തിരു: അക്ടോ: 6. തിരുവിതാംകൂർ കയർ ഫാക്ടറിവർക്കേഴ്സ് യൂണിയൻ ജനറൽസെക്രട്ടറി കെ. കെ. കുഞ്ഞൻ പ്രസിദ്ധപ്പെടുത്തിയതും കൊച്ചി നാഷനൽ പ്രിൻറിംഗ്‌വർക്ക്സിൽ അച്ചടിച്ചതുമായ "തിരുവിതാംകൂറിലെ മർദ്ദനങ്ങൾ" എന്ന പ്രസിദ്ധീകരണത്തിൻെറ അംശമായോ മുഴുവനായോ ഉള്ള സകലവിധ പ്രസിദ്ധീകരണങ്ങളും കടൽച്ചുങ്കറെഗുലേഷൻപ്രകാരം നിരോധിക്കുകയും അതിൻെറ എല്ലാപ്രതികളും ഗവമ്മെൻറിലേക്കു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു. പീപ്പിൾസ് ഏജ്, ദേശാഭിമാനി എന്നീ പത്രങ്ങൾ തിരുവിതാംകൂർ അടിയന്തിരാധികാരനിയമപ്രകാരം തിരുവിതാംകൂറിൽ നിരോധിക്കുകയും അവയുടെ പ്രതികൾ ഗവമ്മെൻറിലേക്കു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു.

—o—

# റീവായിൽ പഞ്ചവത്സര വിദ്യാഭ്യാസപദ്ധതി

ജബൽപൂർ, അക്ടോ: 5. പ്രതിവർഷം ൧൦-ലക്ഷം രൂപാ ചിലവുവരുന്ന ഒരു പഞ്ചവത്സരവിദ്യാഭ്യാസപദ്ധതി റീവാസ്റ്റേററിൽ അവലംബിച്ചിരിക്കുന്നു. അഞ്ഞൂറു് പ്രൈമറിസ്കൂളുകൾ, നൂറു് മിഡിൽസ്കൂളുകൾ, ഇരുപത്തഞ്ചു് ആംഗ്ലോവെർണാക്കുലർ മിഡിൽസ്കൂളുകൾ, അഞ്ചു് ഹൈസ്കൂളുകൾ ഒരു ടെക്നിക്കൽ ആൻഡ് അഗ്രികൾച്ചറൽ ഇൻസ്റ്റിററ്യൂട്ട് എന്നിവ സമാരംഭിക്കുന്നതിനു പദ്ധതികൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം, സ്ഥിരം ഗ്രേഡുകളോടുകൂടി അദ്ധ്യാപകരുടെ ശമ്പളംപുതുക്കൽ, പെൺകുട്ടികൾക്കു സൗജന്യമായ സെക്കൻഡറിവിദ്യാഭ്യാസം, അർഹരായ വിദ്യാർത്ഥികൾക്കു സ്കാളർഷിപ്പുകൾ, തൊഴിൽപരമായ ബോധനത്തിൻെറ പ്രാധാന്യം മുതലായവ പദ്ധതിയുടെ മുഖ്യാംശങ്ങളിൽ ചിലതാണു്. (ഏ-പി)

—o—

# സുമാത്രായിൽനിന്നു് അരിവരും

—o—

ബറേറവിയ, അക്ടോ: 5. ഡച്ച് ഈസ്റ്റിൻഡീസിൽനിന്നു് ഇന്ത്യയിലേക്കുള്ള ഭക്ഷ്യകയററുമതി കൂടുതൽ സൗകര്യംകരുതി സുമാത്രായിൽനിന്നു ചെയ്യുന്നതായിരിക്കുമെന്നു ഇൻഡോനേഷ്യൻകേന്ദ്രങ്ങളിൽനിന്നറിയുന്നു. (റായിട്ടർ)

—o—

# അലഹബാദിലെ അസ്വാസ്ഥ്യങ്ങൾ

—o—

അലഹബാദ് അക്ടോ ൬—കുഴപ്പമുണ്ടാക്കിയ നടത്തിയ ഒരു ജനക്കൂട്ടത്തെ പിരിച്ചുവിടുവാൻ പോലീസുകാർ ൪ ചുററുവെടിവച്ചു. ഒരിടത്തു ഒരു യാത്രക്കാരൻെറമേൽ ആസിഡ് എറിഞ്ഞു. രണ്ടുദിവസത്തെ ശാന്തതയ്ക്കുശേഷം രണ്ടിടത്തു ഓരോ കുത്തുകേസു നടന്നു. വെടിവയ്പിൽ ആർക്കും പരുക്കു പററിയില്ല. കുത്തേററവരുടെ പരുക്കു ഗുരുതരമല്ല. അവരെ ആസ്പത്രിയിലാക്കിയിരിക്കുന്നു.

—o—

# കൽത്തായിലെ ലഹള

കൽക്കത്താ, അക്ടോബർ 6—ഇന്നു നഗരത്തിലെ അസ്വാസ്ഥ്യസംഭവങ്ങളിൽപെട്ടു 2-പേർ മരിച്ചതായി രാത്രി ൧൧ മണിക്കു ആസ്പത്രികളിൽനിന്നു ലഭിച്ച വിവരങ്ങൾ കൊണ്ടറിയുന്നു.

—o—

മറുനാടൻമലയാളികൾ

## കേരളസമാജം

—o—

ബാംഗ്ലൂർ, അക്ടോ: 1 ബാംഗ്ലൂർ കേരളസമാജം, സാഹിത്യവിഭാഗത്തിന്റെ ഒരു അസാധാരണയോഗം ശ്രീ. സി. പി. ദേവസ്സി, ബി. എസ്സ്. സി. ഓണേഴ്സിന്റെ അദ്ധ്യക്ഷതയിൽ സെ: 29 നു-വൈകിട്ട് 5 മണിക്കു സമാജമന്ദിരത്തിൽവച്ച് സമ്മേളിയ്ക്കുകയുണ്ടായി. ആ അവസരത്തിൽ ശ്രീമാന്മാർ ജി. എസ്സ്. പിള്ള ബി. എ. രാമവർമ്മ ബി. എ. എന്നീ മാന്യന്മാർ 'പുരാതനസംസ്കാരം' 'ഐക്യകേരളം' എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം ഓരോ പ്രസംഗം ചെയ്തു. ഉപസംഹാരപ്രസംഗത്തിൽ അദ്ധ്യക്ഷൻ സാഹിത്യത്തെ കൂടുതൽ ജനകീയമാക്കേണ്ടതിന്റെ ഉദ്ദേശത്തെക്കുറിച്ചു ഊന്നിപ്പറഞ്ഞു. കൂടാതെ ഭാരതീയരുടെ വന്ദ്യനേതാവായ മഹാത്മജിയുടെ 78-ാം ജന്മദിനത്തെ അനുസ്മരിച്ചുകൊണ്ടും അദ്ദേഹത്തിനു സകല ഭാവുകങ്ങളും ആശംസിച്ചുകൊണ്ടും ഒരു പ്രമേയം സർവ്വസമ്മതമായി പാസ്സാക്കി.

## യാത്രയയപ്പ്

പൂനാ, സെപ്റ്റംബർ 28—ഏകദേശം മൂന്നു വർഷക്കാലമായി സ്ഥലത്തെ ഉദ്യോഗത്തിനിടയ്ക്കു്, കേരളീയസമാജത്തിനും കേരളീയജനസാമാന്യത്തിനുംവേണ്ടി വിലയേറിയ സേവനങ്ങൾ അനുഷ്ഠിച്ചശേഷം ഇപ്പോൾ സ്വദേശമായ തിരുവനന്തപുരത്തേക്കു തിരിച്ചുപോകുന്ന ശ്രീ. എൻ. കെ. നായർക്കു സ്ഥലം കേരളീയസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ സെപ്റ്റംബർ 28-ാംതീയതി സായാഹ്നത്തിൽ സാറാലോഡ്ജിൽ വെച്ചു ഒരു യാത്രയയപ്പ് നൽകുകയുണ്ടായി. കേരളീയസമാജ പ്രവർത്തകസമിതിയിലെ അംഗങ്ങൾക്കുപുറമേ മററനേകം കേരളീയസുഹൃത്തുക്കളും ഏതാനും മഹാരാഷ്ട്ര യുവാക്കന്മാരും ആ അവസരത്തിൽ സന്നിഹിതരായിരുന്നു. വിഭവസമൃദ്ധമായ തേയിലസൽക്കാരത്തിനുശേഷം, പൂനയിലെ കേരളീയസമാജത്തിനും, കേരളീയജനതയ്ക്കും വിശേഷിച്ച് സ്ഥലത്തെ സാമൂഹ്യപ്രവർത്തനങ്ങൾക്കുമൊന്നിനും മി: നായരിൽനിന്ന് ഉണ്ടായിട്ടുള്ള സേവനങ്ങളെ പ്രകീർത്തിച്ചും, അദ്ദേഹത്തിന്റെ വ്യക്തിവൈശിഷ്ട്യത്തെ അഭിനന്ദിച്ചും ശ്രീ. എം. എൻ. മേനോൻ, ശ്രീ: വി. കെ. മൈലപ്പ്, ശ്രീ: വി. പി. കൃഷ്ണമേനോൻ, ശ്രീ: കെ. ദിവാകരൻ എന്നിവർ പ്രസംഗിക്കുകയുണ്ടായി. സമാജത്തിനു മി: നായരുടെ സഹായസഹകരണങ്ങൾ മേലിലും ഉണ്ടാകേണമെന്ന് അവർ അഭ്യർത്ഥിച്ചു. മി: നായരുടെ ധന്യവാദസൂചകമായ മറുപടിപ്രസംഗത്തിനുശേഷം രാത്രി എട്ടരമണിക്കു സുഹൃത്സമ്മേളനം സമംഗളം പര്യവസാനിച്ചു. (ഒ-ലേ)

—o—

## ത്രികക്ഷിസമ്മേളനത്തിൽ പങ്കെടുക്കുന്നു

കൊല്ലം, കന്നി 20— തൊഴിലാളികളോടുള്ള ഗവണ്മെന്റിന്റെ മനോഭാവത്തേയും പുതിയ അടിയന്തിരാധികാരനിയമത്തേയും പരിഗണിച്ച് ത്രികക്ഷിസമ്മേളനത്തിൽ പങ്കെടുക്കേണ്ട ആവശ്യമില്ലെന്ന് തൊഴിലാളികേന്ദ്രങ്ങളിൽ അഭിപ്രായഗതി ഉണ്ടായിരുന്നു എങ്കിലും പ്രസ്തുത സമ്മേളനംമൂലം തൊഴിലാളികളുടെ സാമ്പത്തികമായ നേട്ടത്തിനു അല്പമെങ്കിലും സഹായമുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി തൊഴിലാളിപ്രതിനിധികൾ സമ്മേളനത്തിൽ പങ്കുകൊള്ളുവാൻ തീർച്ചയാക്കിയതായി അറിയുന്നു. ഈ തീരുമാനമനുസരിച്ച് സഖാക്കൾ ടി. വി. തോമസ്സ്, കുമാരപ്പണിക്കർ, കുന്നത്തോടത്തു ജനാർദ്ദനൻനായർ, കെ. എൻ. ഗോപാലക്കുറുപ്പ്, എൻ. ശ്രീകണ്ഠൻനായർ, എം. എൻ. ഗോവിന്ദൻനായർ മുതലായവർ തിരുവനന്തപുരത്തേക്കു പോകുന്നതാണ്. (ഒ ലേ)

ഗ്രന്ഥനിരൂപണം.

# കേരളഭൂഷണം

വാർഷികവിശേഷാൽപ്രതി

വില രൂപ 2

വിലോചനാസേചകമാംവിധം ജവഹർലാൽജിയുടെ ഛായാപടം മുഖചിത്രമായി ചാർത്തിയിരിക്കുന്ന കേരളഭൂഷണം വിശേഷാൽപ്രതി പ്രഥമദർശനത്തിൽതന്നെ മാനസികപ്രബുദ്ധതയ്ക്കു നമ്മെ പ്രചോദനം ചെയ്യുന്നു. മഹാരാജാവുതിരുമനസ്സിലേയും രാജകുടുംബാംഗങ്ങളുടെയും ദിവാൻജിയുടെയും മനോഹരചിത്രങ്ങൾ അനുക്രമമലങ്കരിച്ചുനല്ലമേനിക്കടലാസിൽ അച്ചടിച്ചിരിക്കുന്ന ഈ വിശേഷാൽപ്രതി ഇടക്കാലത്തുണ്ടായ ആവിധപ്രസിദ്ധീകരണങ്ങളിൽ അതിപ്രധാനമായ ഒരു സ്ഥാനം തികച്ചും അർഹിക്കുന്നു. പ്രൗഢമായ ഒരിംഗ്ലീഷുലേഖനവുമായി പ്രഥമപടിയിൽനിന്നുകൊണ്ടു ശ്രീ. കെ. കെ. കുരുവിള എം. എ. ബി. ഡി അതിന്റെ പ്രവേശനദ്വാരം തുറക്കുന്നു. 'ഇരട്ടിപ്പട്ടി' വള്ളത്തോൾ മഹാകവിയുടെതാണ്. ആ അപൂർവ്വപ്രതിഭാവാന്റെ ഭാവശോഭിതമായ കലാവിഭവങ്ങൾ അതിൽ ആസ്വാദ്യമധുരിമവഹിച്ചരുളുന്നു. "ഭാരതവർഷമെല്ലാംകോലേന്തിയ തൃക്കയ്യോടു നാരായംവഹിച്ചകൈ പൊരുത്തുന്നതുകണ്ടെന്മാൻ" അങ്ങനെ ഷഷ്ഠിഹാനം ജഗന്നാഥപണ്ഡിതനമായുള്ള ചക്രാംഗപ്പോരിനെ ലക്ഷ്യമാക്കി നില്ക്കുന്ന ആ കവിതാദേവി പ്രസാദവതി തന്നെയാണ്. സമസ്തസുലോകസൃചേത! പ്രവൃത്തിഗൃഹീതാപലടിസ്ഥാപ്യയാതിവരാത്,യെ "സകലതടെയുമുരാകരനാലുള്ളികടമതിലിട്ടു ഗമിപ്പിരെന്നതോനം" എന്നിങ്ങനെ അദ്ദേഹം മൂലശ്ലോകത്തിന്റെ പ്രാണൻ കളഞ്ഞിരിക്കുന്നു. ശ്രീ. പി അനന്തൻപിള്ളയുടെ കളിമൺബാലിക ഒരു ഐതിഹ്യഗന്ധം വീശുന്നുവെങ്കിലും ആ [illegible]യിൽ സുകുമാരകലയുടെ, ശൈശവവിലാസപ്രതിപാദനകൗശലത്തിന്റെ വിളയാടൽ ഇത്രമാത്രം രീതി സുഭഗതയിലടങ്ങിക്കിടക്കുന്നുണ്ടോ എന്ന ചിന്തയിലേക്കു നമ്മെ നയിക്കാതിരിക്കയില്ല. രാഷ്ട്രീയസ്വാതന്ത്ര്യവും സാമ്പത്തികസമത്വവും, കേരളത്തിനൊരു സാമ്പത്തികപ്ലാൻ, എന്നീ രണ്ടുലേഖനങ്ങൾ അടുത്തടുത്തായി ഒരേ കലയിൽ വികസിച്ചുകണ്ട പുഷ്പങ്ങളെപ്പോലെ നിലകൊള്ളുന്നു. ആദ്യലേഖനകർത്താവായ ശ്രീ കെ. പി. ശങ്കരമേനോൻ സോഷ്യലിസ്റ്റ്സിദ്ധാന്തങ്ങളുടെ ഉദ്ധാരകനാണെങ്കിൽ കേരളത്തിലെ രാജ്യമീമാംസകനായ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടവർകൾ റഷ്യൻസംഹാരമന്ത്രത്തെ ഉരുക്കഴിച്ചു കുരുതിക്കു അരത്തവെള്ളമൊഴിയാൻ ഉതിക്കായി എഴുന്നേററിരിക്കയാണിതിൽ. അതിനെത്തുടർന്ന് ശ്രീ: ചങ്ങമ്പുഴയുടെ റഷ്യൻ നാടോടിപ്പാട്ടുംകൂടിയായപ്പോൾ എല്ലാംതികഞ്ഞു. അയൽപക്കത്തെ നായ് എന്ന ചെറുകഥ ഇന്നത്തെ മലയാളകഥാകൃത്തുക്കളാണ വായിക്കേണ്ടതു്. വളച്ചുകെട്ടും വക്രോക്തിയും അസഭ്യവും ഒന്നുമല്ല ചെറുകഥകൾക്കു രസംകൊടുക്കുന്നതെന്നു ശ്രീ: സി. വി. എൻ. നമ്പൂതിരി വെളിപ്പെടുത്തുന്നു. ശ്രീ. ഇ. എം. കോവൂരിന്റെ കുറുക്കുവഴിതേടം, വിശേഷാൽപ്രതിയുടെ അപേക്ഷകന്മാരുടെ വരവുകൾ അവലംബിക്കേണ്ടിവന്ന ഒരു പദ്ധതിയാണെന്നു തോന്നിപ്പോകും. എളുപ്പമായുള്ള വഴിയെപ്പിന്തിക്കിൽ ഇടയ്ക്കിടെ ആപടിയുണ്ടെന്നു അയല്ക്കാർ പാടേവള്ളതു് അദ്ദേഹം കേട്ടില്ലെന്നുവരുമോ.

ശ്രീ. കെ. രാമകൃഷ്ണപിള്ള അവർകളുടെ വെള്ളിനക്ഷത്രം ഭൂഷണമദ്ധ്യത്തിൽ വെൺകതിർ ചൊരിയുന്നതിനെക്കുറിച്ചാണ് അല്പമൊന്നു പറവാനുള്ളതു്. മി. പിള്ളയുടെ രൂപകങ്ങൾ മലയാളസാഹിത്യത്തിൽ ചൈതന്യപ്രസരവും നവോന്മേഷവും നൽകിക്കൊണ്ടാണ് ഇതേവരെ നാം കണ്ടിട്ടുള്ളതു്. കലയെസംബന്ധിച്ചുവ്യാഖ്യാനഭേദങ്ങളെങ്ങനെയൊക്കെയായിരുന്നാലും, കേരളീയജനസാമാന്യത്തിന്റെ ജീവിതത്തെ ഹൃദയാവർജ്ജകമായ രീതിയിൽ ചിത്രീകരിക്കുന്നതിനും തന്മയീഭാവം വരുത്തുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു. ആ രംഗം കടന്നിട്ടു മി. പിള്ള ഇതാ പ്രതിരൂപാത്മകപ്രസ്ഥാനത്തിന്റെ പ്രസ്താവനയായി ഇതിനെ സംവിധാനംചെയ്തിരിക്കയാണ്.

കല കലയ്ക്കുവേണ്ടിയോ എന്നപ്രശ്നം വയ്ക്കുന്ന ഒരു മി: കെ. ഗംഗാധരന്റെ കലാബോധം ബഹിരാത്മകസ്ഥാപനംചെയ്യുകാണെന്നു് ഒരു ഇദംപ്രഥമകലാതത്വനിരൂപണമെന്നുള്ളകേരളഭൂഷണത്തിന്റെ ശിരോലിഖിതത്തിൽ 'അയ്യോപാവം' തോന്നിപ്പോകുന്നു. 'അപ്പൻകൊമ്പത്തേ' എന്ന പേർകൊണ്ടു വക്കി അവർകളുടെ കഥാസംവിധാനത്തെപ്പറ്റി പ്രത്യേകിച്ചൊന്നു പറയപ്പെടുന്നതു ഇവിടെ ആവശ്യമായി വന്നിരിക്കുന്നു. സത്യാഗ്രഹിയിൽ ത്യാഗാത്മകരമായ് തെളിഞ്ഞൊരു ഭാവനാസമ്പന്നനായിട്ടാണ് ഇതിൽ മി: വക്കി പ്രത്യക്ഷപ്പെടുന്നതു്. കർഷകരുടെ ദുരിതാനുഭവങ്ങൾ നമ്മുടെ സാഹിത്യത്തിനു വിഷയമായിരുന്നില്ല. ശ്രീ. വക്കി ആ കുറവിനെ തന്റെ വിരൾത്തൂലികകൊണ്ടു പരിഹരിക്കാൻ തുടങ്ങിയിരിക്കുന്നതിൽ അഭിനന്ദിക്കേണ്ടതായുണ്ട്. ചിന്താദരിദ്രമായ മലയാളസാഹിത്യം വിശേഷാൽപ്രതിയുടെ ഭൂഷണങ്ങളിൽ വിശേഷമായ ഒന്നാണ്. ശ്രീ. എസ്സ് ഗുപ്തൻനായരവർകൾ ഇന്നത്തെ യുവസാഹിത്യകാരന്മാരെ ഉദ്ദേശിച്ചു എഴുതിട്ടുള്ളതാണ് പ്രസ്തുതലേഖനം. ഒരുപന്യാസസ്വഭാവംവിട്ടു മുഖപ്രസംഗമായിലേക്കു നീങ്ങിപ്പോയിട്ടുണ്ടെങ്കിലും പാണ്ഡിത്യം എന്നു കേൾക്കുമ്പോൾ തലവേദനവരുന്ന ആധുനികസാഹിത്യകാരന്മാരുടെ തലക്കുത്തു തീർക്കാനുള്ള ഒരു ശരിയായ ചികിത്സാവിധിയായിട്ടുണ്ട്: അത്, കേരളഭൂഷണത്തിന്റെ പിറന്നാൾ സാഹിത്യസദ്യ നാനാ കൂട്ടം വിഭവങ്ങളോടുകൂടിയതാണ് അവ സജ്ജീകരിച്ചിരിക്കുന്നതു്. അവയിലോരോന്നിന്റേയും രുചിഭേദത്തേയും രസവൈവിധ്യത്തേയും പററിയാണെങ്കിൽ ഒക്കവേ പറവതിനൊട്ടുമേകം ലംപോരാ, എന്നല്ലസ്ഥലം പോരാഎന്ന മററിടപോക്കണ്ടതായിവരും. വലിപ്പം വിഷയവൈവിധ്യം സുന്ദരത ഇവകളാൽ സമന്വഗ്രഥിതമായ ഈ പ്രസിദ്ധീകരണം ഒരു കേരളഭൂഷണം തന്നെയാണെന്നു പറയുവാൻ അതിയായ സന്തോഷമുണ്ട്. അടുത്ത പിറന്നാൾ സദ്യ ഇതിലും കെങ്കേമമായവിധം കൊണ്ടാടുവാനുള്ള സകല ഭാവുകങ്ങളും ആശംസിക്കയാണ് ഞങ്ങൾ ചെയ്യുന്നതു്.

സി. എ. പി.

—*—

16-ാം പേജിൽനിന്നു തുടർച്ച

തോട്ടങ്ങൾ കീഴടക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളും നാട്ടുരാജ്യങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.

ചില നാട്ടുരാജ്യങ്ങളിൽ സ്വന്തമായ നാണയങ്ങളും തപാൽ ഏർപ്പാടുകളും ഉണ്ട്. രാജ്യക്ഷേമത്തിനു ഇവ ഉപകാരമായിത്തീരുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇന്ത്യാഗവണ്മെന്റ് ആ അധികാരത്തെ അവർക്കു വിട്ടുകൊടുത്തിരിക്കുന്നു. തിരുവിതാംകൂർ, ഹൈദരബാദ് എന്നീ നാട്ടുരാജ്യങ്ങളിൽ ഈ അധികാരം നടന്നുകൊണ്ടിരിക്കുന്നു.

കുറെ കാലങ്ങൾക്കു മുമ്പ് നാട്ടുരാജ്യങ്ങൾ ഒരു പ്രത്യേക നികുതി വസൂലാക്കി വന്നിരുന്നു. നാട്ടുരാജ്യങ്ങളിൽ നിന്നു വെളിനാടുകളിലേക്കു പോകുന്ന സാമാനങ്ങൾക്കും, വെളിനാടുകളിൽനിന്നു നാട്ടുരാജ്യങ്ങളിലേക്കു വരുന്ന സാമാനങ്ങൾക്കും ചുമത്തിയിരുന്ന ഒരു പ്രത്യേക സാമാനനികുതിയായിരുന്നു അതു്. ഈ നികുതിമൂലം വ്യാപാരാഭിവൃദ്ധി തടയപ്പെടുന്നതിനാലും ഇന്ത്യയുടെ പൊതുക്ഷേമത്തിനു അതു തടസ്സമായിത്തീരുന്നതിനാലും ഒട്ടുമിക്ക നാട്ടുരാജ്യങ്ങളും ആ നികുതിസമ്പ്രദായം നിർത്തൽ ചെയ്തു. ദുർല്ലഭം ചില നാട്ടുരാജ്യങ്ങളിൽ അൽപാല്പമായി ഇന്നും നടന്നുവരുന്നുണ്ടു്.

ഇന്ത്യയുടെ പൊതുക്ഷേമത്തിനും, നന്മയ്ക്കുംവേണ്ടി എന്തും പ്രവർത്തിക്കുവാൻ നാട്ടുരാജ്യങ്ങൾ തയ്യാറാണെന്നു് കഴിഞ്ഞകാലത്തിലെ സംഭവങ്ങൾ ഏറക്കുറെ വ്യക്തമാക്കിയിട്ടുണ്ടു്. കഴിഞ്ഞ രണ്ടു നൂററാണ്ടുകളായി അടിമത്വത്തിന്റെ അത്യഗാധതയിൽ കിടന്നു വീർപ്പുമുട്ടിയും, കഷ്ടപ്പെട്ടും ജീവച്ഛവമായിത്തീർന്ന ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ പ്രഥമസോപാനത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന സുമുഹൂർത്തമാണ് ഇതു്. അടുത്തു രൂപീകൃതമാകുവാൻപോകുന്ന ജനപ്രതിനിധി സഭയിൽ നാട്ടുരാജ്യങ്ങൾക്കു പ്രധാനമായ പങ്കുണ്ടു്. നാട്ടുരാജ്യങ്ങളുടെ സഹായവും, സഹകരണവുംഉണ്ടായാൽ മാത്രമേ വിജയമാക്കിത്തീർക്കുവാനും തൻമൂലം ഒരു സ്വതന്ത്രഭാരതം സൃഷ്ടിക്കുവാനും നാട്ടുരാജ്യങ്ങൾ തങ്ങളുടെ മുഴുവൻ ശക്തിയും ഈ ഘട്ടത്തിൽ വിനിയോഗിക്കുമെന്നു വിശ്വസിക്കാം.

—o—

## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
മഹത്തായ 5-ാംവാരം!
റി. ആർ. മഹാലിംഗം, നാഗർകോവിൽ മഹാദേവൻ, കുമാരി രുഗ്മിണി
അഭിനയിച്ച
**ശ്രീവള്ളി**
എന്ന പുണ്യപുരാണചരിത്രം.

അമ്പലപ്പുഴ ഗോപിടാക്കീസിൽ
ജാൺകവാസ്, കർക്കീദ്, നസീർ
മുതലായവർ അഭിനയിച്ച
**ഇടിരാജൻ**

കരുനാഗപ്പള്ളിക്രൗണിൽ
T. R. രാജകുമാരി, K. L. V. വസന്ത, രഞ്ജൻ B. A., T. S ബാലയ്യാ, N. S. കൃഷ്ണൻ, T. A. മധുരം
മുതലായവർ അഭിനയിച്ച
**'ശാലിവാഹൻ'**

ചവറ ബേബിടാക്കീസിൽ
1946-ലെ നവീനതമിഴ്ചിത്രം!
**— ആരവല്ലി —**
കെ. തവമണിദേവി, എം. ആർ. സന്താനലക്ഷ്മി, വി. ഏ. ചെല്ലപ്പ, കാളികത്തുർ ശർമ, ആർ ബാലസുബ്രഹ്മണ്യം, രാജാകാന്തം മുതലായവർ അഭിനയിച്ചതു്

## ബാങ്കർ ചന്ദ്രശേഖരൻ.

—o—

വില രൂ 1. ണ 8.
മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

## വിധിനടത്ത്

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷികൾക്കു നോട്ടീസ്സ്.

പത്തനംതിട്ട മുൻസിഫ് കോർട്ടിൽ വിധിനടത്തിവരുന്ന അട്ടർ

1108-ാമാണ്ടു സി. 644-ാം നമ്പർ

മേഡവർവാദി—2, പത്തനംതിട്ട പകുതിയിൽ വെട്ടിപ്പുറംമുറിയിൽ പത്തനംതിട്ട പേട്ടയിൽ ചിന്നതുമീരാമരതി ചിന്നതുമീരാ മരതി മു-പേ.

പ്രതികൾ—4, ഇലന്തൂർ പകുതിയിൽ നന്നുവക്കാട്ടുമുറിയിൽ ഏള്ളംകാലാപുരയിടത്തിൽ ശങ്കരൻനായർ പരമുനായർ. 5, ടിയിൽ ശങ്കരൻനായർ മാധവൻനായർ. 7, കുമ്പഴപകുതിയിൽ കോന്നീതാഴത്തുമുറിയിൽ അട്ടച്ചാക്കൽ എന്ന സ്ഥലത്തു പുത്തൻകളീക്കൽ ശങ്കരൻനായർഗോവിന്ദൻനായർ. 9, ടി പകുതിയിൽ കോന്നീ അരുവാപ്പുലംമുറിയിൽ വെള്ളലിൽ നാരായണൻനായർ നാരായണൻനായർ. 10, ഇലന്തൂർപകുതിയിൽ നന്നുവക്കാട്ടുമുറിയിൽ ചരുവിൽ പുത്തൻവീട്ടിൽ നാരായണൻനായർ കൃഷ്ണൻനായർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര വിധിനടത്താൻ അനുവദിക്കണമെന്നു മേഡവർവാദികൾ ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ടു E P 419-ാം നമ്പർ ഹർജിസംഗതി 122-ാമാണ്ടു കന്നിമാസം 28-ാം തീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻ്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതു ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തം (ഒപ്പ്.)

1122-ാമാണ്ടു് കന്നിമാസം 9-ാംനു-

—o—

## പ്രതിസമൻസ്

കൊല്ലം പ്രി. മു. കോർട്ടിൽ

121 സ്മാൾ നമ്പർ 339

വാദികൾ—കൊല്ലം വടക്കംഭാഗത്തു ചേരിയിൽ തുണ്ടിൽവീട്ടിൽ കൃഷ്ണപിള്ള പരമേശ്വരൻപിള്ള.

2-ാം പ്രതി—മാവേലിക്കരത്താലൂക്കിൽ ടി പകുതിയിൽ പുതിയകാവുമുറിയിൽ ആനന്ദഭവനത്തിൽ തോമസ് മത്തായി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു് ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്തവിചാരണദിവസമായ 122 കന്നി 25-ാം തീയതി പകൽ 11 മണിക്കു് കക്ഷിനേരിട്ടോ അധികാരപ്പെടുത്തിയ വക്കീലോ ഏജൻ്റോ മുഖാന്തരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്തം (ഒപ്പ്)

122 ചിങ്ങമാസം 28-ാംനു-

—o—

## വസ്തുഒഴിപ്പു നോട്ടീസ്സ്

—o—

മീനച്ചൽ മുൻസിഫ് കോർട്ടിൽ

1103 സി. 122

വാദി—ഒരണങ്ങാനംപകുതി കയ്യൂരുമുറിയിൽ മററത്തിൽ മിഖേൽ ദേവസ്യാ.

3-ാം പ്രതി:—ടി മുറിയിൽ ഏളപ്പുപറം അഗസ്തി ആഗസ്തി.

ടി 3-ാം പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പ്ര സന്നതുവസ്തുക്കൾ 3-ാം പ്രതിയെ വിട്ടൊഴിപ്പിച്ചു വാദിക്കു നടത്തി കൈവശപ്പെടുത്തി കൊടുക്കണമെന്നു വാദി അപേക്ഷിച്ചതനുസരിച്ചു 1122-കന്നിമാസം 25-ാംനു വാദിക്കു സന്നതുവസ്തുക്കൾ നടത്തി കൈവശപ്പെടുത്തി കൊടുക്കുന്നതാണെന്നുള്ള വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

നോട്ടീസ് വിചാരണ 22-2-1122

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

1122 കന്നി 1-ാംനു-

## പരസ്യം

—o—

മാവേലിക്കര മുൻസിഫ് കോർട്ടിൽ

1122-ൽ സക്ഷൻ ഹർജിനമ്പ്ര 1

ഹർജിക്കാർ—പുതുപ്പള്ളി പകുതിയിൽ ഗോവിന്ദമുട്ടം മുറിയിൽ കടമ്പാട്ടുനിന്നും ഭരണിക്കാവുപകുതിയിൽ പള്ളിക്കൽ നട്ടുവിലേമുറിയിൽ മാത്തിൽ ഉമ്മിണി ഭാരതി. (2) ടിയിൽ മാധവൻ ജനാർദ്ദനൻ. (3) ടിയിൽ മൈനർ ഉമ്മിണി ചിന്നമ്മ. (4) ടിയിൽ മൈനർ മാധവൻ ചെല്ലപ്പൻ. 3-ം 4-ം ഹർജിക്കാരുടെ രക്ഷകർത്താവും പിതാവും ടിയിൽ രാമൻ നീലകണ്ഠൻ.

എതൃഹർജിക്കാർ ഇല്ലാ.

ഹർജിക്കാരുടെ മാതാവു് മരിച്ച കാളി ഉമ്മിണി വാദിയായി ഈ കോർട്ടിൽ 110. സി. 1155-ാം നമ്പരായി സമ്പാദിച്ച വിധിത്തുക ഈടാക്കുന്നതിനു അവകാശസർട്ടിപ്പിക്കേററു കൊടുക്കണമെന്നു ഹർജിക്കാർ ബോധിപ്പിച്ചിട്ടുള്ള ഹർജിസംഗതിയ്ക്കു് ആക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈമാസം 28-ാംനു പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

10-2-122

—o—

## പരസ്യം

—o—

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ

൧൧൨൧-ാമാണ്ടു ആദ്യനമ്പർ സി. ൪൯

വാദി—പെരിനാട്ടുപകുതിയിൽ ചങ്ങൻകുളങ്ങരമുറിയിൽ ചന്ദ്രമനഇല്ലത്തു വിഷ്ണുനമ്പൂതിരി ഗോവിന്ദൻനമ്പൂതിരി.

പ്രതി—പെരിനാട്ടുപകുതിയിൽ പ്രയാർ തെക്കുംമുറിയിൽ കുളത്തിൻെറകിഴക്കതിൽവീട്ടിൽ മൈതിയന് കുഞ്ഞു അബ്ദുല്ലാക്കുഞ്ഞു്.

മേല്പറഞ്ഞ പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ടു കന്നിമാസം ൨൭-ാം തീയതി പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കാണ്ണം വേണ്ടുന്ന അറിവു കൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററവല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തിരമോ ഹാജരായിരിക്കയുംവേണം.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-കന്നി-൧൧-ാംനു-

—o—

## പരസ്യം.

—o—

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ

111-ൽ സിവിൽ നമ്പ്ര 624.

വാദി—ടി സെൻട്രൽ ബാങ്കിംഗ് കാർപറേഷൻ ഓഫ് ട്രാവൻകൂർ ലിമിറഡ് ബ്രാഞ്ച് ചങ്ങനാശേരി.

വക്കീൽ മി എൻ. നാരായണപിള്ള

2-ാം പ്രതി—വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ ചങ്ങനാശേരി ചന്തയിൽ കരിമ്പുപള്ളിക്കടവിൽ കച്ചവടം പാറക്കടവിൽ ചാക്കോ ജോസഫ്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പ്ര ജപ്തിപ്പട്ടിക വസ്തുക്കൾക്കു പരസ്യം അയച്ചു ലേലത്തിൽ വില്പിക്കുന്നതിനു വാദി ബോധിപ്പിച്ചിട്ടുള്ള അപേക്ഷക്കു് ടി 2-ാം പ്രതിക്കു് പല പ്രാവശ്യവും നോട്ടീസയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ ആയതു സംബന്ധിച്ചു ടി 2-ാം പ്രതിക്കു് വല്ല ആക്ഷേപവുമുണ്ടെങ്കിൽ വിചാരണയായ 112 കന്നി 29-ാംനു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാണെന്നുള്ള വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

1122 കന്നി 10-ാംനു-

—o—

## പരസ്യം

ആലപ്പുഴ ജില്ലാക്കോർട്ടിൽ

1121 ഡി. ആർ. പി. നമ്പർ 25.

ഹർജിക്കാരൻ—ചേർത്തലപകുതിയിൽ ടി തെക്കുംമുറിയിൽ വല്യത്തു താമസിക്കും ഇട്ടിച്ചാണ്ടി ചാണ്ടി.

എതൃഹർജിക്കാർ—1 കുമാരപുരംപകുതിയിൽ കരുവാററാ തെക്കുംമുറിയിൽ താച്ചയിൽ മാത്തർ രാമുവൽ 2 ടിയിൽ മാത്തൻമാത്യു 3 തിരുവല്ലാതാലൂക്കിൽ കല്ലൂപ്പാറപകുതിയിൽ മുട്ടത്തുമൺമുറിയിൽ പുതുതോട്ടത്തു വട്ടശ്ശേരിൽനിന്നും കോട്ടയം പുത്തനങ്ങാടിയിൽ വട്ടശ്ശേരിൽ താമസം ജേക്കബ്ബ മത്യൂ 4 കുമാരപുരം പകുതിയിൽ പോത്തപ്പള്ളി വടക്കുംമുറിയിൽ വൈദ്യശാലയിൽ വൈദ്യൻ ശങ്കരൻ 5 നങ്ങ്യാർകുളങ്ങരപകുതിയിൽ ടി മുറിയിൽ തോട്ടത്തിൽ ശ്രായി കൊച്ചുകുഞ്ഞു നാരായണൻ 6 കരുവാററാ വടക്കുംമുറിയിൽ പാറപ്പള്ളിൽ മാക്കാരുകുഞ്ഞു കാതിരുകുഞ്ഞു 7 ടി മുറിയിൽ വട്ടപ്പറമ്പു വീട്ടിൽ ഈശ്വരക്കുറുപ്പു് കേശവക്കുറുപ്പു്

8. കുമാരപുരംപകുതിയിൽ കരുവാററാ തെക്കുംമുറിയിൽ പള്ളിയമ്പിൽവക കല്ലലമോരിവീട്ടിൽ പാർവ്വതികുഞ്ഞമ്മ കല്യാണികുഞ്ഞമ്മ. 9 കുമാരപുരംപകുതിയിൽ പോത്തപ്പള്ളിതെക്കുംമുറിയിൽ പിഷാരത്തുവീട്ടിൽ നാരായണപിള്ള ശങ്കരപ്പിള്ള 10 കുമാരപുരം പകുതി കരുവാററാതെക്കുംമുറിയിൽ പന്നച്ചിറപുത്തൻപുരയ്ക്കൽ വക നെടിയത്തു കൊച്ചുവക്കി ഇടിക്കുള. 11 തിരുവല്ലാതാലൂക്കിൽ കടപ്രാപകുതിയിൽ ചണ്ണംതെട്ടുവഴി പടിഞ്ഞാറേമുറിയിൽ കുഞ്ഞിപ്പറമ്പിൽ ഇടിക്കുള അബ്രഹാം. 12 ഹരിപ്പാട്ട് പ്ലാപ്പിഴമുറിയിൽ വാലേത്തു നിന്നും വെളിയിൽവീട്ടിൽ ലക്ഷ്മിഅമ്മ നാരായണിഅമ്മ.

എതൃഹർജിക്കാരെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ ഹർജിക്കാരനെറ സ്വത്തുക്കളിൽ നാലിൽ ഒരുഭാഗം നിർബാധയായി ടിയാന് വിട്ടുകൊടുത്തും ശേഷം സ്വത്തുക്കൾകൊണ്ടു് കടങ്ങൾ പരിഹരിച്ചും ഉത്തരവു് ഉണ്ടാകണമെന്നു് ഹർജിക്കാരൻ 121-ൽ ഡി. ആർ. പി. 25-ാം നമ്പരായി ബോധിപ്പിച്ച ഹർജി 122-ാമാണ്ടു് കന്നിമാസം 29-ാംനു വിചാരണക്കു് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു് എതൃഹർജിക്കാർ നേരിട്ടോ അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേററു് മുഖാന്തിരമോ ഈ കോർട്ടുമുമ്പാകെ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജിസംഗതി തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

121 കന്നി 1-ാംനു-

—o—

## പരസ്യം

കൊട്ടാരക്കര മു-കോർട്ടിൽ

121 സി 518.

വാദികൾ:—വെളിയംപകുതിയിൽ ഓടനാവട്ടത്തുമുറിയിൽ ആറവാരത്തെന്ന സ്ഥലത്തു ആലുംകടവുവീട്ടിൽ മാത്തുണ്ണി ഗീവർഗ്ഗീസ് മുതൽപേരു.

വക്കീൽ മി: വി. പി. കേശവപിള്ള:

2-ാം പ്രതി.—ആററിങ്ങൽ അധികാരത്തിൽ കുഴിയംവിളാകത്തുമുറിയിൽ ഇടയാവണത്തുമഠത്തിൽ മൂഴിക്കൽ പോങ്ങാട്ടു ശ്രീകുമാരനാരായണരു എന്നു സ്ഥാനപ്പേരുള്ള നാരായണരു നീലകണ്ഠരു.

2-ാം പ്രതിയെ തിര്യപ്പെ ടുത്തുന്നതു്.

ടി നമ്പരിൽ 2-ാം പ്രതിക്കു പലപ്രാവശ്യവും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങി വന്നിരിക്കുന്നതും ടി നമ്പർ കേസ് 122-ാമാണ്ടു് കന്നിമാസം 30-ാം തീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതും ആകയാൽ വിചാരണദിവസം പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ തങ്കളോ അധികാരപ്പെടുത്തപ്പെട്ടവരോ ഹാജരായി തർക്കമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം 2-ാം പ്രതിയെ കൂടാതെ കേസ് തീർച്ചചെയ്യുന്നതാണെന്നും ഉള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ക്ലാർക്ക് (ഒപ്പ്)

122 കന്നി ,-ാംനു-

B II

## നോട്ടീസ്സ്

—o—

കൊല്ലംജില്ലാകോർട്ടിൽ

1121 അപ്പീൽ 108

വാദി—ലിക്വിഡേഷനിലിരിക്കുന്ന സീററിബാങ്കിൻെറ ഒഫിഷ്യൽ ലിക്വിഡേററർ തിരുവനന്തപുരത്തു താമസം അഡ്വക്കേററു മിസ്റ്റർ പി എസ്സ് അച്യുതൻപിള്ള.

പ്രതികൾ—കൂട്ടതൽ 3-തിരുവനന്തപുരത്തു കുന്നുകുഴിയിൽ ഗൌരീവിലാസം ബംഗ്ലാവിൽ താമസം റബേക്കാഅമ്മ റബേക്കാജോൺ. 4. ടിയിൽ എം. പി. ഫിലിപ്പ് 5. ടിയിൽ എം. പി. കോശി 6. ടിയിൽ അന്നമ്മ ഫിലിപ്പ് 7. ടിയിൽ എം. പി. ഉമ്മൻ 8. ടിയിൽ മൈനർ എലിസബത്തുഫിലിപ്പ. രക്ഷകർത്താവു കൂട്ടതൽ 3-ാം പ്രതിയാകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതികൾക്കു ഈ കോടതിയിൽ നിന്നും പലതവണ നോട്ടീസയച്ചതിലും കൈപ്പററാതെ മടക്കിഅയച്ചുവരുന്നതും ടി നമ്പർ 1122 കന്നി 29-ാം തീയതിക്കു വിചാരണനിശ്ചയിച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ 11 മണിക്കു ടി പ്രതികളോ അവർക്കുവേണ്ടി അധികാരപ്പെടുത്തിട്ടുള്ള അഡ്വക്കേററന്മാരോ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം ടി പ്രതികളെക്കൂടാതെ ടി നമ്പർ തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

കൊല്ലം 1122 കന്നി 1-ാം തീയതി

—o—

## ചങ്ങനാശേരിമുൻസിഫ് കോർട്ടിൽ

—o—

1109 —ൽ സിവിൽ നമ്പർ 900

വാദി പുളിങ്കുന്നുപകുതിയിൽ വടക്കൻ വെളിയനാട്ടു മുറിയിൽ ആയ്യൻ വക്കൻ മത്തായി ചാക്കോ.

വാദിവക്കീൽ മി. എൻ. നാരായണപിള്ള

കൂട്ടതൽ 2-ാം പ്രതി—തിരുവല്ലാതാലൂക്കിൽ കാവുംഭാഗം പകുതിയിൽ ടി മുറിയിൽ പടിഞ്ഞാററ മഠത്തിൽ വൈദ്യനാഥയ്യർ രാമയ്യർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിനടത്തുസംഗതിക്കു് പ്രതിക്കു പലപ്രാവശ്യവും നോട്ടീസയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽ നമ്പർ വിധിനടത്തുന്നതിന്നു് ടി 2-ാം പ്രതിക്കു് വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയതു ഈ കോർട്ടിൽ 122-ാമാണ്ടു് കന്നിമാസം 29-ാം തീയതി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെക്കൂടാതെ വിധിനടത്താൻ അനുവദിക്കുന്നതും ആണെന്നുള്ള വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

1122 കന്നി 1-ാം തീയതി

—o—

## പ്രതിസമൻസ്

കൊല്ലം പ്രി. മു. കോർട്ടിൽ

൧൨൧- സീ- നമ്പ്ര ൩൪൩.

വാദി—കൊല്ലംപകുതിയിൽ ഓലയിൽചേരിയിൽ വടക്കേ നെടിയത്തുവീട്ടിൽ കാളിയമ്മ കുട്ടിഅമ്മ മു. പേർ. ൨.

പ്രതി.—അമ്പലപ്പുഴ ചമ്പക്കുളംപകുതിയിൽ അമിച്ചകരിമുറിയിൽ പൈങ്ങാമ്പേരിവീട്ടിൽ കേശവപ്പിള്ള ശിവരാമപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടിപ്രതിക്കു് ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ കന്നി ൨൯-ാം തീയതി പകൽ ൧൧ മണിക്കു് കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ വക്കീലോ ഏജൻ്റോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്.)

൧൨൨ കന്നി ൪-ാംനു-

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ

൧൧൯-സീ ൧൮൩

വാദി—തിരുവല്ലാപകുതിയിൽ ഇരുവെള്ളിപ്ര മുറിയിൽ പഴയപറമ്പിൽ കണ്ടത്തിൽ ഇടിക്കുള മത്തു.

പ്രതി—വാഴപ്പള്ളികിഴക്കുംഭാഗം പകുതിയിൽ ടി മുറിയിൽ ചങ്ങങ്കരിചക്കാലക്കൽ മത്തായി ജോസഫ്.

പ്രതിയെ തെര്യപ്പെടുത്തുന്നതു

മേൽനമ്പരിൽ വിധിനടത്തുന്നതിൽ പ്രതിക്കു വാറണ്ടയയ്ക്കുന്നതിനു നോട്ടീസയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതും ടി നമ്പർ വിചാരണക്കു ൧൧൨൨ കന്നി ൨൯-ാംനു- വച്ചിരിക്കുന്നതും ആകയാൽ വിചാരണദിവസം പകൽ ൧൧ മണിക്കു ടി കോടതിമുമ്പാകെ വാറണ്ടയക്കുന്നതിനെപ്പററി ആക്ഷേപമുണ്ടെങ്കിൽ പ്രതിയോ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏജൻറാ വക്കീലോ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെ കൂടാതെ ഹർജിക്കാര്യം തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്)

൧൧൨൨-കന്നി-൧ ാംനു

—o—

## പരസ്യം

അട്ടൂർ: ടെ: മുൻസിഫ് കോർട്ടിൽ

൧൨൧ സിവിൽ നമ്പ്ര ൧൭൯.

വാദി ൨, കൊട്ടേമൺപകുതിയിൽ കൊട്ടേമൺമുറിയിൽ ചരുവിള പുത്തൻവീട്ടിൽ പത്മനാഭൻനായർ വേലായുധൻനായർ.

പ്രതി—3, കൊട്ടേമൺപകുതിയിൽ കൊട്ടേമൺ മുറിയിൽ ചക്കംചേരിവീട്ടുകാരനായ ഇലഞ്ഞൂർ പകുതിയിൽ ഇലഞ്ഞൂർ കിഴക്കുംമുറിയിൽ താന്നിനില്ക്കുന്നതിൽ പടിഞ്ഞാററതിൽനിന്നും കുമ്പഴപകുതിയിൽ മലിയപ്പുഴ നല്ലൂരുമുറിയിൽ താന്നിനില്ക്കുന്നതിൽ താമസം രാമൻ നായർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു കോർട്ടിൽനിന്നും പലപ്രാവശ്യവും സമൻസുമുതലായ നടപടികൾ നടത്തിയതിൽ ഹാജരാകാതിരിക്കുന്നതും മേൽനമ്പ്രകേസു ഈ മാസം (൧൧൨൨ കന്നി മാസം) ഇരുപത്തിഎട്ടാംതീയതിക്കു വിചാരണനിശ്ചയിച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതി നേരിട്ടോ അധികാരപ്പെട്ട വക്കീൽ മുഖാന്തിരമോ കോർട്ടിൽ ഹാജരാകാത്ത പക്ഷം അന്നേദിവസം ടി പ്രതിയെക്കൂടാതെ കേസു തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്.)

൯-൧-൨൨.

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ

118-ാംമാണ്ട സി. 702.

വാദി:—1. പാറക്കടവുപകുതി കോട്ടശ്ശേരി കരയിൽ പയ്യപ്പിള്ളി ചാക്കു ഇട്ടിയച്ചൻ മു: പേർ 2.

പ്രതി:—2. കോതകുളങ്ങരപകുതി കുറുകാററിക്കര ചെറിയാൻ വക്കി എന്നു വിളിക്കുന്ന പൈനാടത്തു വറിയതു പൗലോ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പർ വിധിനടത്തുവാൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-മാണ്ട് ഇ. പി. 151-ാംനമ്പർ ഹർജിസംഗതി 122-ാമാണ്ട കന്നിമാസം 23 ാംനു-വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയവക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും ആപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്.)

1122 മാണ്ട് ചിങ്ങമാസം 19-ാംനു-

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്.

—o—

ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ

൧൧൧൩ മാണ്ട സിവിൽ—400

വാദി—വടക്കേക്കരപകുതിയിൽ, അങ്ങാടിക്കൽ മുറിയിൽ, പുത്തൻമഠത്തിൽ വീട്ടിൽ നാരായണപിള്ള രാമകൃഷ്ണപിള്ള

കൂട്ടത്തിൽപ്രതികൾ— ൧൨-മല്ലപ്പുഴശേരി പകുതിയിൽ, കോഴഞ്ചേരിമുറിയിൽ, കോഴഞ്ചേരി വലിയമാർത്തോമ്മാപള്ളിവികാരി ആയി താമസം റവ: ഫാദർ—കെ. പി ഫിലിപ്പ് എം. എ. ബി. ഡി. അവർകൾ കരവേലിൽവീട്ട് തുകലശേരിമുറി തിരുവല്ലാ.

൧൯. ടി തുകലശേരി മുറിയിൽ, കരവേലിൽവീട്ടിൽ കെ. പി. തോമ്മസ്.

൨൦. ടിയിൽ കെ. പി. മറിയാമ്മ.

൨൧. ടിയിൽ കെ. പി. ചിന്നമ്മ.

൨൨. ടിയിൽ ഫിലിപ്പോസ് ഏലിയാമ്മ.

ടി ൧൨ മുതൽ ൨൨ വരെ പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നുമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാംമാണ്ട് സിവിൽ പലവക ൧൭൪൭-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട കന്നിമാസം ൨൭-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും ആപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട് ചിങ്ങമാസം ൨൧-ാംനു-

—o—

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ

൧൧൨൦-ൽ ഡി. ആർ. പി. നമ്പ്ര ൪

ഹർജിക്കാരൻ—വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ തറപ്പുരയിടത്തിൽ വേലായുധചെട്ടിയാരു പഴനിചെട്ടിയാരു.

എതൃഹർജിക്കാർ (൧) സെൻറമേരീസ് മോഡൽകമ്പനിക്കുവേണ്ടി മാനേജർ ടി മുറിയിൽ നെൽപുരയ്ക്കുലായ മൂലയിൽ തോമ്മാ തോമസ്: (൨) ടി മുറിയിൽ തറപ്പുരയിടത്തിൽ വേലായുധൻചെട്ടിയാരു കൊച്ചുകൃഷ്ണൻചെട്ടിയാരു. (൩) ടി മുറിയിൽ തറപ്പുരയിടത്തിൽ പഴനിചെട്ടിയാരു മാടത്തിഅമ്മാൾ. (൪) ടിയിൽ രാമകൃഷ്ണൻചെട്ടിയാരു ജാനകിഅമ്മാൾ. (൫) ടി മുറിയിൽ മാറാട്ടുകളത്തിൽ ചാക്കോ തോമ്മാ (൬) ടി മുറിയിൽ കുടകപ്പറമ്പിൽ രാമസ്വാമിചെട്ടിയാരു പരമേശ്വരൻചെട്ടിയാരു. (൭) അമ്പലപ്പുഴ പുറക്കാട്ടുപകുതിയിൽ കരൂർമുറിയിൽ ഇലഞ്ഞിപ്പറമ്പിൽ വേലായുധൻചെട്ടിയാരു തങ്കമ്മാൾ. (൮) വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ ടി മുറിയിൽ പുല്ലുകാട്ടു ഇട്ടിയവിരാ ദേവസ്യാ. (൯) ടി മുറിയിൽ തറപ്പുരയിടത്തിൽ ശിവൻചെട്ടിയാരു അർജ്ജുനൻചെട്ടിയാരു.

ടി ഹർജിയിൽപെട്ട ൧-ാംനമ്പരു വസ്തുവിൻെറ നാലിൽ മൂന്നുഭാഗംകൊണ്ട എതൃഹർജിക്കാർക്കുള്ള കടം പരിഹരിച്ച നാലിൽ ഒരു ഭാഗം കടബാധ്യതകൂടാതെ വിട്ടുകിട്ടുന്നതിനുവേണ്ടി ഹർജിക്കാരൻ ഈ നമ്പരിൽ ബോധിപ്പിച്ച വിചാരണയിൽ ഇരിക്കുന്ന ഈ ഹർജി അനുവദിക്കുന്നതിൽ ആക്ഷേപമുള്ളപക്ഷം വിചാരണദിവസമായ ൧൧൨൨-ാംമാണ്ട കന്നിമാസം ൨൪-ാംനു- പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട ആടിമാസം ൧൩-ാംനു-

—o—

## നോട്ടീസ്

—o—

സിവിൽ നടപടി നിയമത്തിൻെറ ൧൨൬-ാം വകുപ്പ്

കരുനാഗപ്പള്ളി മുൻസിഫ് കോർട്ടിൽ

൧൧൧൭-ാമാണ്ട സി ൭൬-ാംനമ്പർ

തീർവാദി,—മൈനാഗപ്പള്ളി പകുതി കോവൂരുമുറി ചെമ്പകം പുത്തൻവീട്ടിൽനിന്നും തേവലക്കര അരുനല്ലൂരുമുറി ആലുക്കാട്ടു പത്മനാഭപിള്ള വേലുപ്പിള്ള.

പ്രതി:—൧. പുതുപ്പള്ളി പകുതി പുതുപ്പള്ളി വടക്ക് കൊച്ചുമുറിയിൽ മടവനാട്ടു കൊച്ചുകുഞ്ഞു നീലകണ്ഠൻ, ൪. തിരുവല്ലാ കടപ്രപകുതി ടി മുറിയിൽ തയ്യിൽ ചെറിയാൻ വർഗ്ഗീസ്സ്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

തീർവാദിയെ കക്ഷിചേർക്കാൻ ഈ കേസ്സു വിചാരണയ്ക്കു വച്ചിരിക്കുന്ന ൧൧൨൨-ാംമാണ്ട കന്നിമാസം ൨൩-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ നിങ്ങൾ നേരിട്ടു ഹാജരായിരിക്കുകയും വേണം. അതിനു വീഴ്ചവരുത്തുന്നപക്ഷം കേസു നിങ്ങൾക്കു ദോഷമായി വിധിക്കപ്പെടുകയോ അല്ലെങ്കിൽ ആ വകുപ്പിൽ വിവരിക്കുന്ന മററു ഭവിഷ്യത്തുകൾക്കു നിങ്ങൾ ഉത്തരവാദിയായി തീരുകയോ ചെയ്യുമെന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്.)

൧൧൨൨-ാംമാണ്ട കന്നി മാസം ൧൦-ാംനു-

—o—

## പ്രതിസമൻ

പരസ്യം

പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ

1121-ലെ സിവിൽനമ്പ്ര 550

വാദി—ദി ട്രാവൻകൂർ ഫോർവേഡ് ബാങ്ക് ക്ലിപ്തം ആലുവാബ്രാഞ്ച് ഏജൻറ തോമസ്സ് കുര്യൻ.

1-ാംപ്രതി—പറവൂർ താലൂക്ക് വടക്കേക്കര പകുതി നന്ത്യാട്ടുകുന്നംകരയിൽ കാലടിപറമ്പുവീട്ടിൽ കെ. അനന്തൻനായർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പർ വാദി നിങ്ങളുടെ മേൽ ടി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിലേക്കു ഉത്തരം പറവാനുണ്ടെങ്കിൽ ആയതു നിങ്ങൾ നേരിട്ടോ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖേനയോ വിചാരണദിവസമായ 1122-ാമാണ്ട കന്നി മാസം 25-ാംനു- പകൽ 11 മണിക്കു ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി വ്യവഹാരസംഗതി തീർച്ചചെയ്യപ്പെടാവുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്)

122 ചിങ്ങം 19-ാംനു-

—o—

B- 1

## പ്രതിസമൻ

കൊല്ലം ജില്ലാകോർട്ടിൽ

1121 അസ്സൽ 76.

വാദി:—ചെങ്ങന്നൂർ വടക്കേക്കര പകുതിയിൽ മുണ്ടൻകാവു മുറിയിൽ വഞ്ചിപ്പുഴമഠത്തിൽ ഉഴത്തിൽ ഉഴത്തിരക്കവേണ്ടി കോർട്ടുഓഫ് വാർഡ്സിലെ മാനേജർ ജി. ബാലകൃഷ്ണപിള്ള.

പ്രതി.—3. ചടയമംഗലം പകുതിയിൽ വെള്ളൂപ്പാറ മുറിയിൽ തോലിക്കുന്നിൽ കാതിരുവാപ്പു ബാപ്പൂറ്ഹമാൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ സംഗതിക്കു ടിപ്രതിക്കു ഈ കോർട്ടിൽനിന്നും പലതവണ സമനയച്ചതിലും കയ്പാറാതെ മടക്കിഅയച്ചുവരുന്നതും ടി നമ്പ്ര 1122 കന്നിമാസം 25-നു-ക്കു വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ അന്നേദിവസം പകൽ 11 മണിക്കു ടി പ്രതിയോ പ്രതിക്കുവേണ്ടി മുറപ്രകാരം ഏർപ്പെടുത്തിട്ടുള്ള അഡ്വാക്കേററാ ഹാജരായി ഉത്തരം ബോധിപ്പിക്കാത്തപക്ഷം ടി പ്രതിയെ എക്സ്പാർട്ടിയാക്കി കേസു തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

കൊല്ലം
1122-ചിങ്ങം 29-ാംനു- }

## സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

Notice Rule 44.

മാവേലിക്കര മുൻസിഫ് കോർട്ടിൽ

117-ാംമാണ്ട സിവിൽ—389

വാദി—തെക്കേക്കര പകുതിയിൽ പോനത്തുമുറിയിൽ പടിയിൽകിഴക്കേ തറയിൽ കുഞ്ഞിപ്പിള്ളപണിക്കത്തി കാർത്യായനിപണിക്കത്തി.

പ്രതി—3. തഴക്കരപകുതിയിൽ തഴക്കരമുറിയിൽ പോളച്ചിറക്കൽവീട്ടിൽ പി. സി. മാത്തൻ എന്നുകൂടി പറഞ്ഞുവരുന്ന കൊച്ചുമ്മൻ മാത്തൻ—3-ാം പ്രതിയെ തെര്യപ്പെടുത്തുന്നതു.

ടി നമ്പരിൽ വിധിസാദ്ധ്യത്തിനുവേണ്ടി 3-ാം പ്രതിക്കു

സിവിൽ നടപടിനിയമം Order XXI R. 22 അനുസരിച്ചു വാറണ്ടയയ്ക്കാൻ ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട് Exn. Petn 258-ാം നമ്പർ ഹർജിസംഗതി 122-ാംമാണ്ട കന്നിമാസം 23-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും ആപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ, (ഒപ്പ്)

1121-ാമാണ്ട് ആടിമാസം 21-ാംനു-

—o—

## ലേലപരസ്യം

—o—

ആററിങ്ങൽ മുൻസിഫ് കോർട്ടിൽ

1108 സി 339

വാദി—ഇടവാപകുതിയിൽ ഇടവാദേശത്തു് കല്ലുവിളാകം പുരയിടത്തിൽ അടിമ കുതിരുമാളു മാൾ.

പ്രതികൾ—ഇടവാ ദേശത്തു് കിണററുവിളാകം പുരയിടത്തിൽ കാസീൻ ഇസ്മായിൽ മു. പേ. 51

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വിധിക്കടത്തിനുവേണ്ടി അയിരൂർ പകുതിയിൽ സർവ്വെ 2321. 768. 1644. 1673. 1860. 1683. 1712. 1727. 1738. 1764 ഐ 1784. 1825. 1019. 1022. 1081. 969 ബി. 1024. (1027. ഏ) ഈ നമ്പർ വസ്തുക്കളെ 20004 പണം 2 ചക്രം 6 കാശായി 1122 കന്നി 23-ാംതീയതി പകൽ ഒന്നര മണിക്കു ഈ കോടതിമുമ്പാകെ വച്ചു പരസ്യമായി ലേലത്തിൽ വില്ക്കപ്പെടുമെന്നുള്ള വിവരം പരസ്യപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്)

9-2-122.

—o—

## പരസ്യം

—o—

മീനച്ചൽ മുൻസിഫ് കോർട്ടിൽ

1121-സിവിൽ-നമ്പ്ര 297.

വാദി:—പുലിയന്നൂർപകുതി ടികരയിൽവണ്ടാനത്തു് കൃഷ്ണൻനായർ ശങ്കരൻനായർ.

പ്രതി—ഉഴവൂർപകുതി പോണാടു കരയിൽകല്ലുംകരെനിന്നും വാഴൂർപകുതി കങ്ങഴ കരയിൽ കടയാനിക്കാട്ടുചരിക്കലിൽ ഇന്നാലിൻവീട്ടിൽ പാക്കം പോത്തൻ ജോസഫ്.

ടിപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ അന്യായസംഗതിക്കു പ്രതിക്കു പലപ്രാവശ്യവും സമൻസയച്ചതിൽ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽനമ്പ്രകേസു വിചാരണദിവസമായ 122 കന്നിമാസം 24-ാംനു-പകൽ 11 മണിക്കു ഈ കോടതി മുമ്പാകെ ഹാജരായി വല്ല തക്കവുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസു തീരുമാനിക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ് ഗുമസ്താ (ഒപ്പ്.)

—o—

# "മർഡേക്കാ"

(കെ. വേലായുധൻനായർ, ബി. കോം. വിദ്യാർത്ഥി; എസ്. എച്ച്. കാളേജ്)

ശാന്തസമുദ്രത്തിന് 735,000 ചതുരശ്രമൈൽ വിസ്തീർണ്ണത്തേയുള്ളതും 3000-ൽപരം മൈൽ നീളത്തിൽ ഏഷ്യായ്ക്കും, ആസ്ട്രേലിയായ്ക്കും ഇടയ്ക്കായിരണ്ടു ഖണ്ഡത്തേയും യോജിപ്പിക്കുന്ന ഒരു പാലമെന്നോണം കിടക്കുന്ന, അനേകദ്വീപുകൾ ഉൾക്കൊള്ളുന്ന ഒരു ദ്വീപസമൂഹം ആണ് ഇൻഡോനീഷ്യാ. കഴിഞ്ഞ ആഗസ്റ്റ് 17-ാംതീയതിയോടുകൂടി ആ രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചിട്ട് ഒരുകൊല്ലം തികയുന്നു. ഈ കഴിഞ്ഞ ഒരുകൊല്ലത്തെ വിജയകരമായ യുദ്ധത്തിനുശേഷം തങ്ങളുടെ സ്വാതന്ത്ര്യം എന്തുതന്നെയായാലും തങ്ങൾക്കു തന്നെ സൂക്ഷിക്കുന്നതിനുള്ള ശക്തിയേയും, ദൃഢപ്രതിജ്ഞതയേയും ലോകത്തെ അവർ കാണിച്ചിരിക്കുന്നു.

ഇൻഡോനീഷ്യായുടെ ചരിത്രം വളരെ പുരാതനമായ ഒന്നാണ്. ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാംമതം എന്നീ മതങ്ങൾക്കും പ്രാബല്യം ഓരോകാലത്തു് ഉണ്ടായിരുന്നു. പിന്നീട് 16-ാംശതാബ്ദത്തോടുകൂടി പോർട്ടുഗീസുകാർ, സ്പെയിൻകാർ, ഫ്രഞ്ചുകാർ, ഡച്ചുകാർ പതിവുപോലെ ഇംഗ്ലീഷുകാരും അവസാനമായി അവിടെ വന്നെത്തി. കച്ചവടക്കാർ എന്ന നിലയിൽ ഈ വെള്ളക്കാരെ സ്വാഗതം ചെയ്തതിന്റെ അവസാനഫലമായി ഡച്ചുകാർ ഇൻഡോനീഷ്യയിൽ ആധിപത്യം സ്ഥാപിച്ചു. 1618-ൽ ജെ. പി. കോവൻ, എന്ന ആളെ ആദ്യമായി ഡച്ചുഗവർണർ ജനറൽ ആയി നിയമിക്കപ്പെട്ടു. അന്നുതൊട്ട് 1904 വരെ ഇടവിടാതെ ആഭ്യന്തരയുദ്ധവും ഉണ്ടായിക്കൊണ്ടിരുന്നു. അതിൽ പിന്നീട് ഈയിടെവരെ ഡച്ചുകാരുമായി ഉണ്ടായിരുന്ന മത്സരം ഒന്നു മന്ദീഭവിച്ചു.

മൂവായിരത്തിൽ പരമുള്ള ആ ദ്വീപസമൂഹം ഇൻഡോനീഷ്യാ—'മരതകദ്വീപങ്ങൾ' ലോകത്തിലേക്കുംവെച്ച് ഏററവും സമൃദ്ധിയായതും മനോഹരവുമായ ഒരു സ്ഥലമാണ്. ആകെ 750 ലക്ഷം ഉള്ള ജനസംഖ്യയിൽ 500 ലക്ഷം ജാവായിലും, 100 ലക്ഷം സുമാട്രായിലുമാണ് അധിവസിക്കുന്നതു്. ജനങ്ങളുടെ ശരാശരി ആദായം 1932-ലെ ഒരു സ്ഥിതിവിവരക്കണക്കനുസരിച്ച് ഒരാൾക്ക് ദിവസം മൂന്നര അണയും; വേലക്കൂലി രണ്ടര അണതൊട്ട് ആറരഅണവരെയും ആണ്. ലോകത്തിലെ 90% ക്വിനയിൻ, 40% റബ്ബർ, 31% കൊപ്ര, 20% ടിൻ, 92% കുരുമുളക്, 50% പുകയില, 77% കപ്പോക്ക്, 25% പഞ്ചസാര, 80% ബോക്സയിറ്റ്, 10% മണ്ണെണ്ണ, ഇത്രയും ഇൻഡോനീഷ്യ ഉല്പാദിപ്പിക്കുന്നു 1938 ൽ ഇൻഡോനീഷ്യാക്ക പെട്രോളിയം ഉല്പാദനത്തിൽ ലോകത്തിൽ നാലാംസ്ഥാനവും, തേയില കാപ്പി, പഞ്ചസാര, എന്നിവയിൽ മൂന്നാം സ്ഥാനവും, കൊപ്ര, ടിൻ. എന്നിവയിൽ രണ്ടാംസ്ഥാനവും, റബ്ബർ, ക്വിനയിൽ, പുകയില, കപ്പോക്ക, കുരുമുളക്, ബോക്സയിറ്റ് എന്നിവയുടെ ഉല്പാദനത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. എന്നിട്ടും, ഈ വിഭവസമൃദ്ധിയിൽ, സാധാരണജനങ്ങൾ വെറും പട്ടിണിയിൽകിടന്ന് ഉഴലുകയാണ് ചെയ്യുന്നതു്. സാധാരണന്റെ നില ഡച്ചുകാരുടെ കീഴിൽ വെറും നരകീയമായ തന്നെ ഈ സ്വർഗ്ഗസമൃദ്ധിയിൽ കഴിച്ചുകൂട്ടേണ്ടിവന്നു. വെള്ളക്കാർ അവരുടെ സാമ്രാജ്യവും, ആധിപത്യവും; ശ്രേയസ്സും പടുത്തുകെട്ടി.

ഡച്ച് ഈസ്റ്റ്ഇൻഡ്യാക്കമ്പനി 1602-ൽ സ്ഥാപിച്ചപ്പോൾ ഇംഗ്ലീഷുകാരും അവിടെ ഒന്നു തലയിട്ട് നോക്കാതെയിരുന്നില്ല. എങ്കിലും 1814-ലെ ലണ്ടൻ സന്ധിയനുസരിച്ച് ഡച്ചുകാർക്ക് ഇൻഡോനീഷ്യ ലഭിക്കുകയും, പൂർവ്വദേശത്ത് ഒരു ഡച്ചുസാമ്രാജ്യം കെട്ടിപ്പടുക്കുകയും ഉണ്ടായി. ഇന്ന് അവിടെ ആകെയുള്ള ജനസംഖ്യയുടെ 0.4 ശതമാനം ആയ യൂറോപ്യന്മാർ ആദായത്തിന്റെ 65 ശതമാനം അനുഭവിക്കുന്നു. ഏഷ്യക്കാരല്ലാത്തവർ 2.2 ശതമാനം മാത്രമുള്ള മററു വിദേശീയർ ആദായത്തിന്റെ 20 ശതമാനം അനുഭവിക്കുന്നു. ജനസംഖ്യയുടെ 97.4 ശതമാനമായ ഇൻഡോനീഷ്യാക്കാർ, തങ്ങളുടെ നാട്ടിലെ ആദായത്തിൽ 15 ശതമാനംമാത്രമാണ് അനുഭവിക്കുന്നത്. അതേ ധനംനിറഞ്ഞ നാട്, പക്ഷേ പട്ടിണിയുടെ ഇരിപ്പിടം.

ശരിയായരാഷ്ട്രീയപ്രബുദ്ധതയോടുകൂടി സ്വാതന്ത്ര്യത്തിനുവേണ്ടിസമരം തുടങ്ങിയിട്ട് ഏറെ നാളുകൾ ആയിട്ടില്ല വില്ലെമിന രാജ്ഞിയുടെ ഭരണകാലംമുതല്ലേ ആ യുദ്ധം ആരംഭിച്ചുള്ളു. ഇൻഡോനീഷ്യയിൽ മൂന്നുവിഭാഗം ആണു, 'ബോങ്ങ്സ ടൊയെൻ' (Master Race), 'പ്രിയിജി' അഥവാ ബ്യൂറോക്രസിയുടെ ഉരുക്ക് ചട്ടക്കൂട്ടുകൾ; അവസാനമായി 'കൊയിംക്രോമോ' (Koaem Kromo) അഥവാ സാധാരണ ജനങ്ങൾ. 1854-ലെ നിയമപ്രകാരം ഇൻഡോനീഷ്യയിൽ രാഷ്ട്രീയപ്രവർത്തനം വിധ്വംസകമായിട്ടാണ് കരുതിയിരിക്കുന്നതു്. എന്നാൽ 1908-ൽ 'ബോഡി ഒട്ടോമോ' (Boedi Oetomo) എന്നപേരിൽ ഒരു രാഷ്ട്രീയ സംഘടന സ്ഥാപിക്കപ്പെട്ടു. കൂടാതെ 'അമ്പലത്തിന്റെ വിചിത്രത' എന്നകുപ്രസിദ്ധി നേടിയതും, ഡച്ചുകാരുടെ ഭരണക്രൂരതയെ നിലനിർത്തുന്നതിനും, അതിന് വേണ്ട ഉപദേശം നൽകുന്നതിനുമായി 'വോൾക്സ്റാഡ്' (Volksraad) എന്ന ഒരു സംഘടനയും സ്ഥാപിക്കപ്പെട്ടു. രാഷ്ട്രീയപ്രവർത്തനത്തിൽ കമ്യൂണിസ്റ്റുകാരും ഒരു പങ്ക് വഹിച്ചിട്ടുണ്ട്. 1926-27-ൽ ഡാക്ടർ സുതികോർണോയുടെ കീഴിൽ ഒരു ദേശീയ വിപ്ലവം ആരംഭിച്ചു. അതിൽപിന്നീട് ഡാക്ടർ മൊഹമ്മദ് ഹാററായുടെ നേതൃത്വത്തിൽ 'പെർമ' എന്ന ഒരു സംഘടന സ്ഥാപിക്കപ്പെടുകയും, അദ്ദേഹം ഇൻഡോനീഷ്യൻ നേതാക്കന്മാരിൽ ഒരുപ്രധാനി ആകുകയും ചെയ്തു

ഡാക്ടർ ഹാററാ ഹോളണ്ടിൽ സ്ഥാപിച്ചിരുന്ന 'പെർഹിംപോണിയൻ ഇൻഡോനീഷ്യ' എന്ന സംഘടനയിൽ തന്റെ വിദ്യാഭ്യാസകാലത്തു് ഒരു സുപ്രധാന പങ്ക് വഹിക്കുകയും, ഒടുവിൽ അതിന്റെ പ്രസിഡന്റാവുകയുംചെയ്തു. പാശ്ചാത്യരാജ്യങ്ങൾക്ക് ഇൻഡോനീഷ്യയെപ്പററി വിവരങ്ങൾ നൽകുന്നതിന് അദ്ദേഹം ഇപ്പോഴത്തെ പ്രധാനമന്ത്രിയായ സുൽത്താൻഷഹീർമെത്തു് വളരെ യത്നിച്ചിട്ടുണ്ട്. ജപ്പാനീസ് യുദ്ധം തീരുന്നതുവരെ ഡാക്ടർ ഹാററയ്ക്കു് വിദേശവാസം അനുഭവിക്കേണ്ടിവന്നു. വിദേശവാസം അനുഭവിച്ചുകൊണ്ടിരുന്ന സമയത്തും ജപ്പാനീസ് സാമ്രാജ്യത്വത്തോട്, ഡച്ചുകാരോടെന്നപോലെ, പൊരുതണമെന്ന് ഇൻഡോനീഷ്യരോട് അഭ്യർത്ഥിക്കുകയുണ്ടായി. ജപ്പാന്റെ ആധിപത്യകാലത്തു് ഹാററായുടെ പ്രവൃത്തികളെപ്പററി, ജപ്പാനീസ് രഹസ്യപ്പോലീസുകാർ ഒരു സൂക്ഷ്മദൃഷ്ടിപതിപ്പിച്ചുകൊണ്ടിരുന്നു. അന്നത്തെ, ആ യുദ്ധകാലഭരണക്രമത്തിൽ എന്തെങ്കിലും ഒരു പങ്കെടുക്കുന്നതിന് അദ്ദേഹം വിസമ്മതിച്ചു. നിരുപാധികമായി ജപ്പാൻകാർ, ഇൻഡോനീഷ്യൻ സ്വാതന്ത്ര്യംസമ്മതിക്കാതെ ജപ്പാന്റെമേൽനോട്ടത്തിൽ ഉള്ള ഒരുഭരണക്രമത്തിൽ ഭാഗഭാക്ക് ആകുന്നതിന്, തന്റെ അസാധ്യതയെ അദ്ദേഹം സുവ്യക്തം പ്രസ്താവിക്കുകയും, ജപ്പാനെതിരായി ഗൂഢപ്രവർത്തനം നടത്തുകയും ചെയ്തു.

പ്രധാനമന്ത്രിയായ സുൽത്താൻഷഹീർ ഹോളണ്ടിൽനിന്നു വിദ്യാഭ്യാസത്തിം പോകുകയും തിരിച്ചുവന്ന് രാഷ്ട്രീയപ്രവർത്തനത്തിൽ ഊർജ്ജിതമായി പങ്കെടുക്കുകയും തൽഫലമായി ന്യൂഗിനിയിൽ, ഡിഗോൽ, എന്നസ്ഥലത്തു് പത്തുകൊല്ലത്തോളം, ജയിലിലായും, വിദേശവാസമായും കഴിച്ചുകൂട്ടേണ്ടിവന്നു. ഇൻഡോനീഷ്യൻ മന്ത്രിസഭയിലെ, ഏററവും വിദ്യാഭ്യാസവും കലാപാണ്ഡിത്യവും സിദ്ധിച്ചയാളായി അദ്ദേഹത്തെ കണക്കാക്കപ്പെടുന്നു.

1942, മാർച്ച്, 8-ാം തീയതി ഡച്ചുകാർ ആയുധം താഴെവെച്ച് നിരുപാധികമായി ജപ്പാൻകാർക്ക് കീഴടങ്ങി. ജപ്പാൻ ഈ യുദ്ധത്തിൽ ഒരു വെടിപോലും പൊട്ടിക്കേണ്ട ആവശ്യം നേരിട്ടില്ല. അതിവേഗത്തിൽ പിൻതിരിഞ്ഞോടിക്കൊണ്ടിരുന്ന ഡച്ചുവെള്ളക്കാർ വഴിയിൽ കണ്ടതു് മുഴുവനും ചുട്ടു ചാമ്പലാക്കി നശിപ്പിച്ചു. ഇൻഡോനീഷ്യയിൽ ജപ്പാന്റെ ആധിപത്യത്തെപ്പററി ഇന്നും, ശരിക്ക് ലോകത്തിനറിവില്ല. എന്തുതന്നെയായാലും അവർ പഴയ വെളുത്ത യജമാനന്മാരേക്കാളും, ഇൻഡോനീഷ്യരോട്, ദയാപുരസ്സരം പെരുമാറി എന്നുള്ളതു് നിസ്തർക്കമാണ്. ഇൻഡോനീഷ്യൻ സ്വാതന്ത്ര്യത്തിനുള്ള മുറവിളി കുറെയൊക്കെ ജപ്പാൻകാർ സമ്മതിച്ചുകൊടുത്തു എന്നുള്ള വസ്തുതയ്ക്ക് രണ്ടഭിപ്രായമില്ല. ഡച്ചുകാരാണെങ്കിൽ ഇൻഡോനീഷ്യരുടെ ആദായത്തെ നിർദ്ദാക്ഷിണ്യം ചൂഷണംചെയ്തു എന്നുമാത്രമല്ല, യാതൊരുവിധത്തിലുള്ള പൗരസ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല: ജപ്പാൻകാരുമായി താരതമ്യപ്പെടുത്തുമ്പോൾ, ഡച്ചുകാർ ഏഷ്യക്കാരോട് വെറും അക്രമപരമായി പെരുമാറി എന്നുള്ള പച്ചപ്പരമാർത്ഥത്തെ മറയ്ക്കുവാൻ വെള്ളക്കാർ എത്രതന്നെ ശ്രമിച്ചാലും ഫലപ്രദമാകുകയില്ല.

ഇൻഡോനീഷ്യൻ ചരിത്രത്തിൽ ഏററവും രക്തംപുരണ്ട സമയം ഈ കഴിഞ്ഞ ഒരു കൊല്ലം ആണ്. അതിന് ഉത്തരവാദികൾ വെള്ളക്കാരല്ലാതെ മററാരുമല്ല.

ഈ വെള്ളക്കാർ, നാസികൾക്കെതിരായി ഇത്രയുമൊക്കെ പറഞ്ഞവർ, ആ പട്ടിണിപാവങ്ങൾക്കെതിരായി, ഏററവും നൂതനവും, ശക്തിയേറിയതുമായ ആയുധങ്ങൾ ഉപയോഗിച്ച് ഇൻഡോനീഷ്യക്കാരുടെ ന്യായമായ ജന്മാവകാശത്തെ, —സ്വാതന്ത്ര്യത്തെ-തകർക്കുവാൻ ശ്രമിച്ചു, പക്ഷെ ഇൻഡോനിഷ്യൻ ഐകമത്യത്തിന്റേയും, ദൃഢപ്രതിജ്ഞതയുടേയും മുമ്പിൽ അപമാനപുരസ്സരം, പരാജിതരാകേണ്ടിവന്നു. ഇൻഡോനീഷ്യക്കാർ 1945, ആഗസ്റ്റ് 17-ാംതീയതി, സൂയിക്കാർണോ പ്രസിഡണ്ടായി ഒരു റിപ്പബ്ളിക്ക് സ്ഥാപിച്ച് സ്വതന്ത്രരായി. അങ്ങിനെ ജപ്പാന്റെ കീഴടക്കത്തോടുകൂടിയും, തോറോടിയ ഡച്ചുകാരുടെ തിരിച്ചുവരവിനു—മിടക്ക് കിട്ടിയ ആ ചുരുങ്ങിയ സമയം, ഇൻഡോനീഷ്യാ ഫലപ്രദമായി ഉപയോഗിച്ചു.

ഏററവും ശോകപങ്കിലമായ ഒരവസരത്തിൽ തങ്ങളുടെ ജനങ്ങൾക്കെതിരായി, ബ്രിട്ടീഷ് മേൽനോട്ടത്തിൽ, ഇൻഡ്യൻ പട്ടാളം പലക്രൂരപ്രവർത്തികൾ നടത്തിയെങ്കിലും ഇൻഡ്യയുടെ യഥാർത്ഥസ്ഥിതി അറിഞ്ഞ്, ഇൻഡോനീഷ്യ നമുക്ക് ഉദാരണമായി അരി സംഭാവനചെയ്തതു് സ്മരണീയമാണ്. ഇതുപോലെയുള്ള ഒരു ഘട്ടത്തിൽ ഇത്രയും ഉദാരമനസ്കത കാണിച്ച വേറെ ഒരു രാജ്യം ലോകത്തില്ല. ആഹാരസാധനങ്ങളാൽ മതിമറന്ന് കിടക്കുന്ന അമേരിക്ക വെറും വാക്ക്കൊണ്ടുള്ള സഹായം ചെയ്തുകൊണ്ടിരുന്നപ്പോൾ, ധാരാളം ആഹാരപദാർത്ഥങ്ങൾഉള്ള റഷ്യ പട്ടിണി, പിടിപെട്ട ഇൻഡ്യയെ അതിന്റെ വിധിക്ക് ഉപേക്ഷിച്ചപ്പോൾ, ഒരു കഠോരയുദ്ധത്തിൽ അകപ്പെട്ട നെട്ടോവീർപ്പിട്ടുകൊണ്ടിരുന്ന, ഇൻഡോനീഷ്യ, ഇൻഡ്യക്ക് ഏററവും അമൂല്യമായ പദാർത്ഥമായ അരി നൽകിയതിൽ ഇൻഡ്യ ആ മഹനീയ രാജ്യത്തോട് എന്നെന്നേക്കും കടപ്പെട്ടിരിക്കും. ഡച്ചുകാർ ഈ അരി നമുക്ക് കിട്ടാതിരിക്കുവാൻ വേണ്ടി ഇൻഡോനീഷ്യൻ തുറമുഖങ്ങൾ, ആക്രമിച്ച്, ബോംബിട്ടു, എങ്കിലും നമുക്കുള്ള അരി ജാവായിൽനിന്നും കപ്പലുകളിൽ നിറച്ചുകൊണ്ടിരിക്കുകയാണ്.

ഇൻഡോനീഷ്യരുടെ പരിപൂർണ്ണസ്വാതന്ത്ര്യലബ്ധിക്കുവേണ്ടിയുള്ള സമരം പൂർത്തിയായിട്ടില്ല. കഴിഞ്ഞമൂന്നു നൂററാണ്ടുകൊണ്ട് വേരൂന്നിച്ച ഡച്ചുസാമ്രാജ്യത്വത്തെ പാടെ പിഴുതുകളയുന്നതിന് ഇനിയും കാച്ചുകൂടി സമയം വേണ്ടിവരും. നമുക്ക് "ജയ്ഹിന്ദ്" എന്നവാക്ക് എന്തിന് വേണ്ടിനില്ക്കുന്നുവോ, ആ മഹനീയമുദ്ദേശത്തിന് ഇൻഡോനീഷ്യക്ക്‌വേണ്ടിനില്ക്കുന്ന വാക്കാണ് "മർഡേക്കാ." വെള്ളക്കാരുടെ അക്രമത്തിനും, അനീതിക്കും എതിരായി ഉറയിൽ നിന്ന് ഊരിയ ഒരു ഏഷ്യൻ വാളാണ് ഇൻഡോനീഷ്യ! ഇൻഡോനീഷ്യക്ക് സർവ്വവിധ മംഗളങ്ങളും നാം ആശംസിച്ചുകൊള്ളുന്നു.

മർഡേക്ക!

—o—

## പട്ടിണി പരിഹരിക്കാൻ രണ്ടു മാർഗ്ഗങ്ങൾ

—:*:—

(3-ാം പേജിൽനിന്നു തുടർച്ച)

ണമെന്നുണ്ടെങ്കിൽ രാജ്യങ്ങൾ തമ്മിൽ അഹിംസാമനോഭാവം ഉണ്ടാകണം. കഴിയുന്നിടത്തോളം, സംഖ്യാതീതമായ സാധനനിർമ്മാണം നിർത്തണം. കുടിൽ വ്യവസായങ്ങളെ പോഷിപ്പിക്കണം.

II *Swadeshi*. നിർമ്മാതാവ് തന്റെജീവിതാവശ്യങ്ങൾക്ക് നിർമ്മിതസാധനങ്ങൾ ഉപയോഗിക്കുന്ന ആളുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നാട്ടിൻപുറത്തുണ്ടാക്കുന്ന സാധനങ്ങൾ ജനങ്ങൾ വാങ്ങിച്ചുപയോഗിക്കണം. അതിൽ അവർ വളരെ ശ്രദ്ധ പതിക്കണം. വാങ്ങിക്കാത്തപക്ഷം ഇന്ന് അല്ലെങ്കിൽ നാളെ കുടിൽവ്യവസായം തില്ലും. അതു് അങ്ങനെ നശിക്കും. നമ്മേപ്പോലുള്ളവർ ഗ്രാമങ്ങളിൽ നിർമ്മിക്കുന്ന മുണ്ടും ചെരിപ്പും വാങ്ങിച്ച് ഉപയോഗിക്കുന്നില്ലെങ്കിൽ അതിന്റെ നിലയെന്തു്? അതിൽ കൂടുതൽ കഷ്ടതരമായിട്ടു മറൊന്താണുള്ളതു്? ആ സാധനങ്ങൾ ഉപയോഗിക്കുന്നവരെന്നുള്ള നിലയിൽ ഈ രാജ്യത്തെ പട്ടിണിപ്രശ്നത്തിന്റെ "താക്കോൽധാരകർ" നാമാണ്. കുടിൽവ്യവസായസാധനങ്ങൾമാത്രം ഉപയോഗിക്കുക എന്നുള്ള നിർബന്ധബുദ്ധികളായി പരിണമിച്ചാൽ നാം അതിനെ പോഷിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. തൽഫലമായിട്ടു നമുക്ക് അനേകലക്ഷം ആളുകളെ പട്ടിണിയിൽനിന്നും രക്ഷിക്കാനും കഴിയും. നേരമറിച്ച്, "കാണാൻ മെച്ചമുള്ളതും, വില കുറവാണ്" എന്നുള്ള ഏകകാരണത്താൽ നാം മില്ലിൽത്തീർത്ത നിർമ്മാണത്തെ സഹായിക്കുന്നപക്ഷം നമ്മുടെയിടയിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികവൈഷമ്യം കൂടുതൽ വഴിതെളിക്കുകമാത്രമായിരിക്കും നാം ചെയ്യുന്നതു്. സ്വദേശി എന്നുള്ള വാക്കിന്റെ അർത്ഥം വിദേശങ്ങളിൽനിന്നും കണക്കില്ലാതെ വന്നുമറിയുന്ന സാധനങ്ങളെ ബഹിഷ്കരിച്ചു സ്വദേശത്തുതന്നെ നിർമ്മിക്കുന്നവ വാങ്ങിച്ചുപയോഗിച്ച് അർദ്ധപ്പട്ടിണിക്കാരായ അയൽവാസികളെ പട്ടിണിയിൽനിന്നും വിമുക്തരാക്കുകയെന്നാണ്.

ഈ ഉദ്ദേശങ്ങളെ പ്രായോഗികപന്ഥാവിൽകൊണ്ടുവന്നു പട്ടിണി പരിഹരിക്കാൻ ഗാന്ധിജി രണ്ടു സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഒന്ന് അഖിലേന്ത്യാചർക്കാസംഘവും മറേറതു് അഖിലേന്ത്യാ ഗ്രാമോദ്ധാരണസംഘവും. ഒന്നാമത്തേതു ഖദർനിർമ്മാണത്തെ സംബന്ധിച്ചും രണ്ടാമത്തേതു ശേഷിക്കുന്ന അതിപ്രധാനങ്ങളായ എല്ലാ വ്യവസായങ്ങളെ സ്പർശിക്കുന്നതുമാണ്. ഗാന്ധിജിയുടെ ആദർശങ്ങളനുസരിച്ച്—നിർമ്മലതത്വങ്ങളനുസരിച്ച് (വികേന്ദ്രീകരണവും. സ്വദേശിവ്രതവും) പ്രവർത്തിച്ചെങ്കിൽമാത്രമേ അനേകകോടി ഭാരതീയരുടെ പട്ടിണിക്കു പരിഹാരം നേടാൻ സാധിക്കുകയുള്ളു. എങ്കിൽമാത്രമേ സാധാരണ ഭാരതീയന്റെ വ്യക്തിത്വം നിലനിർത്താൻ കഴിയുകയുള്ളു. ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ടുമാത്രമേ അഹിംസയ്ക്കുള്ള അവസരങ്ങളെ കാക്കാനും അഹിംസയും സമാധാനത്തെയുമുള്ള [illegible] സാഹചര്യങ്ങളേയും വളർത്താൻ കഴിയുകയുള്ളു.

—o—

# "ദക്ഷിണാപഥത്തിന്റെ ഹൃദയം"

(കെ. ആർ. സുധേശൻനായർ)

കാശ്മീർ കഴിഞ്ഞാൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ ഏററവുംവിസ്തൃതവും ജനസംഖ്യ, മുതലെടുപ്പ് ഇക്കാര്യങ്ങളിൽ ഒന്നാമത്തതും, വൻപിച്ച ഹിന്ദുഭൂരിപക്ഷമുള്ളതെങ്കിലും മുസ്ലീംസംസ്കാരത്തിന്റെ കേന്ദ്രമായി പ്രശോഭിക്കുന്നതുമായ ഹൈദരാബാദ്സംസ്ഥാനം രാഷ്ട്രീയകാര്യങ്ങളിൽ ഇനിയും മററുസ്വദേശരാജ്യങ്ങൾക്ക തുല്യമായ് പോലും പുരോഗമിച്ചിട്ടില്ലെന്നുള്ള കാരണത്താൽ ഇന്നു ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയെ ആകർഷിക്കുന്നുണ്ടല്ലോ.

വടക്ക് പേനഗംഗ, ഗോദാവരി എന്നീ നദികളാലും, കിഴക്ക പൂർവ്വപർവ്വതപംക്തികളാലും, തെക്ക് തുംഗഭദ്ര, കൃഷ്ണ, എന്നീ നദികളാലും, പടിഞ്ഞാറ് പശ്ചിമപർവ്വതനിരകളാലും ചുററപ്പെട്ടിരിക്കുന്ന ഈ വിസ്തൃതസാമ്രാജ്യം സമുദ്രനിരപ്പിൽനിന്ന് ആയിരം അടിക്കുമേൽ മൂവായിരം അടിവരെ ഉയരമുള്ളതും, കേവലം മുപ്പതിഞ്ചിൽ കവിയാത്തമാത്രം വർഷപാതമുള്ളതും ആണെന്ന് അറിഞ്ഞിരിക്കേണ്ടതാകുന്നു. ഗോദാവരി, കൃഷ്ണാ, ഭീമാ, മഞ്ജിരാ മുതലായ നദികൾ ഒഴുകുന്നുണ്ടെങ്കിലും വേനൽക്കാലത്ത് അവ വളരെ ശോഷിച്ചുപോകുന്നതിനാലും, ഭൂമിയുടെ കാഠിന്യവും ഔന്നത്യവുംകൊണ്ട് തോടുകൾപോലും കുഴിപ്പിക്കുന്നതിനു സൗകര്യമില്ലാത്തതിനാലും, നെല്ല്, കരിമ്പ് മുതലായ സസ്യങ്ങൾ ഹൈദരാബാദിൽ മിക്കവാറും ഉണ്ടാകുന്നില്ലെന്നുതന്നെ പറയാം. എങ്കിലും "ഓരോന്നും അതതിന്റെ സ്ഥാനത്തേയ്ക്കു വല്ലതു "എന്ന തത്വമനുസരിച്ച്, ദക്ഷിണാപഥത്തിന്റെ ഭീമഭാഗത്തെ ഉൾക്കൊള്ളുന്ന ഹൈദരാബാദ് പരുത്തി, ജവാർ, പയറുവർഗ്ഗങ്ങൾ, ബാജ്റാ എന്നീ സസ്യവിഭവങ്ങളുടെയും ഏതാനും ധാതുവിഭവങ്ങളുടെയും വിളനിലമായി ശോഭിക്കുന്നുണ്ട്.

ഹൈദരാബാദിന്റെ വിസ്തീർണ്ണം എൺപതിനായിരത്തിൽ പരം ചതുരശ്രമൈലും, ജനസംഖ്യ ഒന്നരക്കോടിയിലധികവും,പുതിയബഡ്ജററനുസരിച്ചുള്ള മുതലെടുപ്പ് 16 കോടിയിൽപരംരൂപയുമാണ്. 145 ലക്ഷം ഹിന്ദുക്കളും, 21 ലക്ഷം മുസ്ലീങ്ങളും, രണ്ടുലക്ഷം മററു വർഗ്ഗക്കാരും നിവസിക്കുന്ന ഈ രാജ്യത്തെ മുതലെടുപ്പിന്റെ ഭൂരിഭാഗവും മുസ്ലീംതാല്പര്യങ്ങൾക്കായി മാത്രം വിനിയോഗിക്കുകയാണെന്നും, അതു് ഹൈദരാബാദിലുള്ള മുസ്ലീംസ്ഥാപനങ്ങൾക്കോ, താൽപര്യങ്ങൾക്കോ മാത്രമായിട്ടല്ല, പ്രത്യുത ലോകമൊട്ടുക്കുള്ള മുസ്ലീംസ്ഥാപനങ്ങൾക്കായി കൊടുക്കുന്നുണ്ടെന്നുമുള്ളതു് പ്രസ്താവ്യമാണ്. അതിലേയ്ക്കുള്ള കണക്കുകൾ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ലല്ലോ.

ഇപ്രകാരം ഡെക്കാണിന്റെ ഹൃദയമായ ഈ സംസ്ഥാനം സ്വന്തനാട്ടിന്റെ പുഷ്ടിക്കോ, ശക്തിക്കോ ആയി മുതലെടുപ്പുകുന്ന രക്തം വിനിയോഗിക്കാതെ, ലോകമൊട്ടുക്കുള്ള മുസ്ലീംതാല്പര്യമാകുന്ന ബ്ലഡ്ബാങ്കിൽ നിക്ഷേപിക്കുകയാണെന്നുള്ള വസ്തുത ഓർത്തിരിക്കേണ്ടതാണ്. രാജകീയമതം എന്ന നിലയ്ക്കു് മുസ്ലീംമതത്തെ സംരക്ഷിക്കാനും, മുസൽമാന്മാരെ ധാരാളമായി വൻപിച്ചഉദ്യോഗങ്ങളിൽ നിയമിക്കാനും, നീസാമിന് അധികാരമുണ്ടെന്ന് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ അതു് ഇൻഡ്യ ഒട്ടുക്കുള്ള ഭരണാധികാരികളെ ബാധിക്കുന്നതാണെന്നുള്ളതും പ്രസ്താവാർഹമാണ്. നീസാമിന്റെ "ദിവ്യാവകാശങ്ങൾ"ക്കു് ധാർമ്മികമായ പിൻതുണ എത്ര കണ്ടുണ്ടെന്നു പരിശോധിക്കുന്നതിന്, നമുക്കു് ഈ രാജ്യത്തിന്റെ ചരിത്രത്തിലേയ്ക്കു് ഒന്നു കണ്ണോടിക്കാം.

ഹൈദരാബാദുൾപ്പെട്ട പ്രദേശങ്ങൾ ഒരു കാലത്ത് അശോകന്റെ സാമ്രാജ്യത്തിലും, അനന്തരം സാതവാഹനന്മാർ എന്ന ആന്ധ്രവംശക്കാരുടെ ഭരണത്തിലും ഉൾപ്പെട്ടിരുന്നു. ഇവരുടെ തലസ്ഥാനം കൃഷ്ണാതീരത്തുള്ള ശ്രീകാകുലം ആയിരുന്നു എന്നും, ഇവർക്ക് ഒരുലക്ഷം പദാതിയും, രണ്ടായിരം കുതിരപ്പടയും, ആയിരം ആനകളും അടങ്ങിയ ഒരു സൈന്യം ഉണ്ടായിരുന്നു എന്നും കാണുന്നു. ബി. സി. 230-ൽ ഭരണംനടത്തിവന്ന കൃഷ്ണൻഎന്ന ആന്ധ്രരാജാവിന്റെ ഭരണത്തിൽ നാസിക് മുതൽ ബംഗാൾഉൾക്കടൽവരെയുള്ള രാജ്യം ഉൾപ്പെട്ടിരുന്നു. ശില്പവേലകൾക്കും, സാഹിത്യത്തിനും പ്രോത്സാഹനം നൽകിവന്ന ഈ വംശം ഏതാണ്ട് ഏ. ഡി. 2[illegible]0-ൽ അധഃപതിച്ചുപോയി. ആകയാൽ പിന്നീടുള്ള മൂന്നു ശതാബ്ദത്തെ ചരിത്രം അന്ധകാരമയമാണ്.

ഏ. ഡി. 550-ൽ, രാജപുത്രവംശത്തിൽപെട്ടവരെന്ന് അഭിമാനിച്ചുപോന്ന ചലൂക്യന്മാർ ബിജപ്പൂർ ഡിസ്ട്രിക്ടിൽപെട്ട വാതാപി എന്ന നഗരം തലസ്ഥാനമാക്കി ഭരണം ആരംഭിച്ചു. ഈ വംശത്തിൽപെട്ട പുലികേശി രണ്ടാമൻ അയൽരാജ്യങ്ങൾ പിടിച്ചടക്കി നർമ്മദാതീരംവരെയുള്ള ദേശങ്ങളെ അധീനമാക്കിയിരുന്നു. പ്രതാപിയായ ഇദ്ദേഹം ഏ. ഡി. 620 ൽ നർമ്മദാതീരത്തുവച്ച് ഹർഷനെ തോല്പിച്ച കഥ സുവിദിതമാണല്ലോ. ഹ്യൂൺ സാംഗ് ഇൻഡ്യസന്ദർശിച്ചപ്പോൾ അഭിനന്ദനം രേഖപ്പെടുത്തിയ അജന്താഗുഹയിലെ ചിത്രാവലികൾ ഇദ്ദേഹത്തിന്റെ കാലത്താണു നിർമ്മിക്കപ്പെട്ടതു്. ഏ. ഡി. 720-ൽ ഭരണംനടത്തിവന്ന കൃഷ്ണൻ ഒന്നാമന്റെ കാലത്താണ് എല്ലോറാഗുഹയിലെ പാറതുരന്നുനിർമ്മിതമായ കൈലാസക്ഷേത്രം പണികഴിപ്പിച്ചതു്. ഇവ ഹൈദരാബാദിൽ ഇന്നും കാണ്മാനുണ്ടു്.

ഏ. ഡി. 1190-ഓടുകൂടി ദേവഗിരിയിലെ യാദവവംശക്കാരും, ദ്വാരസമുദ്രത്തിലെ (മൈസൂർ) ഹോയിസാലന്മാരുംകൂടി ചലൂക്യന്മാരിൽ നിന്നു് ഈ രാജ്യം അപഹരിക്കുകയുണ്ടായി. ഹോയിസാലവംശത്തിലെ ബിത്തി ദേവന്റെ കാലത്തു രാമാനുജാചാര്യർ സ്ഥാപിച്ച വൈഷ്ണവമതത്തിനു പ്രാബല്യം സിദ്ധിക്കയും, ബേലൂർ, ദ്വാരസമുദ്രം ഇവിടങ്ങളിൽ വിശിഷ്ടമന്ദിരങ്ങൾ പണികഴിപ്പിക്കപ്പെടുകയുമുണ്ടായി. ദേവഗിരി (ദൗലത്താബാദ്) യിലെ യാദവന്മാർ ആദ്യം ചലൂക്യന്മാരുടെ സാമന്തരായിരുന്നു. ചലൂക്യവംശം ക്ഷയിച്ചപ്പോൾ ഇവർ സ്വതന്ത്രരായി. യാദവവംശത്തിലെ സിംഘനൻ (ഏ. ഡി. 1210) വലിയപ്രതാപിയായിരുന്നു. രാമചന്ദ്രൻ എന്നരാജാവിന്റെ കാലത്തു് ദേവഗിരിയിൽ അലാവുദ്ദീന്റെ ഭയങ്കരമായ ആക്രമണമുണ്ടാകയും ഇതിന്റെ ഫലമായി 1318-ൽ ഈ വംശം നാമാവശേഷമാകുകയും ചെയ്തു.

ദില്ലിയിലെ അഫ്ഗാൻ വംശത്തിന്റെ ശക്തിക്ഷയത്തോടുകൂടി ദക്ഷിണേന്ത്യ വീണ്ടും സ്വതന്ത്രമാകയും 1347-ൽ സഫർഖാൻ എന്ന തുർക്കി ദൗലത്താബാദ് കൈവശപ്പെടുത്തി ബാമിനി രാജവംശം സ്ഥാപിക്കയുമുണ്ടായി. ഇന്നു ഹൈദരാബാദിൽ കാണുന്ന ഗുൽബർഗ്ഗാ അവരുടെ തലസ്ഥാനമായിരുന്നു. ഈ വംശത്തിന്റെ പ്രതാപകാലത്തു് ഡക്കാൺ മിക്കവാറും ഇവരുടെ ഭരണത്തിൽ ഉൾപ്പെട്ടിരുന്നു. ഇവർ പലപ്പോഴും വിജയനഗരിയിലെ ഹിന്ദുരാജാക്കന്മാരുമായി പോരാടിവന്നിരുന്നു എന്നും എന്നാൽ 1565-ലെ താലിക്കോട്ടയുദ്ധംവരെ വിജയനഗരത്തെ ആക്രമം തോല്പിക്കാൻ സാധിച്ചിരുന്നില്ല എന്നും ഉള്ളതു പ്രസ്താവ്യമാണ്. ബാമിനിവംശത്തിലെ മഹമ്മദ് ഷാ തൃതീയൻ ബെസ്വാഡായ്ക്കു സമീപമുള്ള കൊണ്ടപ്പള്ളി കൈവശമാക്കുകയും, കാഞ്ചീപുരംക്ഷേത്രം കൊള്ളചെയ്തു് നിരവധിദ്രവ്യം കരസ്ഥമാക്കുകയും ഉണ്ടായി. ഇദ്ദേഹത്തിന്റെ സമർത്ഥമന്ത്രിയായിരുന്ന മഹ്മൂദ ഗാവാൻ ഒരു പേർഷ്യനായിരുന്നതിനാൽ, നാട്ടുകാർ അദ്ദേഹത്തെ വിദേശിയാണെന്നുള്ള കാരണത്താൽ വെറുക്കുകയും, ആ വിശ്വസ്തമന്ത്രിയെ വധിപ്പിക്കാൻ ചില കള്ളയെഴുത്തുകൾ നിർമ്മിച്ചു തങ്ങളുടെ ശ്രമത്തിൽ വിജയിക്കയുംചെയ്തു. ഈ ദുഷ്പ്രവൃത്തിക്കുശേഷം ബാമിനിവംശം അധികനാൾ നിലനിന്നില്ലെന്നുള്ളതു് ആശ്വാസകരമാണ്. 1518-ൽ ഈ വംശം നാമാവശേഷമാകയും അതതുദേശത്തെ സുബേദാരന്മാർ സ്വതന്ത്രരാകയും ചെയ്തു.

ഇക്കൂട്ടത്തിൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു ഗോൽക്കൊണ്ടരാജ്യമാണ്. ഈ രാജവംശം സ്ഥാപിച്ചതു് മഹ്മൂദ് ഗാവാൻ ഗവർണ്ണരായി നിയമിച്ച ഒരു തുർക്കിആണ്. അദ്ദേഹം സുൽത്താൻ കുലി കുത്തുബ്ഷാ എന്ന നാമം ധരിച്ച് 1518-ൽ ചാററൻഗളിൽ നിന്ന്, ഹൈദരാബാദ് നഗരത്തിന് ഏതാനും മൈൽ പടിഞ്ഞാറു സ്ഥിതിചെയ്യുന്ന ഗോൽക്കൊണ്ടായ്ക്കു തലസ്ഥാനം മാററി, പുതിയ രാജ്യം സ്ഥാപിച്ചു. കുലീകുത്തുബ്ഷാ തന്റെ തൊണ്ണൂറാമത്തെ വയസ്സിൽ (1543) പുത്രനായ ജംഷീദിന്റെ പ്രേരണയാൽ വധിക്കപ്പെട്ടു. 1550-ൽ ഇബ്രാഹിം ഭരണം കയ്യേറി. താലിക്കോട്ട യുദ്ധത്തിൽ പങ്കെടുത്ത ഇദ്ദേഹം 1580-വരെ ഭരണംനടത്തുകയും ഗോൽക്കൊണ്ടാ പുതുതായി പണിയിക്കയുമുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ പുത്രനായ മഹമ്മദ് കുലീകുത്തുബ്ഷാ 1589-ൽ അവിടം സുഖപ്രദമല്ലെന്നു തോന്നുകയാൽ, പിൽക്കാലം ഹൈദരാബാദ് എന്നു പ്രഖ്യാതമായതും, ഒരു വേശ്യയുടെ നാമത്തോടനുബന്ധിച്ച് നാമകരണം ചെയ്യപ്പെട്ടതുമായ ഭാഗ്നഗരിയിലേയ്ക്കു രാജധാനി മാററിസ്ഥാപിച്ചു. അനന്തരം അവിടെ അനേകം പള്ളികളും, വിദ്യാലയങ്ങളും പണികഴിപ്പിക്കയുണ്ടായി. ഹൈദരാബാദിൽ ഇദ്ദേഹം പണിയിച്ച രമ്യഹർമ്മ്യങ്ങളെക്കുറിച്ച് ഫ്രഞ്ചുസഞ്ചാരിയായ ടവെർണ്ണിയർ മുക്തകണ്ഠം പ്രസംസിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

രാജ്യഭരണത്തിൽ എന്നപോലെതന്നെ സാഹിത്യപരിശ്രമത്തിലും ഇദ്ദേഹം അതീവതൽപരനായിരുന്നു. ഭാരതത്തിൽ ആവിർഭവിച്ച്, പേർഷ്യൻ ലിപിയും സാഹിത്യവുമായി ബന്ധപ്പെടുകയാൽ പെട്ടെന്നു വളർന്ന്, ഹിന്ദുമുസ്ലിം ഐക്യത്തിനു് ആധാരമായി പ്രശോഭിക്കുന്ന ഉർദ്ദുഭാഷയിലെ ആദ്യത്തെ കവി മഹമ്മദ് കുലികുത്തുബ്ഷാ ആയിരുന്നുവെന്നുള്ളതു സുപ്രസിദ്ധമാണ്. 'കത്ബാ', 'മുആനി' എന്നീ ഉപനാമങ്ങളിലാണ് അദ്ദേഹം കവിതകൾ എഴുതിവന്നതു്. ഉർദ്ദുമുസൽമാന്മാരുടെമാത്രം ഭാഷയല്ലെന്നും, ഉർദ്ദുസാഹിത്യത്തിൽ പ്രസിദ്ധന്മാരായ പല ഹിന്ദുകവികളും ലേഖകന്മാരും ഉണ്ടെന്ന് ഉള്ളതു് ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ഔറംഗസേബിന്റെ കാലത്തു് ഗോൽക്കൊണ്ടരാജ്യം കീഴടക്കിയെങ്കിലും ഹൈദരാബാദ് ഇന്നും ഉർദ്ദുസാഹിത്യത്തിന്റെയും, മുസൽമാൻ സംസ്കാരത്തിന്റെയും കേന്ദ്രമായി നീസാമിന്റെ ഭരണത്തിൽ ശോഭിക്കുന്നുണ്ടെന്നുള്ളതു് ആശ്വാസകരമാണ്. മുഹമ്മദ് കുലീകുത്തുബ്ഷാ എഴുതിയ ഉർദ്ദുകാവ്യങ്ങൾ ഹൈദരാബാദിലെ രാജകീയപുസ്തകാലയത്തിൽ കാണുന്നുണ്ട്. ഇവയിൽ എല്ലാംകൂടി 1800 പുറങ്ങളും 50000 ശ്ലോകങ്ങളും ഉണ്ട്. പേർസിയിൽനിന്നു സ്വീകരിച്ച ആശയങ്ങളായ മദ്യപാനവും, ലഹരിയും ധാരാളമായി ഇതിലും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കേവലം പ്രേമത്തെമാത്രമല്ലാതെ മാനവവിചാരങ്ങളെയും പ്രാകൃതികവസ്തുക്കളെയും കൂടി വർണ്ണിച്ചിരിക്കുന്നുവെന്നുള്ളതു് ഒരു പ്രത്യേകതയാണ്. ഇദ്ദേഹത്തിന്റെ രാജധാനിയിൽ ഇറാൻദേശത്തുള്ള കവികൾപോലും ഹാജരുണ്ടായിരുന്നു. മന്ത്രിയായ മീർജുംല കടപ്പ—കർണ്ണൂൽ ദേശങ്ങൾ പിടിച്ചടക്കുകയും അവിടെ സമാധാനം പാലിക്കയും ചെയ്തു. കുത്തുബ്ഷാ 1611-ൽ മരിച്ചു.

അനന്തരം പുത്രനായ മുഹമ്മദ് കുത്തുബ്ഷായും, പൗത്രനായ അബ്ദുള്ള കുത്തുബ്ഷായും 1672 വരെ ഭരണം നടത്തി. ഇവരും സാഹിത്യതൽപരന്മാരും കവികളും ആയിരുന്നു. ഈ വംശത്തിലെ അവസാനസുൽത്താനായ അബുൾഹസനെ തോല്പിച്ച 1687-ൽ ഔറംഗസേബ് ഈ രാജ്യം മുഗൾസാമ്രാജ്യത്തോടുചേർത്തു. അതിനുശേഷം ഈ പ്രദേശം മുഗൾ ഗവർണ്ണറന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടുപോന്നു. എന്നാൽ ഔറംഗസേബിന്റെ മരണശേഷം 1713-ൽ ഖലീഫാ അബൂബക്കറിന്റെയും ഒരു സൂഫിയായ മുഹമ്മദ് ബഹാഉദ്ദീൻ ബഗ്ദാദിയുടെയും വംശജനായ മീർകമറുദ്ദീൻ മുഗൾവൈസ്രായിയായി നീസാം ഉൽമുല്ക്ക് എന്ന നാമധേയത്തിൽ ഡക്കാണിൽ നിയമിക്കപ്പെട്ടു. ഈ വംശക്കാർ മദ്ധ്യഏഷ്യവിട്ട് ഇൻഡ്യയിൽ വന്ന് പാട്യാലരാജ്യത്തു വസിച്ചുപോന്നു. കമറുദ്ദീന്റെ പിതാമഹനായ ആബിദ്ഖാൻ, ചക്രവർത്തിയുടെ കീഴിൽ അജ്മീർ ഗവർണ്ണരായിരുന്നപ്പോൾ ഗോൽക്കൊണ്ടാ യുദ്ധത്തിൽ പങ്കെടുക്കുകയും തൽഫലമായി വധിക്കപ്പെടുകയുമുണ്ടായി. മീർകമറുദ്ദീൻ പിൽക്കാലം സ്വതന്ത്രനായി. അദ്ദേഹത്തിന്റെയും വംശജരാണ് നീസാം എന്നനാമധേയത്തോടുകൂടി ഇന്നും ഹൈദരാബാദുഭരിച്ചുപോരുന്നതു്. 1798-ൽ സംരക്ഷണവ്യവസ്ഥക്ക് അഞ്ചാമത്തെ നീസാമായ മീർ നീസാം അലിഖാൻ ഒപ്പുവയ്ക്കുന്നതുവരെ ഈ വംശത്തിന്റെ അധീശാധികാരം നിലനിന്നുപോന്നു.

ഹൈദരാബാദിൽ തെലുങ്ക്, മറാട്ടി, ഉർദ്ദു ഈ മൂന്നുഭാഷകൾ സംസാരിക്കപ്പെട്ടുവരുന്നുണ്ട്. രാജഭാഷയായ ഉർദ്ദു ഇപ്പോഴും ഒരു ചെറിയന്യൂനപക്ഷത്തിന്റെ ഭാഷയാണ്. എന്നാലും പലഭാഷകൾ നടപ്പുള്ള ആ രാജ്യത്തു ഒരു പൊതുഭാഷ സ്വീകരിച്ചിരിക്കുന്നതു് അഭിനന്ദനാർഹമാണ്. നാഗരലിപിയിൽക്കൂടി ആ ഭാഷ എഴുതാൻ ഏർപ്പാടു ചെയ്യുന്നതു് ഉചിതമായിരിക്കും. ഇൻഡ്യൻ സർവ്വകലാശാലകളുടെ കൂട്ടത്തിൽ ഒരു ഇൻഡ്യൻ ഭാഷ (ഉർദ്ദു) പാഠ്യമാധ്യമമായി ആദ്യം സ്വീകരിച്ചതു് ഉസ്മാനിയായൂനിവേഴ്സിററിയാണെന്നുള്ളതും സ്മരണീയമാണ്.

—:o:—


## ജാതകപാരിജാതം

(സവ്യാഖ്യാനം)

വ്യാഖ്യാതാ,

ചേപ്പാട്ടു് അച്യുതവാര്യർ

വില രൂ. 1. /ണ. 8.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം


## സിവിൽ നടപടിനിയമം

ആലപ്പുഴ പ്രി: മുൻസിഫ് കോട്ടിൽ 1121-മാണ്ടു് ആദ്യനമ്പർ സി 1013.

വാദി—പുളിംകുന്നുപകുതി കോട്ടഭാഗം മുറി മങ്കൊമ്പിൽ അനന്തവിലാസംമഠത്തിൽ അനന്തശിവയ്യർ വെങ്കിടാചലമയ്യർ.

പ്രതികൾ - 1 തകഴിപകുതി ടി-മുറികടിയന്ത്ര തുണ്ടത്തിൽനിന്നും അമ്പലപ്പുഴപകുതി കിഴക്കേമുറി പട്ടത്താനത്തുചിറയിൽ രുഗ്മിണീവിലാസം വീട്ടിൽ നീലകണ്ഠപ്പിള്ള കുഞ്ഞൻപിള്ള, (2 ആലപ്പുഴപകുതി ടി-മുറി ഭഗവതീവിലാസംബംഗ്ലാവിൽ എൻ. രാമകൃഷ്ണയ്യർ, (3) പുളിംകുന്നുപകുതി കോട്ടഭാഗംമുറി മങ്കൊമ്പിൽ ചെറിയമഠത്തിൽ രാമകൃഷ്ണയ്യർ വെങ്കിടാചലമയ്യർ, (4) കോട്ടയംതാലൂക്ക നാട്ടകം പള്ളംകരയിൽ ഓററത്തെക്കൽ കുരുവിള ജേക്കബുതരകൻ, 5) ടി പള്ളംകരയിൽ വടക്കേപറമ്പിൽ ചാണ്ടി ജോസഫ്.

മേൽപറഞ്ഞ പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി 1122-ാമാണ്ടു് കന്നിമാസം 30-ാം തീയതി ബുധനാഴ്ച പകൽ 11-മണിക്കു് ഈ കോട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കവണ്ണം വേണ്ടുന്ന അറിവുകൊടുക്കപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററുവല്ല ആളോടുകൂടി വരുന്നതോആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോട്ട്‌വക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണചെയ്തു തീർച്ചയാക്കുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം,

മഹമ്മൂദ്മുസ്തഫ (ഒപ്പ്).

1122 കന്നി 2.

## തീരുമാനം

(2-ാം പേജിൽനിന്നു തുടർച്ച)

കൂടുതൽ ചിന്തിക്കുന്തോറും എൻെറ വെറുപ്പുനീങ്ങി. എനിക്കവളോടു ബഹുമാനംതോന്നി. എൻെറ മനസ്സിലെ ഇരുട്ടു നീങ്ങി, വെളിച്ചംവന്നു. അവൾ യഥാർത്ഥത്തിൽ ഒരു വലിയ ഉപകാരമാണു് എന്നോടു ചെയ്തതു്. എൻെറ ഭാവിജീവിതം അന്തമററ നിരാശയിലേക്കു തള്ളിവിടാതെ, അതിനെ രക്ഷിച്ചു.

അവൾ തൻെറ പ്രേമരഹസ്യം വെളിപ്പെടുത്താതെ ഞങ്ങളുടെ വിവാഹത്തിനു സമ്മതം മൂളിയിരുന്നെങ്കിൽ, നിരവധി ക്ലേശങ്ങളിലേക്കും നിശിതനിരാശയിലേക്കും രണ്ടാത്മാക്കൾ വീണുപോകുമായിരുന്നില്ലേ? ആ പ്രേമരഹസ്യത്തിൽ നിന്നും അവളുടെ മനസ്സു് ഒരിക്കലും വിമുക്തമാകുകയില്ല. ആ വിചാരം എന്നും അവളെ അലട്ടും; മനസ്സിനെ ഞെക്കിഞെരിക്കും, നിശബ്ദമായി അവൾ കരയും, കണ്ണീരൊഴുക്കും. അവളുടെ നിരുന്മേഷതയുടെ കാരണമറിയാതെ എൻെറ മനസ്സു നീറിനീറിമരിക്കും. രണ്ടു ഓലത്തുമ്പുകൾ പോലെ ഞങ്ങളുടെ ജീവിതം അനാഥിതമായി, അലസമായി, എവിടേയ്ക്കും ഒഴുകിക്കൊണ്ടിരിക്കും. മധുരമായ മാദകസ്വപ്നങ്ങളുടെ മലർവാടിയായിത്തീരേണ്ട ദാമ്പത്യജീവിതം ചുട്ടുപഴുത്ത മണലാരണ്യമായി മാറുമായിരുന്നില്ലേ? കണ്ണീരിൻെറ ഒരു കണമായി ഞാൻ രൂപാന്തരപ്പെട്ടുമായിരുന്നില്ലേ? ഹാ! അവൾ ചെയ്ത ഉപകാരം മഹത്താണു്. അവളെ ഞാൻ അകമഴിഞ്ഞു അഭിനന്ദിച്ചു.

അന്മാതിരി പരിതഃസ്ഥിതികളിൽ മററുള്ള യുവതികൾക്കു അവളൊരു മാതൃകാവനിതയായി എൻെറ ഭാവനയിൽ സ്ഥലംപിടിച്ചു.

പക്ഷെ, ഒരു പരമാർത്ഥം പകൽ പോലെ എൻെറ മുമ്പിൽ തെളിഞ്ഞുനിന്നു. വിവാഹപ്രായമായ എല്ലാ യുവതികൾക്കും ഓരോരോ കാമുകന്മാർ കാണുകയും. ആരിലെങ്കിലും കണ്ണിടാതെ അടങ്ങിയിരിക്കുവാൻ അവരുടെ ചപലമനസ്സിനു കഴിയുകയില്ല. അവർക്കു ആരെയെങ്കിലും സ്നേഹിക്കണം. സ്നേഹിക്കാതിരിക്കാൻ അവർക്കു പ്രയാസമാണു്. അത്ര ദുർബലമാണു് അവരുടെ മനസ്സു്. അതു് യുവത്വത്തിൻെറ പ്രലോഭനമാണു്, പ്രചോദനമാണു്, പ്രത്യേകതയാണു്. അതിനു ആരും അവരെ കുററപ്പെടുത്തേണ്ട ആവശ്യമില്ല.

കുസുമത്തിൽ നിന്നും ലഭിച്ചകത്തിൻെറ പ്രത്യാഘാതമായി ഞാനൊരു തീരുമാനം ചെയ്തു.

"എന്നെങ്കിലും ഒരു യുവതി നിസ്സ്വാർത്ഥമായി, നിഷ്കളങ്കമായി എന്നെ പ്രേമിക്കുണ്ടെന്നു നേരിട്ടുപറയുമ്പോളല്ലാതെ ഞാൻ വിവാഹത്തിൻെറ കാര്യം ആലോചിക്കുകപോലുമില്ല. അങ്ങിനെയൊരു പ്രേമാർപ്പണം ഉണ്ടാകുന്നില്ലെങ്കിൽ എന്നെന്നും ഒരവിവാഹിതനായിരിക്കുന്നതാണു് എനിക്കു ഏററവുമിഷ്ടം........."

മഹത്തായ ആ തീരുമാനത്തിൽ സ്വയം സംതൃപ്തിയും സന്തോഷവും കൈക്കൊണ്ടു് ഞാൻ കസാലയിൽ നിന്നും എഴുന്നേററു. തുറന്നുകിടന്നജനാലയിൽകൂടി ആകാശത്തിലേക്കുനോക്കി,

ചന്ദ്രൻ എന്നെനോക്കിച്ചിരിച്ചു. ഒരു പക്ഷെ ആ കർമ്മസാക്ഷി എൻെറ തീരുമാനമറിഞ്ഞു പരിഹസിക്കുകയായിരിക്കാം.

മുററത്തുനിന്നും ഓടി എത്തിയ ഒരു കൊച്ചുകാററു് എൻെറ തീരുമാനസന്ദേശം ഓരോരോ 'കുസുമ'ങ്ങൾക്കും നൽകുവാനായി, സഹതാപസൂചകമായ ഒരു നേരിയ രോദനം മുഴക്കിക്കൊണ്ടു പാഞ്ഞുപോയി.

അവകാശം കഥികനു്.

—:o:—

സഹസ്രയോഗം

'കൈരളീപ്രിയ' എന്ന വ്യാഖ്യാനത്തോടുകൂടിയതു്.

വില രൂപാ 2.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

## ഭിന്നകോടികൾ *

നാലാങ്കൽ കൃഷ്ണപിള്ള

(താരാട്ട്)

I

അവളെന്നെക്കാണുന്നനേരം—മൊരു
പുളകമായ്ത്തീരുംക്ഷണത്തിൽ;
അവളെയൊരുനോക്കുനോക്കിൽ—ഞാനോ
ചുട്ടചാമ്പൽക്കട്ടയായ്ത്തീരും,

II

മമമുഖചന്ദ്രനിൽനിന്നു—മൊരു
മധുരനിലാവിൻകിരണം,
കതിരിട്ടുമ്പോളവളുടെ—ചിത്തം
കമലംപോലൊന്നുതുടിക്കും.
അവളുടെപൂവണിച്ചുണ്ടിൽ—സ്മിതം
കവിതപോലൊന്നുപൊടിച്ചാൽ,
എരിവെയ്ലിലെന്നപോലെൻെറ—ദേഹി
പൊരിയുകടിമുടിയയ്യോ!

III

വെറുമൊരുചുംബനമെന്നിൽ—നിന്നു
മുതിരുകിൽവിണ്ണേറുമോമൽ,
അവളെന്നെയൊന്നുമ്മവെച്ചാൽ—താഴും
നരകത്തിലോളമെൻജീവൻ.

IV

പതിരില്ലാത്തുള്ളൊരുലേഹ്യ—മിവൻ
കുതുകംനട്ടിച്ചൊന്നുചൊൽകിൽ,
അവളൊരുമോഹനതാരം—പോലെ
അവികലകാന്തിപൊഴിക്കും
അവളൊരുനേരമൊഴിതൂകി—ലപ്പോൾ
കനകക്കിനാക്കൾമദീയം,
പൊടിയുന്നമൺപാത്രംപോലെ,—ഹാ,ഹാ,
ഞെടിയിടകൊണ്ടുസമസ്തം,

V

ഇതുവിധംവൈരുദ്ധ്യംചേരാൻ—ഞങ്ങൾ
ഹതവിധേ,തെററെന്തുചെയ്തു?
അവളെന്നെത്തീരെവെറുത്തു—ലെത്ര
ചരിതാർത്ഥനായ്ഭവിച്ചേനേ!
അവളൊടൊരല്പംപ്രണയ മുള്ളിൽ
തലപൊക്കിയാലുംഞാൻധന്യൻ
ഇതുരണ്ടുമില്ലാതെനാളുകൾ—ഞങ്ങൾ
എതുവിധംമുന്നോട്ടുതള്ളും?

* അടുത്തു പ്രസിദ്ധീകരിക്കുന്ന വസന്തകാന്തി എന്ന കവനസമാഹാരത്തിൽനിന്നും.

## തിരുവോണം

പി. ജി. കോശി, ഇടത്തിട്ട.

I

കേരളമാതിൻപുത്രരെയെല്ലാം പുളകംകൊള്ളിക്കും
തിരുവോണംതാനിന്നും നമ്മുടെ മുന്നിൽശോഭിപ്പൂ!
മാമരമുകളിൽ പക്ഷികളെല്ലാംമത്യുത്സാഹത്താൽ
പാടിക്കൊണ്ടാമാവേലിക്കായ് സ്വാഗതമോതുമ്പോൾ,
തിരുവോണത്തിന്നാഗമമോതാനെന്നോ പൊന്നോളും—
രോണപ്പൂക്കളെല്ലാമങ്ങിനെ സുസ്മിതരാകുമ്പോൾ
ഐന്ദ്രിക്കന്യക ചമ്മാനത്താലംബരധാരിണിയാ—
യാഗതയായതിരുവോണത്തെ,യെതിരേററീടുമ്പോൾ,
പാതാളത്തിന്നീലോകത്തേയ്ക്കാഗതനായെത്തും—
ബലിയെത്തന്നുടെ ക്ഷീണംതീർക്കാൻമാരുതിവീശുമ്പോൾ,
ശ്രീപതിയാടിഹകോപിച്ചിട്ടിങ്ങാടിപ്പോന്നുള്ളം—
ശ്രീയെക്കണ്ടാമാബലിയങ്ങിനെപുഞ്ചിരിതൂകുമ്പോൾ,

II

ആനന്ദാബ്ധിയാലോടിക്കൊണ്ടാളുകൾ മേവുമ്പോൾ
ജാതിസ്പർദ്ധകളൊന്നുംകൂടാതോടിച്ചാട്ടുമ്പോൾ,
'പന്തടി'കാണാനാളുകളങ്ങിനെചുററിക്കൂട്ടുമ്പോൾ,
കുട്ടികളെല്ലാംകൂട്ടംകൂടിപ്പാടിക്കളിക്കുമ്പോൾ,
അംഗനമാരുടെപാട്ടുകളെല്ലാമെങ്ങും കേൾക്കുമ്പോൾ,
പെൺമണിമാരങ്ങാകാശത്തിൽ ദോലയിലാടുമ്പോൾ,

III

അംബരമദ്ധ്യേപനിമതിയങ്ങിനെ പുഞ്ചിരിതൂകുമ്പോൾ,
ആങ്ങിങ്ങായിതാരകളെല്ലാം കണ്ണീർതൂകുമ്പോൾ,
രാക്കുയിലെല്ലാം സന്തോഷത്താൽ ഗാനംപാടുമ്പോൾ,
മഞ്ജുളമാരുതനാപ്പൂഴമങ്ങിനെമെല്ലെ വീശുമ്പോൾ,
കാമിനിചിലർ ഉദ്യാനത്തിൽ തനിയെയലയുമ്പോൾ,
കാമുകവൃന്ദം പാടിക്കൊണ്ടങ്ങാഗതരാകുമ്പോൾ,
ഇതരമെങ്ങുംശുദ്ധിപരന്നൊരു ചിത്തംകാണുമ്പോൾ,
'മലയാളത്തിൽ വാമനനേകിയ തിരുവോണം കാണാം'.

## *ചുട്ടെരിക്കണംപോലും

എം. എൻ. ഗംഗാധരൻനായർ

'രണ്ടല്ല,നീയുംഞാനുമൊന്നിദമുൽഘോഷിച്ചു
പണ്ടത്തെസർവ്വജ്ഞന്മാ,രിന്നത്തെപ്പഴഞ്ചന്മാർ?
ബുദ്ധിയും വികാരവുമൊത്തുചേർന്നപൂർവ്വമാം
സിദ്ധിയാലുത്തേജനശുദ്ധരാണവരെല്ലാം.
'ചുട്ടെരിയ്ക്കുവി'നവർചൊന്നതു നിശ്ശേഷമെ—
ന്നട്ടഹാസംകൊള്ളുന്ന വിപ്ളവവേഷോൽസുകർ
ഇത്രമേലശുദ്ധമോമാനവോൽക്കർഷത്തിൻെറ
വിത്തുകൾവിളയുന്ന'ഗീത'യുംവേദാന്തവും?
കൂറില്ലകൂടപ്പിറപ്പിനോടുമിവർ,ക്കെന്നാൽ
കൂകിടാമല്ലോസർവ്വസൗഹൃദകളസ്വനം!
ഉൽകൃഷ്ടവിദ്യാഭ്യാസമീവിധംചിന്തിപ്പിച്ചാ—
രൽപജ്ഞരാപഥാനചാരികളാകന്നേകരാം?
എത്രയോലോകങ്ങളെവിപ്ളവംകൊള്ളിയ്ക്കുവാൻ
ശക്തമാംസത്യത്തിനെചുട്ടെരിക്കണംപോലും!

* ശ്രീ ചങ്ങമ്പുഴകൃഷ്ണപിള്ള എം. എ. യുടെ 'ചുട്ടെരിയ്ക്കുവിൻ' എന്ന കവിത വായിച്ചിട്ടു്.

## ഉഴവൻ

ഒ. നാണു ഉപാദ്ധ്യായൻ

ജ്ഞാനവിജ്ഞാനങ്ങളില്ല;ലോകത്തിൻെറ
ജ്ഞായസൂത്രത്തിലേതുംപിടിയില്ല;
ഞാനൊരുനാടനുഴവനാണു;ണ്ടഭി—
മാനമെനിക്കുപ്പവിത്രപദവിയിൽ.
ഉണ്ണിയാംവെള്ളികിഴക്കുപാറക്കോട്ടം—
കുന്നിൻമുടിയെക്കതിരണിയിക്കവേ
എന്നെക്കുലുക്കിയുണർത്തുന്ന കർത്തവ്യ—
കർമ്മാവബോധം കളിത്തോഴനെന്നപോൽ
ചെമ്മൊൻനട്ടുവിലുടിപ്പതും ഗോപതി
ചെഞ്ചോരയിൽക്കുളിച്ചസ്തമിക്കുന്നതും
നിശ്ചിന്തനായ്ക്കണ്ടു ചോരണിപ്പാടത്തു
നിശ്ചലംനിന്നുപണിയെടുക്കുന്നഞാൻ
'വരമ്പെഴും ത്യാഗം! അതുമുമ്പിൽ;അല്പമാ—
മെൻപ്രശ്നം, ആയതുപിമ്പിൽ' ഇയ്യിംഗിതം
തണ്ടിൽ വിലങ്ങെന്നുകാംവച്ചു തോളത്തു
താങ്ങും കലപ്പയാൽ കാട്ടിത്താനാദരാൽ
കിങ്ങിണിയാട്ടുന്ന കൂററരൊത്തന്തിയാ—
മമ്മയ്ക്കുകമ്പടിയായുടൻ കൈയ്യെത്തുണ്ടു
ചാരിതാർത്ഥ്യം പോലെ പോന്നണയും സ്നേഹ—
പൂരംവഴിയുമെൻ കൊച്ചുവസതിയിൽ.
ഉന്മുഖരാക്കുമാററില്ലാരെയുമെൻെറ
മൺപുര, പക്ഷേ, യതിൻെറ പാഴ്ത്തിണ്ണയിൽ
ചായുംപൊഴുതുപതഞ്ഞു പായും ജീവ—
പീയൂഷമെൻെറവാരണ്ടസിരകളിൽ
ആ നന്മണൽവിരിപ്പാടക്കരയിലും
കാണംകച്ചാററൽതളിച്ചതളത്തിലും
ചെണ്ടാൻറയഞ്ജവാടം ചമയ്ക്കുന്ന മൽ—
പ്രാണാധിഭർത്ത്രിയാം മൂവുരുനിത്യവും.
ഞാൻനട്ടകൊഞ്ചുതപ്രേമസപത്രചിണി
തണമ്പിൽവച്ചു വിളമ്പിനിന്നീടവേ,
ആനന്ദമാഹന്ത! വീട്ടുമുട്ടിക്കുന്നു.
ഞാനല്ലി സാക്ഷാൽ സുമനസ്സധാശനൻ!
ഉത്തുംഗചിന്തയിൽ മുങ്ങിമയങ്ങിയ
മസ്തിഷ്കമേതും മതിക്കയില്ലെങ്കിലും
പ്രത്യഗ്രമാം പല പ്രശ്നശരത്തിനും
പ്രത്യസ്ത്രമാണെൻ നിരാഭാടജീവിതം!

## ൩൦ തുള്ളൽകഥകൾ

സാഹിത്യപഞ്ചാനനൻ,

ശ്രീമാൻ പി. കെ. നാരായണപിള്ള അവർകളാൽ

എഴുതപ്പെട്ട 'കുഞ്ചൻനമ്പ്യാർ'എന്ന സുപ്രസിദ്ധമായ

നിരൂപണത്തോടുകൂടിയതു്.

വില രൂപാ ൪.

മാനേജർ,

ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം.

## നാട്ടുരാജ്യങ്ങൾ

(ഒന്നാംപേജിൽനിന്നു തുടർച്ച)

283-നാട്ടുരാജ്യങ്ങളിൽ 9-നാട്ടുരാജ്യങ്ങൾ അധികവരുമാനമുള്ളവകളാണ്. ഇവകളെ "മുതലാളി നാട്ടുരാജ്യങ്ങൾ" എന്നു വിളിച്ചുവരുന്നു. ഇവ ഭവനഗർ, കച്ച്, തരംഗധര, കോൺടാൽ, ഇഡാർ, ജൂനഗാഡ്, മോർവി, നവനഗർ, പോർബന്തർ എന്നിവകളാകുന്നു. മററ് 274-രാജ്യങ്ങളിൽ ആകെയുള്ള വർഷവരുമാനം 135 ലക്ഷം ഉറുപ്പികയാണ്. ഈ സംഖ്യകൊണ്ട് 274-നാട്ടുരാജ്യങ്ങളും തങ്ങളുടെ രാജ്യങ്ങൾക്കാവശ്യമായ ചിലവുകൾ നിർവ്വഹിക്കുകയും, 274-രാജകുടുംബങ്ങളെ പരിപാലിക്കുകയും വേണം.

കത്തിയവാർപകുതിയിൽപെട്ട 283-നാട്ടുരാജ്യങ്ങളുടെ ആകെ വിസ്തീർണ്ണം 32000-ചതുരശ്രനാഴികയും, ജനസംഖ്യ 40-ലക്ഷവുമാകുന്നു.

ആകെയുള്ള 601-നാട്ടുരാജ്യങ്ങളിൽ 178-രാജ്യങ്ങൾ ഓരോന്നും 10 ചതുരശ്രനാഴികമുതൽ 100-ചതുരശ്രനാഴികവരെ വിസ്തീർണ്ണമുള്ളവകളും 202-രാജ്യങ്ങൾ ഓരോന്നും സുമാർ 10-ചതുരശ്രനാഴിക വിസ്തീർണ്ണത്തിലുൾപ്പെട്ടവകളും 139-രാജ്യങ്ങൾ 5 ചതുരശ്രനാഴികമാത്രം വിസ്തീർണ്ണമുള്ളവകളും 70-രാജ്യങ്ങൾ 1-ചതുരശ്രനാഴികയിലധികം വിസ്തീർണ്ണമില്ലാത്തവകളുമാണെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

34-നാട്ടുരാജ്യങ്ങളിൽ നിയമസഭകളും, 40-നാട്ടുരാജ്യങ്ങളിൽ ഹൈക്കോർട്ടുകളും ഉണ്ട്. ഒരു നിശ്ചിത സംഖ്യമാത്രം സ്വന്തചിലവുകൾക്കായിരാജാവിനു എടുക്കുവാനുള്ള അധികാരത്തോടുകൂടിയ 60 നാട്ടുരാജ്യങ്ങളും ശമ്പളം പററിക്കൊണ്ടിരിക്കുന്ന 46 നാട്ടുരാജ്യങ്ങളും, പെൻഷനൊ, പ്രോവിഡൻറ്ഫണ്ടോ സ്വീകരിച്ചിട്ടുള്ള 54 നാട്ടുരാജ്യങ്ങളും ഉണ്ട്.

നാട്ടുരാജ്യങ്ങളുടെ ആവിർഭാവം:- ഈ നാട്ടുരാജ്യങ്ങളെല്ലാം ഏതുവിധത്തിലാണ് ആവിർഭവിച്ചതെന്നു നോക്കാം. ഇവകളിൽ പലതും പല നൂററാണ്ടുകളായി അന്യരുടെ സഹായമോ, പരിപാലനമൊ, ഇല്ലാതെ സ്വാതന്ത്ര്യമായി ഭരണം നടത്തിവന്നിരുന്നു. തിരുവിതാംകൂർ, ഹൈദരാബാദ്, കാശ്മീർ, രാജപുത്താനയിലുള്ള ചില രാജ്യങ്ങൾ, എന്നിവകൾ ആരാലും ജയിക്കപ്പെടാത്തവകളും, അന്യാധീനപ്പെടാത്തവകളും ആകുന്നു. ബ്രിട്ടീഷ്ഗവമ്മെൻറും, പ്രസ്തുത രാജ്യങ്ങളും തമ്മിലുള്ള ഉടമ്പടിയെ സ്വാതന്ത്ര്യവും, സമഅന്തസ്സുമുള്ള രണ്ടു രാജ്യങ്ങൾ പരസ്പരനന്മയെ ലക്ഷ്യമാക്കിമാത്രം ചെയ്തതായിട്ടു കണക്കാക്കുകയുള്ളു. ഇതിൽ ഒരു രാജ്യം മറെറാരു രാജ്യത്തെക്കാൾ പ്രാബല്യമുള്ളതായിരിക്കാം. പക്ഷെ അതു ഉടമ്പടിയെ ഒരു വിധത്തിലും ബാധിക്കുവാൻ തരമില്ലല്ലൊ

മുഗിളസാമ്രാജ്യം അധഃപതനത്തിലേക്കു ആണ്ടുതുടങ്ങിയപ്പോൾ ഹൈദ്രാബാദ്, അയോദ്ധ്യാ നവാബ് മുതലായ മുഗളചക്രവത്തിയുടെ കീഴിലുണ്ടായിരുന്ന രാജാക്കന്മാർ തങ്ങളുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടു. പൂർവ്വേന്ത്യാകമ്പനിക്കാർ അവർ സ്വതന്ത്രരാജാക്കന്മാരാണെന്നുള്ള വിശ്വാസത്തോടുകൂടി ഉടമ്പടി ചെയ്യുകയോ യുദ്ധം ചെയ്യുകയോ സമാധാനം ചെയ്യുകയോ മുതലായ കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു.



ബ്രിട്ടീഷുകാക്ക് ആസ്‌ട്രേലിയായിൽനിന്ന് ഭക്ഷ്യസംഭാവനകളുംകൊണ്ട് ശ്ലീമത്തിലെത്തിയ എച്ച്. എം. എസ്. ഡ്യൂക്ക്അഫ് യാക്ക്എന്ന യുദ്ധക്കപ്പൽ കപ്പലിലെ ജോലിക്കാർ ഭക്ഷ്യങ്ങൾ ഇറക്കുന്നതാണ് ചിത്രം.

1799-ൽ ടിപ്പുസുൽത്താൻ മരിച്ചപ്പോൾ മൈസൂർ നാട്ടുരാജ്യം അതിനുമുമ്പ് ഭരിച്ചുവന്നിരുന്ന ഹിന്ദു രാജവംശത്തിനു ബ്രിട്ടീഷുകാർ ഏൽപിച്ചു കൊടുത്തു. ടിപ്പുവിനെ യുദ്ധത്തിൽ തോല്പിച്ചു വിജയം നേടിയ ബ്രിട്ടീഷുകാർ സ്വമനസ്സാലെ തങ്ങൾക്കു ഇഷ്ടപ്പെട്ടതായ ഒരു രാജാവിനു ഭരണാധികാരത്തോടുകൂടി മൈസൂർ വിട്ടുകൊടുക്കുകയാണുണ്ടായതു്.

മഹാരാഷ്ട്രത്തിലെ മിക്കപ്രദേശങ്ങളും പേഷ്വാകളുടെ അധികാരത്തിൻകീഴിലായിരുന്നു. പൂർവ്വേന്ത്യാകമ്പനിക്കാർ തങ്ങളുടെ അധികാരം ഈപ്രദേശങ്ങളിലും സ്ഥാപിക്കുവാൻ പുറപ്പെട്ടു. അവസാനത്തെ പേഷ്വായായ റാവു പണ്ഡിതബർദാനുമായി പല ഉടമ്പടികളും ചെയ്തു. കോൽഹാംപൂർ രാജാവു് ശിവാജിയുടെ വർഗ്ഗത്തിൽ പെട്ടവനായിരുന്നു. ഗൈക്കവാർ രാജാക്കന്മാർ പേഷ്വായുടെ കീഴിൽ ചില പ്രദേശങ്ങളിൽ നികുതി പിരിക്കുവാനും മററും കാര്യസ്ഥന്മാരായിരുന്നവരായിരുന്നു. പൂർവ്വേന്ത്യാകമ്പനിക്കാർ അവരെ ആ പ്രദേശങ്ങളിലെ സ്വതന്ത്രരാജാക്കന്മാരായി കരുതുകയും അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്തു.

സ്വിന്ധിലെ രാജാവിനെ ഒരു സ്വയാധികാരമുള്ള രാജാവായി പ്രഖ്യാപിച്ചുകൊണ്ട് 1782-ൽ കമ്പനിക്കാർ അനുഗ്രഹവുമായി ഉടമ്പടി ചെയ്തു. അതിനുശേഷം ഒരു രാജ്യത്തിൻെറ പ്രതിനിധി മറെറാരു രാജ്യത്തിൽ ഉണ്ടായിരിക്കേണമെന്ന് അവർ 1803-ൽ വീണ്ടും ഒരു കരാറിൽ ഏർപ്പെട്ടു.

ഹോൾക്കാർ സമീപസ്ഥമായ ചെറുരാജ്യങ്ങൾ ആക്രമിച്ചു തൻെറ ഭരണത്തിൻകീഴിലാക്കിയിരുന്നു. തന്മൂലം ഉദയപ്പൂർ, ജയപ്പൂർ, ജോട്പൂർ, കോട്ടാ, പൂണ്ടി, കരൌശി മുതലായ രാജ്യങ്ങളിൽനിന്ന് കപ്പം വാങ്ങുവാനുള്ള അധികാരം ആദ്യത്തിൽ കമ്പനിക്കാർ ഹോൾക്കാറിനു നൽകി.

താർനാട്ടുരാജ്യം 1857-ൽ ബ്രിട്ടീഷുകാക്കെതിരായി കലഹത്തിലേർപ്പെടുകയും, ബ്രിട്ടീഷുകാർ ആ രാജ്യം സ്വാധീനപ്പെടുത്തുകയും, പിന്നീടു രാജാ അനന്താറാംപൂവാർ എന്ന രാജാവിനു ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

രജപുത്താനയിലുള്ള ചില പ്രദേശങ്ങളിൽ സിന്ധ്യയും, ഹോൾക്കാറും തങ്ങളുടെ ആധിപത്യം ചെലുത്തിക്കൊണ്ടിരുന്നു. അവരുടെ ആധിപത്യം മേലിൽ തുടർന്നുപോകാതിരിക്കുന്നതിനും, അവക്കു കപ്പം കൊടുത്തുവന്നിരുന്ന ചെറുരാജ്യങ്ങളെ രക്ഷിക്കുന്നതിനും പൂർവ്വേന്ത്യാകമ്പനിക്കാർ മുന്നോട്ടുവന്നു പ്രസ്തുത ചെറുരാജ്യങ്ങൾ കൊല്ലംതോറും കമ്പനിക്കു് ഒരു ചെറിയസംഖ്യ കൊടുക്കുകയും, കമ്പനിയുടെ ആജ്ഞയിൻകീഴിൽ വർത്തിക്കുകയും ചെയ്യുന്നതായാൽ പുറമേനിന്നും തമ്മിൽതമ്മിലും ഉണ്ടാകുന്ന അക്രമങ്ങളെ കമ്പനി തടുത്തുകൊള്ളാമെന്നുള്ള നിശ്ചയത്തിന്മേൽ ഓരോ ചെറുരാജ്യവുമായി പ്രത്യേകം ഉടമ്പടിയിൽ ഏർപ്പെട്ടു. ഈ ഉടമ്പടിയിൽ ജാഡ്പൂർ ജയപൂർ, ഉദയപ്പൂർ, ബിക്കാനീർ, ആൾവാർ, പൂണ്ടി, കരൌലി, പ്രതാപ്കാർ മുതലായ രാജ്യങ്ങൾ ഉൾപ്പെട്ടിരുന്നു.

ഇതേവിധത്തിൽ എല്ലാ നാട്ടുരാജ്യങ്ങളും ഓരോ പ്രത്യേക കാരണത്താൽ ബ്രിട്ടീഷുഗവൺമെൻറുമായി ബന്ധപ്പെടുവാൻ സംഗതിയാകുകയും ആ ബന്ധം ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നാട്ടുരാജ്യങ്ങളെ എങ്ങിനെ തരംതിരിക്കാം:- ഈ നാട്ടുരാജ്യങ്ങളെ മൂന്നുവിധത്തിൽ വിഭജിക്കാവുന്നതാണ്. 1. രാജ്യക്ഷേമത്തിനുതകുന്നതായ നിയമനിർമ്മാണം ചെയ്യുവാനും, ഭരണം നടത്തുവാനും അധികാരവും, അവകാശവുമുള്ള സ്വയാധികാരമുള്ള നാട്ടുരാജ്യങ്ങൾ. പ്രസ്തുത രാജ്യങ്ങളുടെ ഭരണകാര്യത്തിൽ അധീശശക്തിക്കു യാതൊരുവിധത്തിലും കൈചെലുത്തുവാനുള്ള അധികാരമില്ല.

2. രാജ്യങ്ങളുടെ ഭരണനിർവ്വാഹകത്തിൽ ഇന്നിന്ന വിഷയങ്ങളിൽ ഇന്നിന്ന കാരണങ്ങൾകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യശക്തിക്കു കൈചെലുത്താമെന്നു നാട്ടുരാജ്യങ്ങളും, അധീശശക്തിയും തമ്മിൽ ഉടമ്പടിചെയ്തിട്ടുള്ളതും അധീശശക്തിയുടെ മേൽനോട്ടത്തിൻകീഴിൽ ഉള്ളതുമായ നാട്ടുരാജ്യങ്ങൾ.

3. ഒരു രാജാവിൻെറ ഭരണാധികാരത്തിൻകീഴിൽ ഇരുന്നിരുന്നതും, പിന്നീടു ആ അധികാരങ്ങൾ ഇല്ലായ്മചെയ്തു ബ്രിട്ടീഷ് സാമ്രാജ്യാധികാരത്തിൻകീഴിൽ ഉൾപ്പെടുത്തിയതും ആയ നാട്ടുരാജ്യങ്ങൾ.

ഇപ്രകാരം ഓരോ വിഭാഗങ്ങൾക്കും നൽകപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യാധികാരത്തിൽ നിന്നുകൊണ്ടു മാത്രം ഇന്ത്യയിലുള്ള 601 നാട്ടുരാജ്യങ്ങളും അവകളുടെ ഭരണം ശരിക്കു നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ബ്രിട്ടീഷ്ഇന്ത്യയും നാട്ടുരാജ്യങ്ങളും:—1857-ൽ ഉണ്ടായ ശിപ്പായിലഹളക്കുശേഷം ഇന്ത്യയുടെ ഭരണാധികാരം പൂർവ്വേന്ത്യാകമ്പനിക്കാരിൽനിന്ന് ബ്രിട്ടീഷ് രാജാവിൻെറ നേരിട്ടുള്ള ഭരണത്തിൻകീഴിൽആക്കിത്തീത്തു. അന്നുമുതൽ ഇന്ത്യയെ ബ്രിട്ടീഷ്ഇന്ത്യ എന്നും, നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് ഇന്ത്യയിൻകീഴിലുള്ള നാട്ടുരാജ്യങ്ങൾ എന്നും വിളിച്ചുവരുന്നു. ഭരണപരമായും, സാമ്പത്തികമായും ബ്രിട്ടീഷ് ഇന്ത്യയും നാട്ടുരാജ്യങ്ങളും ഒരേനാട്ടുപോലെ അന്യോന്യം മൈത്രിയോടുകൂടി വർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ പൊതുനന്മയ്ക്കായിട്ടുള്ള ഏതു സംരംഭത്തിലും നാട്ടുരാജ്യങ്ങളുടെ സഹായം ധാരാളത്തിലധികമുണ്ടായിട്ടുണ്ട്. തീവണ്ടിപാതകൾക്കായി ഒട്ടുമിക്കരാജ്യങ്ങളും അതിന്നാവശ്യമായ സ്ഥലങ്ങൾ ഇന്ത്യാഗവമ്മെൻറിനു വില കൂടാതെ കൊടുത്തിട്ടുണ്ട്. 1858-ൽ വെറും 100 നാഴികയോളം മാത്രമേ തീവണ്ടിപ്പാതകൾ ഉണ്ടായിരുന്നുള്ളു. 1932-ൽ 40000 നാഴികയായി. അതു വദ്ധിക്കുവാനുള്ള കാരണം നാട്ടുരാജ്യങ്ങളുടെ ഏകോപിച്ചുള്ള സഹായം ഒന്നുമാത്രമാണ്. ഇപ്പോൾ പ്രസ്തുത തീവണ്ടിപ്പാതകൾക്കായി കൊടുത്തിട്ടുള്ള സ്ഥലങ്ങളിലെ സിവിൽ, ക്രിമിനൽ, അധികാരങ്ങളും നാട്ടുരാജ്യങ്ങൾ ഇന്ത്യാഗവമ്മെൻറിനു വിട്ടുകൊടുത്തിരിക്കുന്നു വ്യാപാരാഭിവൃദ്ധിക്കു ഇതു കൂടുതൽ സൌകര്യവും, ഉപകാരവും ആയിത്തീന്നിട്ടുണ്ട്. റോഡുകൾ വെട്ടുന്നതിനും

(ശേഷം 10-ാം പേജിൽ)

Printed and Published by N. Chandrasekharan Nair at the Sri Rama Vilas Press, Quilon.